# കർബലയുടെ കണ്ണീർഭാഷ്യം

**സഖലൈൻ ഫൗണ്ടേഷൻ**
കൊച്ചി–30

malayalam title

Karbalayude Kanneerbhashyam

original title

Tears for Karbala

author

Liyakath Dewji

translation & publishing

Thaqalayn Foundation
16j, zain, c.c. road, padamugal
kakkanad, kochi-30, kerala
email: thaqalynfoundation@gmail.com

typesetting & Layout

appletalk prindesign, kozhikode

first edition

December 2014

All rights reserved

മർഹൂമ: സാക്കിറ മർയം ബായ് വക്കീലിന് വേണ്ടി
ഒരു ഫാത്തിഹ: ഓതുക

# പ്രവേശിക

ഇമാംഹുസൈന്റെയും മറ്റു എഴുപത്തിരണ്ടു പേരുടെയും രക്ത സാക്ഷിത്വത്തിൽ കലാശിച്ച കർബലാ ദുരന്തത്തിന്റെ ദുർവിത്തുകൾ പാകുന്നത് ഉമവീ വംശാധിപത്യത്തിന്റെ പ്രഥമ സാരഥി മുആവിയ്യ ത്തുബ്നു അബീസുഫ്യാന്റെ ഇരുപത് വർഷത്തെ ഭരണമാണ്. മുഹ മ്മദ് നബിയിലൂടെ ലോകത്തിനു കിട്ടിയ ഇസ്ലാമിന്റെ ലളിതവും ജന കീയവുമായ സുന്ദര രൂപത്തിന് മുതലാളിത്തത്തിന്റെയും സ്വേച്ഛാനു സൃതമായ അക്രമ മർദ്ദനങ്ങളുടെയും മുഖം നൽകിക്കൊണ്ടുള്ള മുആ വിയ്യയുടെ വാഴ്ചയാണ് അതിനെ പിന്നീട് രാജാധിപത്യത്തിലേയ്ക്കും അപമാനകരമായ അഴിമതി ഭരണത്തിലേയ്ക്കും അധഃപതിപ്പിക്കുന്ന തിന് പുത്രൻ യസീദിന് വഴി വെച്ചു കൊടുത്തത്.

ഹസ്രത്ത് അലിയുടെ ഖിലാഫത്ത് കാലത്ത് അഴിമതിയുടെയും ഇസ്ലാമിനിണങ്ങാത്ത പ്രവർത്തനങ്ങളുടെയും പേരിൽ സ്ഥാനം നഷ്ടപ്പെട്ട ഗവർണർമാരുടെ കൂട്ടത്തിൽ മുആവിയ്യയ്ക്കും സ്ഥാനം നഷ്ടപ്പെടുകയുണ്ടായെങ്കിലും അലിക്കെതിരിൽ വക്രമായ മാർഗ്ഗങ്ങ ളിലൂടെ നീങ്ങി കലഹവും യുദ്ധവും സൃഷ്ടിച്ചു കൊണ്ടിരുന്നു മുആ വിയ്യ. ഒടുവിൽ അലിയുടെ രക്തസാക്ഷിത്വം സൃഷ്ടിച്ച അസ്വസ്ഥ മായ സാഹചര്യം മുതലെടുത്ത് വഞ്ചനയിലൂടെയും അഴിമതിയിലൂ ടെയും കൈക്കൂലിയിലൂടെയും മുസ്ലിം ലോകത്തിന്റെ ആകെ മൊത്തം ഖലീഫ എന്ന പദവിയിലേയ്ക്ക് പിടിച്ചു കയറുകയാണു ണ്ടായത്.

മുആവിയ്യ ഇസ്ലാമിക സമൂഹത്തിന്റെ ഭരണം മുഴുവനായി കൈവശപ്പെടുത്തിയതോടെ ഇസ്ലാമും നബിഗൃഹസ്ഥരും കടുത്ത പരീക്ഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നു. ഇസ്ലാമിൽ നബിഗൃ ഹസ്ഥർക്കുള്ള പ്രസക്തി ചോദ്യം ചെയ്യപ്പെട്ടു. നബിഗൃഹസ്ഥരെയും അവരെ അനുകൂലിക്കുന്നവരെയും പാവങ്ങളുടെ സാമൂഹിക പ്രസ ക്തിക്കും അന്തസ്സിനും വേണ്ടി പ്രയത്നിക്കുന്നവരെയും ക്രൂരമായി അടിച്ചമർത്തുകയും കൊലപ്പെടുത്തുകയും ചെയ്യുക പതിവായി.

നാൽപതിനായിരത്തോളം നബിശിഷ്യർ, അഥവാ സ്വഹാബികൾ മുആവിയ്യാ ഭരണത്തിൽ നേർക്കുനേരെയോ യുദ്ധത്തിൽ പങ്കെടുത്ത തിലൂടെയോ ആയി വധിക്കപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടു ള്ളത്. അലി പക്ഷക്കാരെ, അഥവാ നബിഗൃഹസ്ഥരെ സ്നേഹിക്കു ന്നവരെ മുആവിയ്യയ്ക്ക് കണ്ടു കൂടായിരുന്നു. തികച്ചും ഭീകരമായ ഒരു സാമൂഹികാന്തരീക്ഷമാണ് മുആവിയ്യ തന്റെ ഭരണത്തിൽ സൃഷ്ടിച്ചിരുന്നത്. അങ്ങനെ തനിക്കു മുമ്പും ശേഷവും ചരിത്രത്തിൽ വന്നുപോയ ഏകാധിപതികളുടെ പട്ടികയിൽ സ്ഥാനമുറപ്പിച്ചു കൊണ്ട് ഹിജ്രാബ്ദം അറുപതിൽ അന്തരിക്കുമ്പോൾ തന്റെ എല്ലാ ദൗഷ്ട്യ ങ്ങളുടെയും അനന്തരാവകാശിയായിരിക്കാൻ യോഗ്യനും ഒപ്പം തനി അധർമ്മിയുമായ പുത്രൻ യസീദിനെ എല്ലാ എതിർപ്പുകളെയും ഭീഷ ണിയിലൂടെ ഒതുക്കിനിർത്തിക്കൊണ്ട് പിൻഗാമിയാക്കി നിശ്ചയിക്കു കയായിരുന്നു മുആവിയ്യ.

തന്റെ സ്ഥാനാരോഹണത്തിനു തടസ്സം നിന്നവരിൽ പ്രമുഖനാ യിരുന്ന ഇമാംഹുസൈനെ ഉന്മൂലനം ചെയ്യുകയെന്നതു തന്നെയായി രുന്നു ഭരണമേറ്റ യസീദിന്റെ ഒന്നാമത്തെ പദ്ധതി. യസീദ് മദീനാ ഗവർണർ വലീദിന് ഹുസൈനെക്കൊണ്ട് തനിക്ക് അനുസരണ പ്രതിജ്ഞ ചെയ്യിക്കാനാവശ്യപ്പെട്ട് കത്തയച്ചു. പക്ഷെ, ഹുസൈന്റെ പ്രതികരണം ‘മദ്യപാനിയും തനി തെമ്മാടിയും കൊലയാളിയും പര സ്യമായി ഇസ്‌ലാമിനെ ധിക്കരിക്കുന്നവനുമായ യസീദിനെപ്പോലൊ രാൾക്ക് തന്നെപ്പോലൊരാൾ ബൈഅത്ത് ചെയ്യുക അസാധ്യമാണ്’ എന്നായിരുന്നു. ഹുസൈനെ സംബന്ധിച്ചിടത്തോളം തനിക്ക് ഖലീഫ സ്ഥാനം കിട്ടുകയെന്നതായിരുന്നില്ല പ്രശ്നം. മറിച്ച് യസീദ് ഇസ്‌ലാ മിക സമൂഹത്തിന്റെ ഖലീഫയാകുന്നതോടു കൂടി ഇസ്‌ലാം അവ ഹേളിക്കപ്പെടുകയെന്ന ഗൗരവാവഹമായ ആപത്തിന്റെ ഭീഷണി ഉയരുന്നുവെന്നതായിരുന്നു.

യഥാർത്ഥ ഇസ്‌ലാമിനെ അതിന്റെ സമ്പൂർണ സത്തയിൽ സംരക്ഷിക്കുകയെന്ന ചുമതല തന്റെ ചുമലിലാണ് ഉള്ളതെന്ന് ഗ്രഹിച്ച് ഇമാം ഹുസൈൻ പ്രത്യാഘാത ഭയലേശമന്യേ അതിനായി രംഗത്തിറങ്ങുന്നതാണ് പിന്നീട് നാം കാണുന്നത്. തന്റെ ജന്മനാടും തനിക്ക് ബന്ധുക്കളും അനുയായികളും സുഹൃത്തുക്കളും ഏറെയുള്ള പ്രദേശവുമായ മദീനയിൽ ഉമവീ ഭരണകൂടത്തിന്റെ ഏജന്റുമാരുമായി ഒരേറ്റുമുട്ടലിനു ശ്രമിച്ച് താൻ അധികാരക്കൊതി പൂണ്ട് കലാപം സൃഷ്ടിക്കയാണെന്ന് പ്രചരിപ്പിക്കാൻ അവസരം നൽകേണ്ടതില്ലെന്ന് ചിന്തിച്ചുകൊണ്ട് അവിടം വിട്ട് വിശുദ്ധമക്കയിലേയ്ക്ക് പോകയാണ് ഹുസൈൻ ആദ്യം ചെയ്തത്. സഹോദരിമാരായ സൈനബ്, കുൽഥൂം, സഹോദരൻ അബ്ബാസ് എന്നിവരേയും മറ്റു ചില ബന്ധുക്കളെയും സുഹൃത്തുക്കളെയും കൂട്ടി ഹിജ്റ 60-ാം മാണ്ട് റജബ് 28 നായി

രുന്നു ഹുസൈന്റെ പുറപ്പാട്.

ശഅബാൻ 4 ന് മക്കയിലെത്തിയ ഹുസൈനും സംഘവും ആ വർഷത്തെ ഹജ്ജ് കാലം കഴിയുന്നതു വരെ അവിടെ തങ്ങാനാണ് തീരുമാനിച്ചത്. പിന്നെയെങ്ങോട്ട് എന്നത് തൽക്കാലം തീരുമാനിച്ചിരുന്നില്ല. എങ്ങോട്ടെന്നതിനേക്കാൾ എന്തിന് എന്നതായിരുന്നു ഇമാം ഹുസൈനെ സംബന്ധിച്ചിടത്തോളം വിഷയം. അതദ്ദേഹം തുറന്ന് പ്രഖ്യാപിക്കയുമുണ്ടായി. 'ഞാൻ ആഹ്ലാദമോ സുഖാഡംബരങ്ങളോ ലക്ഷ്യമാക്കിക്കൊണ്ടോ നാശമോ അക്രമമോ സൃഷ്ടിക്കാൻ വേണ്ടിയോ അല്ല പുറപ്പെട്ടിരിക്കുന്നത്. എന്റെ പിതാമഹന്റെ സമുദായത്തെ സമുദ്ധരിക്കുകയെന്ന ലക്ഷ്യമേ എനിക്കുള്ളൂ. നന്മയിലേക്ക് പ്രചോദിപ്പിക്കുക, തിന്മയിൽ നിന്ന് പിന്തിരിപ്പിക്കുക, എന്റെ പിതാമഹന്റെയും പിതാവിന്റെയും വഴി പിന്തുടരുക ഇത്രമാത്രം' എന്ന് സഹോദരൻ മുഹമ്മദ് ഇബ്നുൽഹനഫിയ്യക്കയച്ച കത്തിൽ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

മക്കാവാസത്തിനിടയിൽ ഇമാംഹുസൈന് നേരത്തെ ഹസ്രത്ത് അലിയുടെ ആസ്ഥാനമായിരുന്ന കൂഫയിൽ നിന്ന് തന്നെ അങ്ങോട്ട് ക്ഷണിച്ചുകൊണ്ട് ധാരാളം കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. അതനുസരിച്ച് കൂഫയിലെ സ്ഥിതിഗതികളും അവിടത്തുകാരുടെ യഥാർത്ഥ മനോഗതവും അറിഞ്ഞു വിവരം നൽകാൻ വേണ്ടി തന്റെ പിതൃവ്യൻ അഖീലിന്റെ പുത്രൻ മുസ്‌ലിമിനെ ഇമാം അങ്ങോട്ടയച്ചു. പക്ഷെ, ശൂരനായ ഒരു യോദ്ധാവ് കൂടിയായ മുസ്‌ലിമിനെ കൂഫയിൽ കണ്ടാൽ അദ്ദേഹം യസീദിനെതിരിൽ പടപുറപ്പാടായി എത്തിയതാകുമെന്ന് തെറ്റിദ്ധരിക്കപ്പെടാനിടയുള്ളതിനാൽ കുരുന്നുകളായ മുഹമ്മദിനെയും ഇബ്രാഹിമിനേയും ഒപ്പം കൂട്ടിയിട്ടു വേണം പോകാനെന്ന് ഇമാം പ്രത്യേകം ഉപദേശിച്ചിരുന്നു. കുരുന്നുകളെ കൂട്ടി ആരും യുദ്ധത്തിനും കലാപത്തിനും ഇറങ്ങുകയില്ലല്ലോ. അങ്ങനെ റമളാൻ പകുതിക്ക് കുട്ടികളെയും കൂട്ടി കൂഫയിലേയ്ക്ക് പുറപ്പെട്ട മുസ്‌ലിം ക്ലേശം നിറഞ്ഞ മരുഭൂമിയാത്രയ്ക്കു ശേഷം ശവ്വാൽ അഞ്ചിനാണ് അവിടെയെത്തിയത്. മുഖ്താർ ഇബ്നു അബീ ഉബൈദ അസ്സഖഫിയുടെ വീട്ടിലാണ് അവിടെ അദ്ദേഹം ചെന്നിറങ്ങിയത്. കൂഫയിലെ തന്റെ പ്രവർത്തന കേന്ദ്രമാക്കിയത് ആ വീടായിരുന്നു.

കൂഫയിൽ മുസ്‌ലിമിനെ ആയിരക്കണക്കിന് ജനങ്ങളാണ് സഹർഷം സ്വാഗതം ചെയ്തത്. ഇമാം ഹുസൈനോടും നബിഗൃഹസ്ഥരോടുമുള്ള ആത്മാർത്ഥമായ സ്നേഹവും അനുസരണയും പ്രകടമാക്കുന്ന ആ അനുഭവം മുസ്‌ലിമിനെ ആവേശഭരിതനാക്കി. ഉമവീ ഭരണത്തിൽ ക്ലേശിച്ചു കഴിയുന്ന തങ്ങൾക്ക് ഖുർആനും തിരുചര്യകളും അവയുടെ യഥാർത്ഥമായ വ്യാഖ്യാന സ്രോതസ്സിൽ നിന്നു തന്നെ ഗ്രഹിക്കാൻ കഴിയുമെന്നതിലുള്ള സന്തോഷം അവർ പ്രകട

മാക്കി. ഈ‌യനുഭവം ഹുസൈനെ അറിയിച്ചുകൊണ്ടും അദ്ദേഹത്തെ കൂഫയിലേക്ക് ക്ഷണിച്ചുകൊണ്ടും മുസ്‌ലിം അദ്ദേഹത്തിനെഴുതി. പക്ഷെ, യസീദിന്റെ ചാരന്മാർ മുസ്‌ലിം കൂഫയിലെത്തിയതും അദ്ദേഹത്തിന് കിട്ടിയ വമ്പിച്ച സ്വീകരണവും ഹുസൈനെ കൂഫയിലേയ്ക്ക് വരുത്താനുള്ള അവരുടെ ഉദ്യമവുമെല്ലാം യസീദിനെ ഉണർത്തി. കാര്യങ്ങൾ പിടിവിട്ടു പോകയാണെന്നു കണ്ട യസീദ് അവിടത്തെ ഗവർണറായിരുന്ന നുഅ്മാനുബ്നു ബഷീറിനെ മാറ്റി തൽസ്ഥാനത്ത് കൊടും ക്രൂരനായ ഇബ്നുസിയാദിനെ നിയമിച്ചു. കൂഫയിലെത്തിയ മുസ്‌ലിമിനെ തടവിലാക്കി കൊലപ്പെടുത്താനായിരുന്നു ഇബ്നുസിയാദിന് യസീദിന്റെ കല്പന.

ദുൽഹജ്ജ് 9ന് ഇബ്നുസിയാദിന്റെ സൈന്യം മുസ്‌ലിമിനെ ബന്ധനസ്ഥനാക്കി വിലങ്ങുവെച്ച് വലിച്ചിഴച്ച് കോടതിയിലെത്തിച്ചു. തുടർന്ന് ഇബ്നുസിയാദ് കല്പിച്ചതനുസരിച്ച് അദ്ദേഹത്തെ കൊട്ടാരത്തിന്റെ മട്ടുപ്പാവിലേയ്ക്ക് വലിച്ചു കൊണ്ടുപോയി അവിടെ വെച്ച് കഴുത്തറുത്ത് ഉടൽ തറയിലേയ്ക്കെറിയുകയും ശിരസ്സ് നഗര കവാടത്തിങ്കൽ പ്രദർശനാർത്ഥം കെട്ടിത്തൂക്കുകയുമാണുണ്ടായത്.

കൂഫയിൽ ഇതെല്ലാം നടക്കുമ്പോൾ അപ്പുറത്ത് മക്കയിൽ ഹജ്ജ് കർമ്മങ്ങൾക്കൊരുങ്ങിയ ഇമാം ഹുസൈനെ ഹജ്ജിനിടയിൽ കൊലപ്പെടുത്താൻ ഏർപ്പാട് ചെയ്തിരിക്കുകയായിരുന്നു യസീദും കിങ്കരന്മാരും. പ്രസ്തുത വിവരം സുഹൃത്തുക്കളിൽ നിന്ന് ലഭിച്ചതിനെ തുടർന്ന് കഅബാലയത്തിന്റെ പരിസരം യുദ്ധക്കളമാവാതിരിക്കാനും അവിടെ രക്തമൊഴുകാതിരിക്കാനും വേണ്ടി ഹജ്ജു കർമം പൂർത്തിയാക്കാതെ ദുൽഹജ്ജ് 8ന് സ്ഥലം വിടുകയും കൂഫയെ ലക്ഷ്യമാക്കി നീങ്ങുകയും ചെയ്തു അദ്ദേഹം. കൂഫയിലെ പുതിയ സംഭവവികാസങ്ങളോ മുസ്‌ലിം വധിക്കപ്പെട്ടതോ അറിയാതെയാണ് അവർ ചുട്ടുപഴുത്ത മണലാരണ്യം തരണം ചെയ്തു കൊണ്ടിരുന്നത്. എന്നാൽ മുസ്‌ലിം വധിക്കപ്പെട്ട വിവരം വഴിക്ക് സുബാല എന്ന സ്ഥലത്തു വെച്ചു ഇമാമിനു കിട്ടി. എങ്കിലും ഇമാമും സംഘവും കൂഫയിലേയ്ക്കുള്ള യാത്ര തുടർന്നു. എന്നാൽ കൂഫയ്ക്ക് ഏതാനും മൈലുകൾക്കിപ്പുറത്തുവെച്ച് യസീദിന്റെ ഒരു സൈനികോദ്യോഗസ്ഥനായ ഹുർറിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിനു വരുന്ന കുതിരപ്പടയാളികൾ ഇമാമിനെയും സംഘത്തെയും കണ്ടുമുട്ടി.

യൂഫ്രട്ടീസ് നദിയുടെ തീരത്തുള്ള കർബലയിലേയ്ക്ക് നീളുന്ന പാതയിലൂടെ കടന്നു പോകാൻ ഇമാമിനെയും സംഘത്തെയും നിർബന്ധിക്കുകയായിരുന്നു ഹുർറും യസീദിന്റെ പട്ടാളസംഘവും. അവരെ എതിർത്ത് ഒരു യുദ്ധമുണ്ടാക്കാതിരിക്കാൻ അവർക്കു വഴങ്ങുകയായിരുന്നു ഹുസൈൻ. ഹിജ്റ 61-ാം വർഷം മുഹർറം 2ന് അവർ കർബലയിലെത്തി. ഇമാം ആ സ്ഥലത്തിന്റെ പേരന്വേഷിച്ചപ്പോൾ 'ത്വഫ്'

എന്നായിരുന്നു ആദ്യം കിട്ടിയ ഉത്തരം. അപ്പോൾ മറ്റുവല്ല പേരും ഈ സ്ഥലത്തിനുണ്ടോ എന്നദ്ദേഹം ആരാഞ്ഞു. കർബല എന്നാണ് ആ സ്ഥലത്തിന്റെ യഥാർത്ഥ നാമമെന്നറിഞ്ഞപ്പോൾ അദ്ദേഹം അനുയായികളോടിപ്രകാരം പറഞ്ഞു: "അതെ, വേദനയുടെയും വിപത്തിന്റെയും സ്ഥലം. ഇവിടെ ഇറങ്ങിക്കൊള്ളുക. നമ്മുടെ ലക്ഷ്യസ്ഥാനം ഇതു തന്നെ. ഇവിടെയാണ് നമ്മുടെ രക്തം ചിന്തുക. ഇവിടെയാണ് നമ്മുടെ ഖബർസ്ഥാൻ. എന്റെ ഉപ്പാപ്പ എന്നോടിത് പറഞ്ഞിട്ടുണ്ട്."

ഇമാംഹുസൈനും സംഘവും കർബലയിൽ ചെന്നു തമ്പടിക്കുന്നതിനു മുമ്പു തന്നെ യസീദിന്റെ ആയിരങ്ങൾ വരുന്ന പട അവിടെ എത്തി തമ്പടിച്ചു കഴിഞ്ഞിരുന്നു. അവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് മുഹർറം ഏഴായപ്പോഴത്തേയ്ക്കും ഇരുപതിനായിരത്തോളമായി. എന്തിനെന്നോ? ഇമാം ഹുസൈനെയും എഴുപത്തിരണ്ടംഗങ്ങൾ മാത്രം വരുന്ന സംഘത്തെയും നേരിടാൻ. ഹുസൈനും സംഘത്തിനും കുടിവെള്ളം തടയാനുള്ള ഏർപ്പാടാണ് ആദ്യം തന്നെ യസീദിന്റെ പട ചെയ്തത്. മരുഭൂമിയിലെ ചൂടിന്റെയും ചൂടുകാറ്റിന്റെയും നടുവിൽ ഒരിറ്റു വെള്ളം കിട്ടാതെയും ഭക്ഷണം കഴിക്കാതെയുമാണ് കൊച്ചുകുട്ടികളും സ്ത്രീകളുമുൾപ്പെടെയുള്ള ഹുസൈന്റെ സംഘം തള്ളി നീക്കിയത്.

അങ്ങനെ ഹിജ്രാബ്ദം 61 മുഹററം 10ന് നബിഗൃഹസ്ഥരെ വംശനാശം വരുത്തുന്നതിനും ഉമവീദുർഭരണം അതിന്റെ എല്ലാ ദുർവൃത്തികളും സഹിതം നിലനിർത്തുന്നതിനും വേണ്ടിയുള്ള ചരിത്രപ്രസിദ്ധമായ കർബലാ യുദ്ധം നടന്നു. ഇമാം ഹുസൈനുൾപ്പെടെ നബിഗൃഹസ്ഥരിൽ പെട്ട ഇമാം സൈനുൽ ആബിദീനൊഴിച്ച് എല്ലാവരും രക്തസാക്ഷികളായി. അനന്തരം യസീദിന്റെ പട്ടാളക്കാർ ഇമാം ഹുസൈനും സംഘവും കെട്ടിയൊരുക്കിയിരുന്ന തമ്പുകൾ അതിനുള്ളിലെ സാധന സാമഗ്രികൾ കൊള്ളയടിച്ചതിനു ശേഷം തീയിട്ടു നശിപ്പിച്ചു. സ്ത്രീകളെ ബന്ധനസ്ഥരാക്കുകയും അവരുടെ വസ്ത്രങ്ങൾ വലിച്ചൂരുകയും ചെയ്തു. കുഞ്ഞുങ്ങളെ ശക്തിയായി പ്രഹരിച്ചു. കുഞ്ഞുസക്കീനയുടെ കാതിലെ കമ്മൽ പറിച്ചെടുത്ത് ചോരയൊലിപ്പിച്ചു. അവസാനം ഹുസൈന്റെ ശിരസ്സ് മുറിച്ചെടുത്ത് കുന്തത്തിൽ കുത്തിപ്പിടിച്ച് പ്രകടനമായി യസീദിന്റെ കൊട്ടാരത്തിൽ കൊണ്ടുപോയി അയാൾക്ക് കാഴ്ച വെച്ചു. ഇതായിരുന്നു കർബലയിലെ രുധിരോത്സവം.

അലിപക്ഷക്കാരായ നബികുടുംബസ്നേഹികൾ എല്ലാവർഷവും മുഹർറം മാസത്തിലെ ആദ്യത്തെ പന്ത്രണ്ടു ദിനരാത്രങ്ങൾ പ്രസ്തുത സംഭവത്തെ അനുസ്മരിച്ചുകൊണ്ട് മജ്‌ലിസ് നടത്തുകയും കർബലാ രക്തസാക്ഷികളെ ഓർത്ത് വികാരം കൊണ്ട് മാറത്തടിച്ച് നിലവിളിക്കുകയും ചെയ്യുന്നു. ഓരോ ദിവസവും ഓരോ രക്തസാ

ക്ഷിയുടെ ചരിത്രമാണ് നാം പാടിപ്പറയുക. രക്തസാക്ഷികളുടെ ഓർമയ്ക്കും നബിഗൃഹസ്ഥരോടുള്ള സ്നേഹത്തിനും വളരുവാനുള്ള നിലമാവുകയാണ് അതുവഴി നമ്മുടെ മനസ്സുകൾ. അത് അവരുടെ വഴിയിൽ, അഥവാ മുഹമ്മദ് നബിയുടെ ശുദ്ധ ഇസ്‌ലാമിൽ നമ്മെ ഉറപ്പിച്ചു നിർത്താൻ പ്രചോദകമാകുന്ന അവസരങ്ങളാവുകയാണ്. ഉമവി വംശവാഴ്ചക്കാർ വികലമാക്കിയ ഇസ്‌ലാമിനെ അതിന്റെ ശുദ്ധവും അവികലവുമായ രൂപത്തിൽ നമ്മിലേയ്ക്കെത്തിക്കിട്ടിയത് കർബലാ രക്തസാക്ഷികളുടെ മഹാത്യാഗത്തിന്റെ ഫലമായിക്കൊണ്ടായതിനാൽ അവരോടുള്ള കൃതജ്ഞത അവർക്കു വേണ്ടി കണ്ണീർപ്പൂക്കൾ ചൊരിഞ്ഞു കൊണ്ട് നാം വർഷാവർഷം പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ്.

## മജ്‌ലിസ് 1

# വിലാപ സദസ്സുകൾ

ഫാത്തിഹയ്ക്കു ശേഷം...

ഇത് മുഹർറം ഒന്നാം രാവ്. ഇസ്‌ലാമിക കലണ്ടർ പ്രകാരം ഒരു പുതുവത്സരത്തിന്റെ ആരംഭം. നാമാകട്ടെ, സന്തോഷമുഹൂർത്തങ്ങൾ സൃഷ്ടിച്ചു കൊണ്ടോ പാർട്ടികൾ സംഘടിപ്പിച്ചു കൊണ്ടോ അതൊരാഘോഷമാക്കാതിരിക്കുകയാണ്. കർബലാരക്തസാക്ഷികളെ ഓർമ്മിച്ചു കൊണ്ടിരിക്കുകയാൽ ശോകസാന്ദ്രമാണ് നമ്മുടെ മനസ്സുകൾ. ഇനിയുള്ള പന്ത്രണ്ട് രാപ്പകലുകൾ ഇമാം ഹുസൈന്റെയും അദ്ദേഹത്തിന്റെ കൂട്ടുകുടുംബാദികളുടെയും അന്ത്യമനുസ്മരിച്ചു കൊണ്ടുള്ള വിലാപ സദസ്സുകളിലായിരിക്കും നാം വ്യാപൃതരാകുന്നത്. ഹുസൈനും സഹചാരികളും കർബലയെ അതിജീവിച്ച അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും അനുഭവിച്ച കഷ്ടപ്പാടുകൾ ഓരോന്നായി നമുക്കെണ്ണിയെണ്ണിപ്പറയണം. ഇത്തരത്തിലൊരു സദസ്സ് ആദ്യമായി സംഘടിപ്പിച്ചത് ഇമാമിന്റെ സഹോദരി സൈനബായിരുന്നു. യസീദിന്റെ ബന്ധനത്തിൽ നിന്നവർ മോചിതയായ ഉടനെയായിരുന്നു അത്. പിന്നീട് എല്ലാ ഇമാമുകളും അവരവരുടെ അനുയായികളോടൊന്നിച്ചിരുന്നു കൊണ്ട് അത് മുടങ്ങാതെ തുടർന്നു പോന്നു.

ഇസ്‌ലാമിന്റെ രക്ഷയ്ക്കു വേണ്ടി (അഥവാ നമ്മുടെ രക്ഷയ്ക്കു വേണ്ടി) സ്വയം ബലിയർപ്പിച്ച ഹുസൈനോടും കൂട്ടുകുടുംബങ്ങളോടും നന്ദി വേണ്ടേ നമുക്ക്? നാം സ്നേഹിക്കുന്ന നമ്മുടെ ഇമാം കർബലയിൽ ഇരയാക്കപ്പെട്ട ക്ലേശദുരിതങ്ങൾ പറഞ്ഞും കേട്ടും സങ്കടപ്പെട്ടു കൊണ്ടെങ്കിലും ആ മഹാത്യാഗത്തിൽ പങ്കു ചേരേണ്ടേ നമുക്ക്? നമ്മുടെ ഇത്തരം സദസ്സുകളിൽ പങ്കെടുക്കാനെത്തുന്ന ഹുസൈന്റെ മാതാവ് ഫാത്തിമാബീവിയെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യേണ്ടേ നമുക്ക്?

അതെ, സുഹൃത്തുക്കളെ, ഫാത്തിമാബീവി ഇതാ ഇവിടെ വന്നിരിക്കുന്നു. നമ്മുടെ കണ്ണുകൾക്ക് ഗോചരമാകുന്നുണ്ടാവില്ല അവരുടെ

സാന്നിദ്ധ്യം. എന്നാൽ അവരിതാ ഇവിടെ. നമുക്കും നമ്മുടെ കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കാൻ; ഇമാം ഹുസൈനും കുടുംബത്തിനും വേണ്ടി നാമൊഴുക്കുന്ന കണ്ണീർത്തുള്ളികൾ അന്ത്യവിധിനാളിൽ അഗ്നിയിൽ നിന്നുള്ള രക്ഷയും കുളിരുമായി നമുക്കു തിരിച്ചു തരാൻ വേണ്ടി ശേഖരിച്ചു കൊണ്ടുപോകാൻ.

നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങൾ ഒന്നു പരിശോധിച്ചു നോക്കൂ. അന്ത്യവിധി ദിനത്തിൽ ഫാത്തിമാബീവിയെ കണ്ടുമുട്ടാൻ മാത്രം സൽകർമ്മങ്ങൾ ചെയ്തിട്ടുണ്ടോ നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ? കൃത്യമായി നിസ്കരിക്കാത്തവർ ഫാത്തിമാ ബീവിയെ കണ്ടുമുട്ടുമെന്നൊരിക്കലും വിചാരിക്കരുത്. നിങ്ങളുടെ മതത്തെ രക്ഷിക്കാൻ വേണ്ടി ത്യാഗമനുഷ്ഠിച്ച ഹുസൈനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കാനാണല്ലോ നിങ്ങളീ സദസ്സിൽ വന്നിരിക്കുന്നത്. ഹുസൈനെ സ്നേഹിക്കുന്നതു കൊണ്ടാണല്ലോ നിങ്ങൾ അദ്ദേഹത്തെ ഓർത്ത് കരഞ്ഞു ദുഃഖപ്പെടുന്നത്. ഒരാൾ താൻ സ്നേഹിക്കുന്നവരെ തൃപ്തിപ്പെടുത്താൻ ശ്രമിക്കും. കൃത്യമായി നിസ്കരിക്കാതെ ഒരിക്കലും നിങ്ങൾക്ക് ഹുസൈനെ തൃപ്തിപ്പെടുത്താനാവില്ലെന്നോർക്കണം.

ഹുസൈനി സദസ്സുകളും ഹുസൈനുവേണ്ടിയുള്ള വിലാപവും അന്ത്യവിധിനാൾ വരേയ്ക്കും നിലനിൽക്കുമെന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ അനശ്വര മതത്തിന്റെ രക്ഷയ്ക്കായി ആത്മാർപ്പണം ചെയ്ത ഹുസൈന്റെ സ്മരണയെ അനശ്വരമാക്കുകയെന്നത് അല്ലാഹുവിന്റെ നടപടിയാണ്. നാമതിന് ഹേതുവാകുന്നുവെന്നേയുള്ളൂ. ഇസ്ലാമിന്റെ ശത്രുക്കൾ ഇത്തരം സദസ്സുകളെ നശിപ്പിക്കാൻ എത്ര ശ്രമിച്ചാലും അത് നടക്കാൻ പോകുന്നില്ല എന്നതിന് കേരളത്തിലും ഇപ്പോൾ ഇത് നടക്കാൻ തുടങ്ങിയിരിക്കുന്നുവെന്നതൊരു ശക്തമായ തെളിവാണ്.

മുഹർറം ഒന്നിനാണ് ഹുസൈനും സംഘവും കർബലയുടെ പരിസരത്തെത്തി തമ്പടിക്കുന്നത്. തമ്പിനു പുറത്ത് സൈനബുമായി സംസാരിച്ചിരിക്കുന്നതിനിടയിലാണ് ഹുസൈൻ മുഹർറത്തിന്റെ ചന്ദ്രോദയം ദർശിച്ചത്. ഹുസൈൻ കണ്ണീരണിഞ്ഞു നിൽക്കുന്നത് കണ്ട് കാരണമന്വേഷിച്ച സൈനബിന് അദ്ദേഹത്തിൽ നിന്ന് കേൾക്കാൻ കഴിഞ്ഞതിതു മാത്രമായിരുന്നു. “പെങ്ങളേ, അല്ലാഹുവിനോടുള്ള കരാറ് പൂർത്തിയാക്കാൻ എനിക്കു കഴിയേണ്ടതിനായി നീ പ്രാർത്ഥിക്കണം. ഇസ്ലാമിനെ രക്ഷിക്കുകയെന്ന എന്റെ ദൗത്യം നിർവഹിക്കാൻ എനിക്ക് സാധിക്കുന്നതിനാണ് പ്രാർത്ഥിക്കേണ്ടത്. എന്റെ ജീവൻ ബലി നൽകിയും ഇസ്ലാമിനെ രക്ഷിക്കാൻ വൈമനസ്യ ലേശമെന്ന്യേ തയ്യാറായിട്ടാണ് ഞാൻ വന്നിരിക്കുന്നത്.” തന്റെ ജീവന്റെ രക്ഷയായിരുന്നില്ല ഹുസൈനെ വിഷമിപ്പിച്ചിരുന്ന പ്രശ്നം.

അതിനുവേണ്ടിയായിരുന്നില്ല അദ്ദേഹം തന്റെ സഹോദരിയോട് പ്രാർത്ഥിക്കാനാവശ്യപ്പെട്ടത്. ഇസ്‌ലാമിന്റെ രക്ഷയും അതുവഴി നമ്മുടെ രക്ഷയുമാണ് ഹുസൈൻ ലക്ഷ്യം വെച്ചത്. അതായിരുന്നു അദ്ദേഹത്തെ അലട്ടിയിരുന്നത്.

ഹുസൈന്റെ സംസാരം കേട്ട് കണ്ണീരൊലിപ്പിച്ച് നിൽക്കുകയായിരുന്ന പെങ്ങളെ ക്ഷമയും ധൈര്യവുമുപദേശിച്ചും തനിക്കു ശേഷം അവർക്കു നിർവഹിക്കാനുള്ള ദൗത്യത്തെക്കുറിച്ച് ബോധവതിയാക്കിയുംകൊണ്ട് തമ്പിലേയ്ക്കയച്ച ഹുസൈന്റെ സമീപത്തേയ്ക്ക് അലി അക്ബർ വന്നു. അന്നേരം അലി അക്ബറിനോട് ഹുസൈൻ താൻ തലേന്നാൾ കണ്ട ഒരു സ്വപ്നം ഇങ്ങനെ വെളിപ്പെടുത്തി: “മോനേ അലി അക്ബർ, ഉപ്പ ഒരു സ്വപ്നം കാണുകയുണ്ടായി. മരണം കാത്തിരിക്കുന്ന ഒരു സ്ഥലത്തേക്ക് ഒരു സംഘം ആളുകൾ നടന്നു നീങ്ങുന്നു. അവിടെയെത്തുന്നതോടെ അവർ ഓരോരുത്തരായി കൊല്ലപ്പെടുന്നു.”

അലി അക്ബറിന്റെ മറുപടി: “ഉപ്പാ, എനിക്കറിയാം. ആ സംഘം ഏതാണെന്ന്. അത് നമ്മൾ തന്നെ. എനിക്കറിയേണ്ടത് ഒന്നേയുള്ളൂ, നമ്മുടെ വഴി ശരി തന്നെയല്ലേ?” “അതെ മോനേ” എന്ന് കേൾക്കേണ്ട താമസം, അലിയുടെ പ്രതികരണം: “പിന്നെയെന്തിന് വിഷമിക്കുന്നു? വഴി ശരിയാണെങ്കിൽ സന്തോഷത്തോടെ മരിക്കാം. മരണത്തെ പുഞ്ചിരിച്ചു വരവേൽക്കാനുള്ള യാത്ര തുടരട്ടെ.” ഉടനെ ഹുസൈൻ: “മോനെ, അക്ബർ നീ എന്റെ അഭിമാനമാണ്!”

മാത്രം അൽഹുസൈൻ...

## മജ്‌ലിസ് 2

# കർബലയിൽ

ഫാത്തിഹയ്ക്കു ശേഷം...

ഇത് മുഹർറം രണ്ടാംരാവ്.

ഹുസൈനും സംഘവും കർബലയിലെത്തുന്നു. അവർക്കു മുമ്പേ യസീദിന്റെ ആയിരങ്ങൾ വരുന്ന പടയാളികൾ അവിടെ എത്തിയിട്ടുണ്ടായിരുന്നു.

കർബലയിൽ വസിച്ചിരുന്ന ഒരു ഗോത്രവർഗ്ഗക്കാർ ഹുസൈനെയും സംഘത്തെയും കണ്ടപ്പോൾ ചുറ്റും കൂടി. അദ്ദേഹം അവരിൽ നിന്ന് കുറച്ച് ഭൂമി വിലയ്ക്കു വാങ്ങിയിട്ട് അവിടെ നിന്നിരുന്ന പുരുഷന്മാരെ അഭിസംബോധന ചെയ്തിട്ട് പറഞ്ഞു: “ഞങ്ങൾ യുദ്ധത്തിനു വന്നതല്ലെങ്കിലും യസീദിന്റെ പട്ടാളം ഞങ്ങളോട് യുദ്ധം ചെയ്ത് ഞങ്ങളെ ഒന്നടങ്കം കൊലപ്പെടുത്തുമെന്നത് തീർച്ചയാണ്. കൊന്നതിനു ശേഷം ഞങ്ങളുടെ ജഡങ്ങൾ മറവു ചെയ്യാതെ മൃഗങ്ങൾക്കു തിന്നാൻ മരുഭൂമിയിൽ ഇട്ടേച്ചു പോവുകയായിരിക്കും അവർ ചെയ്യുക. നിങ്ങൾ അവ എടുത്തൊന്നു മറവു ചെയ്യുമെങ്കിൽ വലിയ ഉപകാരമായിരിക്കും.” പിന്നീട് അവിടെ കൂടിയ സ്ത്രീകളോട് ഇമാം പറഞ്ഞു: “പുരുഷന്മാർ യസീദിന്റെ പട്ടാളക്കാരെ പേടിച്ച് ഞങ്ങളുടെ മൃതദേഹങ്ങൾ മറവു ചെയ്യാതിരുന്നാൽ അവർ ജോലിക്ക് പുറത്തു പോകുന്ന നേരം നോക്കി നിങ്ങൾ ഞങ്ങളെ ഇവിടെ മറവു ചെയ്യുമെങ്കിൽ അത് ഞങ്ങളോട് ചെയ്യുന്ന ദയയായിരിക്കും.” പിന്നീട് അവിടെ കൂടിയ കുട്ടികളോട് ഇമാം പറഞ്ഞു: “നിങ്ങളുടെ ഉപ്പമാരും ഉമ്മമാരും ഞങ്ങളുടെ മൃതദേഹങ്ങൾ മറവു ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ കളിക്കാനിറങ്ങുമ്പോൾ ഓരോ പിടി മണൽ വാരി ഞങ്ങളുടെ മൃതദേഹങ്ങളിലിട്ടാൽ അവ മെല്ലെമെല്ലെ മണലിൽ മറഞ്ഞു കൊള്ളും.” അനന്തരം ഹുസൈൻ അവിടെ കൂടിയവരോട് പറഞ്ഞു: “ഞങ്ങളുടെ ശവകുടീരങ്ങൾ സന്ദർശിക്കാനെത്തുന്ന അതിഥികൾക്ക് മൂന്നു നാള

ത്തേയ്ക്ക് ഭക്ഷണവും മറ്റും നൽകി പരിചരിക്കണമെന്നാണ് നിങ്ങളോടുള്ള എന്റെ മറ്റൊരഭ്യർത്ഥന.”

അനന്തരം യൂഫ്രട്ടീസ് പുഴക്കരികിൽ തമ്പുകൾ സ്ഥാപിക്കാൻ ഇമാം കൂടെയുള്ളവർക്ക് നിർദ്ദേശം കൊടുത്തു. കൊടും ചൂടുള്ള സ്ഥലമായിരുന്നു കർബലയെന്നതിനാൽ വെള്ളമില്ലാതെ ഒരു നിമിഷം അവിടെ നിൽക്കാൻ പറ്റുമായിരുന്നില്ല. പക്ഷെ, അബ്ബാസും കൂട്ടുകാരും ചേർന്ന് പുഴക്കരികിൽ നിർമിച്ച തമ്പുകളെല്ലാം യസീദിന്റെ പട്ടാള മേധാവികളുടെ ആജ്ഞ പ്രകാരം ഭടന്മാർ പൊളിച്ചു വലിച്ചെറിയുകയാണ് ചെയ്തത്. പുഴക്കരയിൽ തമ്പുണ്ടാക്കിയാൽ അവർക്ക് വെള്ളം കിട്ടുമെന്നതിനാലാണവർ അത് ചെയ്തത്. അവിടെ തമ്പുകളുണ്ടാക്കുന്നത് സൈന്യം വിലക്കി. അത് കണ്ട് കുപിതനായ അബ്ബാസ് വാളൂരി. ശത്രുസൈന്യം അത് കണ്ട് ഭയന്നെങ്കിലും ഹുസൈൻ ഇടപെട്ടിട്ട് പറഞ്ഞു: “അബ്ബാസ്, വാൾ ഉറയിലിട്ട് ഇങ്ങോട്ടു പോരൂ. നാം യുദ്ധത്തിനു വന്നതല്ല. ഒടുവിൽ, വെള്ളത്തിനു വേണ്ടി നാം യുദ്ധം തുടങ്ങിയെന്ന് ആളുകളെക്കൊണ്ട് പറയിപ്പിക്കരുത്. നമുക്ക് മറ്റെവിടെയെങ്കിലും കൂടാരങ്ങൾ പണിയാം.” അങ്ങനെ നദിക്കരയിൽ നിന്ന് വിട്ടൊരിടത്താണ് അവർ തങ്ങൾക്കു താമസിക്കാനുള്ള കൂടാരങ്ങൾ പണിതത്.

അതിനിടയിൽ യസീദിന്റെ പട്ടാളം എണ്ണത്തിൽ പെരുത്തു പെരുത്തു വരികയായിരുന്നു. ഇപ്പോൾ ഇരുപതിനായിരത്തോളമെത്തിക്കഴിഞ്ഞിരുന്നു എഴുപത്തി രണ്ടു പേർ മാത്രമുള്ള ഹുസൈന്റെ അനുയായികൾക്കു ചുറ്റും ഇരമ്പിയടുത്തിട്ടുള്ള പട്ടാളത്തിന്റെ എണ്ണം. ആ എഴുപത്തിരണ്ട് വെറുമൊരു എഴുപത്തിരണ്ടല്ലെന്നും മരണഭയമില്ലാത്ത ധീരശൂരരായ വിശ്വാസികളാണ് അവരെന്നും അറിയുന്നതുകൊണ്ടു തന്നെയായിരിക്കണം ഇത്രയുമേറെ പട്ടാളത്തെ അവർ അണിനിരത്തിക്കൊണ്ടിരുന്നത്. ഇതുകൊണ്ടു തന്നെയായിരുന്നിരിക്കണം ഏഴാംനാൾ മുതൽക്ക് ഹുസൈന്റെ ടെന്റുകളിലേയ്ക്ക് ഒരിറ്റു വെള്ളം പോലും എത്തുന്നത് മുടക്കി കുഞ്ഞുങ്ങൾ വെള്ളത്തിനായി നിലവിളി കൊള്ളുകയും ദാഹിച്ചു മരിക്കുകയും ചെയ്യുന്ന സ്ഥിതി പോലും സൃഷ്ടിച്ച് ഹുസൈനെയും അദ്ദേഹത്തിന്റെ അണിയിലുള്ളവരെയും ബലഹീനരാക്കാൻ അവർ കിണഞ്ഞു ശ്രമിച്ചതും.

മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 3

# ജുവൻ

ഫാത്തിഹയ്ക്കു ശേഷം...

മുഹർറത്തിലെ രാവുകളോരോന്ന് പിന്നിടുന്നതിനനുസരിച്ച് നമ്മുടെ വിഷാദത്തിന് കട്ടിയും കനവും കൂടിക്കൂടി വരികയാണ്. നമ്മുടെ വിലാപത്തിന് ശക്തി ഏറിയേറി വരികയാണ്. നമ്മുടെ നയനങ്ങൾ അധികമധികം ബാഷ്പാർദ്രമാവുകയാണ്. മർസിയകളും നൗഹകളും നാം ആവർത്തിച്ചു കൊണ്ടേയിരിക്കുകയാണ്. ഹുസൈൻ, മുഹർറം, കർബല, ആശൂറ, മർസിയ, നൗഹ, താബുത്ത്, അലം, മശ്ക്ക്, മാത്തം ഇതല്ലാതെ വേറെയെന്താണ് നമുക്കു പറയാനും കേൾക്കാനുമുള്ളത്. ഇത് കേൾക്കുമ്പോൾ ഫാത്തിമാ ബീവി നമ്മോടൊപ്പം കൂടുന്നു. നമ്മുടെ കരച്ചിലിൽ അവർ നമ്മോട് പങ്കു ചേരുന്നു. ഔനിനെയും മുഹമ്മദിനെയും ഖാസിമിനെയും അബ്ബാസിനെയും അലി അക്ബറിനെയും അലി അസ്ഗറിനെയും ഹുസൈനെയും ഓർത്ത് അവർ കരയുന്നു. തന്റെയും ഹുസൈന്റെയും കുടുംബത്തിൽ പെടാത്തവർക്ക് വേണ്ടിയും കൃതജ്ഞതാഭരിതമായ മനസ്സോടെ അവർ വിലാപമുയർത്തുന്നു. തന്റെ പുത്രൻ ഹുസൈനെയും ഇസ്‌ലാമിനെയും സഹായിക്കാനാണല്ലോ അവർ കർബലയിൽ രക്തസാക്ഷിത്വം വരിച്ചത് എന്ന ചിന്ത തീർച്ചയായും അവർക്കുണ്ട്. അത് മനസ്സിൽ വെച്ചു കൊണ്ടുള്ളത് തന്നെയാണവരുടെ വിലാപം. അറുപത് അടിമകളുണ്ട് അങ്ങനെയുള്ളവരുടെ കൂട്ടത്തിൽ. അധികവും എത്യോപ്യക്കാർ. ഇമാമിന്റെ കുടുംബക്കാരുടെയും കൂട്ടുകാരുടെയും ഭൃത്യന്മാരായിരുന്നവരാണ് മറ്റു ചിലർ. ആശൂറായുടെ തലേന്ന് രാത്രി ഇമാമും മറ്റുള്ളവരും അവരെ മോചിപ്പിക്കുകയും സ്വയംരക്ഷക്കായി പൊയ്ക്കൊള്ളാൻ അവർക്കു പ്രചോദനം നൽകുകയും ചെയ്തിരുന്നു. പക്ഷെ അറുപതിൽ ഒരാൾ പോലും ഇമാമിനെ വിട്ടു പോകാൻ കൂട്ടാക്കിയില്ല. ഇമാമിന്റെ ദൗത്യം മനസ്സിലാക്കിയതിനാൽ ഇമാമിന്റെ

കൂടെ മരിക്കാനാണവർ ഇഷ്ടപ്പെട്ടത്. അവർക്കറിയാമായിരുന്നു ഇമാമിന്റെ കൂടെയുള്ള പോക്ക് സ്വർഗ്ഗത്തിലേയ്ക്കാണെന്ന്.

അക്കൂട്ടത്തിലൊരാളായിരുന്നു ജുവൻ എന്ന ഭൃത്യൻ.

ഇന്ന് ജുവന്റെയും കർബലയിലെ അദ്ദേഹത്തിന്റെ ത്യാഗസമർപ്പണത്തിന്റെയും കഥയോർത്ത് ഫാത്തിമാബീവിയുടെ കൂടെ ഇരുന്ന് വിലപിക്കുകയാണ് നാം. ഹസ്രത്ത് അലിയുടെയും ഫാത്തിമാബീവിയുടെയും ഗൃഹത്തിലേയ്ക്ക് അബൂദർറുൽഗിഫാരി അയച്ചതായിരുന്നു ജുവനെ. അലിയുടെ കൂടെ നിന്ന് ജുവൻ വിശുദ്ധഖുർആനിന്റെ വ്യാഖ്യാനവും തിരുചര്യകളും നന്നായി പഠിച്ചു. ഖുർആൻ ഹൃദിസ്ഥവുമായിരുന്നു ജുവന്. അലിക്കു ശേഷം ഹസന്റേയും ഹസനുശേഷം ഹുസൈന്റെയും കൂടെയാണ് ജുവൻ കഴിഞ്ഞിരുന്നത്. അങ്ങനെ മൂന്ന് ഇമാമുകളുടെയും അനുഗ്രഹം കിട്ടിയ ഭാഗ്യവാൻ. ഹുസൈൻ മദീന വിട്ടപ്പോൾ അദ്ദേഹത്തിന്റെ കൂടെ പുറപ്പെടാൻ നിർബന്ധം പിടിക്കുകയായിരുന്നു ജുവൻ. തലേ രാത്രിയിൽ മുഴുവൻ ഖുർആൻ ഓതിയും വാൾ മൂർച്ച കൂട്ടിയും കഴിയുകയായിരുന്നു അദ്ദേഹം. അങ്ങനെ ആശൂറാ ദിനത്തിൽ അലിഅക്ബർ വികാരഭരിതനായി കരച്ചിലടക്കാൻ കഴിയാതെ സുബഹ് ബാങ്ക് വിളിച്ചു. അലിഅക്ബറിന്റെ ഒടുക്കത്തെ ബാങ്കായിരുന്നു അത്. പകൽ പത്ത് മണിയായതോടെ മരുഭൂമി അടുപ്പ് പോലെ ചുട്ടു പൊള്ളാൻ തുടങ്ങി. മൂന്നു ദിവസമായി ഒരു തുള്ളി പോലും വെള്ളം കിട്ടാതെ കഷ്ടപ്പെടുകയാണ് ഹുസൈനും സംഘവും. ഈയവസ്ഥയിലാണ് യസീദിന്റെ പട്ടാളക്കാർ യുദ്ധത്തിന്റെ കുഴലൂത്തുമായി കളത്തിലിറങ്ങുന്നത്. ഹുസൈന്റെ സംഘത്തിലെ ഓരോരുത്തരായി തങ്ങളുടെ ഇമാമിന്റെ അനുവാദത്തോടെ പടക്കളത്തിലിറങ്ങി സധൈര്യം പൊരുതി രക്തസാക്ഷികളായിക്കൊണ്ടിരുന്നു. ഹുസൈൻ സഹോദരൻ അബ്ബാസിന്റെയും മകൻ അലി അക്ബറിന്റെയും കൂടെ ചെന്ന് രക്തസാക്ഷികളുടെ ശരീരങ്ങൾ കൂടാരത്തിലേയ്ക്ക് വഹിച്ചു കൊണ്ടുവന്നു.

ളുഹ്ർ നമസ്കാരം കഴിഞ്ഞപ്പോൾ ജുവൻ അതാ ഇമാംഹുസൈന്റെ മുമ്പിൽ കൈകെട്ടി നിശ്ശബ്ദനായി നിൽക്കുന്നു. ഇമാം ജുവനെ വിളിച്ച് എന്തേ പോന്നതെന്നന്വേഷിച്ചു. ജുവന്റെ പ്രതികരണം: “ഇമാം, ഫാത്തിമ ബീവിയുടെ മക്കൾ എന്റെ മുമ്പിൽ വെച്ച് ഇങ്ങനെ കൊല്ലപ്പെട്ടു വീഴുന്നത് കണ്ടുനിൽക്കാൻ ഇനിയും എനിക്കു വയ്യ. ഞാൻ യുദ്ധക്കളത്തിലേയ്ക്ക് പോകട്ടെ.” ജുവന്റെ വാർദ്ധക്യം ചൂണ്ടിക്കാട്ടി ഇമാം പിന്തിരിപ്പിക്കാൻ നോക്കിയെങ്കിലും ജുവൻ സമ്മതിച്ചില്ല. “ഞാനൊരു കറുത്ത അടിമയായതിനാൽ നബിഗൃഹസ്ഥരുടെ വിശുദ്ധ രക്തവുമായി എന്റെ കറുത്ത ചോര കലരണ്ടാ എന്നു കരുതിയാണോ എന്നെ യുദ്ധത്തിനു സമ്മതിക്കാത്തത്?” എന്നായി ജുവന്റെ ചോദ്യം. “ജുവൻ അങ്ങനെയൊന്നും പറയല്ലേ, അത്തരത്തി

ലുള്ള വ്യത്യാസമൊന്നും നമുക്കിടയിലില്ലെന്നറിയാമല്ലോ. ശരി, പൊയ്ക്കൊള്ളുക. അല്ലാഹു കൂടെയുണ്ടാവട്ടെ!" ഇതും പറഞ്ഞ് ജുവനെ യുദ്ധക്കോപ്പുകളണിയിച്ച് കുതിരപ്പുറത്ത് കയറ്റി ഹുസൈൻ യാത്രയയച്ചു.

ജുവൻ സസന്തോഷം പടക്കളത്തിലേയ്ക്ക് മുന്നേറി. വഴിയിൽ ജുവൻ ഓരോന്ന് ചിന്തിക്കുകയായിരുന്നു. പ്രവാചക പുംഗവർ ഹുസൈനെ എന്തുമാത്രം സ്നേഹിച്ചിരുന്നുവെന്നത്; കുട്ടിയായിരിക്കുമ്പോൾ കളിക്കുന്നതിനിടയിൽ ഹുസൈന്റെ ദേഹത്തേറ്റ മുറിവുകൾ അവിടുന്ന് കെട്ടിക്കൊടുത്ത് ഉണക്കിയിരുന്നത്; അവിടുന്ന് നമസ്കരിക്കുമ്പോൾ ഹുസൈൻ അവിടുത്തെ മുതുകിൽ കയറിയിരുന്നത്; ഹുസൈൻ മുതുകിൽ നിന്നിറങ്ങുവോളം അവിടുന്ന് സാഷ്ടാംഗത്തിൽ തന്നെ കിടന്നുകൊടുത്തിരുന്നത്; ഹുസൈന് യാതൊരു വിഷമവും വാരാതെ അവിടുന്ന് നോക്കിയിരുന്നത്... കണ്ണീരൊലിപ്പിച്ച് യുദ്ധക്കളത്തിലെത്തിയ ജുവൻ മറുവശത്തെ സൈനികരോടിങ്ങനെ വിളിച്ചു പറഞ്ഞു: "നോക്കൂ. പ്രവാചകപുംഗവരുടെ കൂടെ നിങ്ങളെന്നെ കണ്ടിട്ടുണ്ടാകുമല്ലോ. അവിടുന്ന് അല്ലാഹുവിന്റെ തിരു ദൂതരാണെന്ന് നിങ്ങളും പറയുന്നുണ്ടല്ലോ. നിങ്ങൾ സ്വയം മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നുമുണ്ടല്ലോ. ഇനി പറയൂ. അവിടുത്തെ പ്രിയ പൗത്രനെ കൊല്ലുന്നത് അവിടുത്തേക്കിഷ്ടമായിരിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഹുസൈൻ നിങ്ങളോടെന്ത് ചെയ്തു? നിങ്ങൾക്ക് നരകത്തീയിൽ കിടക്കാതെ രക്ഷപ്പെടണമെന്നുണ്ടെങ്കിൽ നിരപരാധിയായ ഹുസൈനെ വെറുതെ വിട്ടേക്കുക."

പക്ഷെ, സത്യം കേൾക്കാൻ തയ്യാറുള്ള മുസ്ലിംകളോടല്ലേ ഇതൊക്കെ പറഞ്ഞിട്ട് കാര്യമുള്ളൂ യസീദ് പട എന്ത് കേൾക്കാൻ? അവർക്കെന്തിസ്ലാം? മറുപടിയായി നാലുഭാഗത്തു നിന്നും ശരവർഷങ്ങളാണ് ജുവനു നേരെ പ്രവഹിച്ചെത്തിയത്. ജുവൻ ധീരമായി പൊരുതി നോക്കി. കുറെപ്പേരെ തന്റെ വാളിനിരയാക്കി നരകത്തിലേയ്ക്ക് തള്ളുകയും ചെയ്തു. എഴുപത് വയസ്സ് പ്രായമുള്ള, മൂന്നു ദിവസമായി പട്ടിണിയും ദാഹവും സഹിച്ചു കഴിയുന്ന ജുവന് അത്രയൊക്കെയല്ലേ കഴിയൂ. ഒടുവിൽ കുതിരപ്പുറത്തു നിന്ന് താഴെ വീഴുന്ന ജുവന്റെ നാക്കിൽ നിന്നുയർന്ന ദീനരോദനമിതായിരുന്നു. "ഇമാം, ഒന്നടുത്തുവന്നിട്ട് എന്നെ കാണുക. ഞാൻ അവസാനമായി അങ്ങയെ ഒരു നോക്കു കാണട്ടെ."

ജുവനിന്റെ രോദനം ചെവിക്കൊണ്ട ഹുസൈൻ അബ്ബാസിനെയും അലി അക്ബറിനെയും കൂട്ടി പടക്കളത്തിലെത്തി. ഹുസൈൻ ജുവനിന്റെ തല തന്റെ മടിയിലെടുത്തു വെച്ച് കൊണ്ടിങ്ങനെ വിതുമ്പി. "ജുവൻ ക്ഷമിക്കണം. എന്റെ വീട്ടിൽ നിന്നു വിട്ടു പോകുന്നത് മൂന്ന് ദിവസം വിശപ്പും ദാഹവും സഹിച്ചിട്ടാണല്ലോ."

“ഇമാം, അങ്ങെന്തിനു സങ്കടപ്പെടണം. ഇസ്‌ലാമിനുവേണ്ടി പൊരുതി രക്തസാക്ഷിയാവാൻ അവസരമൊരുക്കിയതിൽ പരം എന്താണ് അങ്ങേക്ക് എനിക്കായി തരാൻ കഴിയുക? നോക്കൂ, ഇമാം. എന്നെ സ്വീകരിക്കാൻ ആരാണ് വന്നിരിക്കുന്നത്? ഇതാ, മുത്തുനബിയിതാ ഇവിടെ എന്റെ സമീപത്ത്. ഫാത്തിമാ ബീവിയിതാ. ഇമാം അലിയിതാ. ഇമാം ഹസനിതാ...! ജുവനിന്റെ ആത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് പറന്നു.

ഇന്നാലില്ലാഹി ....
മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 4

# ഹുർറ്

ഫാത്തിഹയ്ക്കു ശേഷം...

മുഹർറം നാലിന്റെ ഈ നാലാം മജ്‌ലിസിൽ നമ്മുടെ നയനങ്ങൾ കവിളിണകളിൽ ചാലിട്ടൊഴുകുകയാണ്. ഹുസൈനിൽ കേന്ദ്രീകൃതമാണ് നമ്മുടെ മനസ്സുകളത്രയും. അദ്ദേഹത്തിന്റെ കൂടെ എഴുപത്തിരണ്ടു പേരുണ്ട്. അദ്ദേഹത്തിനു ചുറ്റും കഴുകന്മാരെ പോലെ വട്ടമിട്ടു നിൽക്കുന്ന യസീദിന്റെ സൈന്യമാകട്ടെ, എണ്ണത്തിൽ കൂടിക്കൂടി വരികയാണ്. മുഹർറം ഒമ്പതിനാണ് അവർ യുദ്ധകാഹളം മുഴക്കാൻ തുടങ്ങുന്നത്. ഹുസൈൻ അന്നേരം യുദ്ധത്തിനു തയ്യാറായിരുന്നില്ല. അദ്ദേഹം തന്റെ സൈന്യത്തിന്റെ തലവനായിരുന്ന അബ്ബാസിനെ വിളിച്ച് യസീദിന്റെ പട്ടാള മേധാവികളെ സമീപിച്ച് യുദ്ധം തുടങ്ങാൻ ഒരു രാത്രി കൂടി സമയം തരാനാവശ്യപ്പെട്ടു. എന്തിനെന്നോ? ഒരുനാൾ കൂടി കുട്ടികൾക്കൊപ്പം കഴിയാനോ? ഒരിക്കലുമല്ല, തന്റെ അണിയിലേയ്ക്ക് ഒരതിഥി വരാനുണ്ടെന്ന് അറിയാമായിരുന്നത് കൊണ്ട്.

ആ അതിഥി ആരായിരുന്നുവെന്നോ? ഹുർറ്. യസീദിന്റെ പടത്തലവനായിരുന്ന ഹുർറ്. കൂഫയിലേയ്ക്ക് പോകുന്ന ഹുസൈനെ വഴിക്കു വെച്ച് തടഞ്ഞു നിറുത്തിയ ഹുർറ്. ആയിരം പട്ടാളക്കാരുമൊത്ത് നിർബന്ധപൂർവ്വം ഹുസൈനെ കർബലയിലേക്ക് തിരിച്ചു വിട്ട ഹുർറ്. വിമോചിതൻ എന്നർത്ഥമുള്ള തന്റെ പേരിനെ യാഥാർത്ഥ്യമാക്കിക്കൊണ്ട് നരകാഗ്നിയിൽ നിന്ന് വിമോചിതനാവാൻ അല്പം വൈകിയാണെങ്കിലും ഹുർറ് തയ്യാറാവുകയായിരുന്നു. കർബല നൽകുന്ന അനേക പാഠങ്ങളിൽ ഒരു സുപ്രധാന പാഠമാണ് ഹുർറ്. ജീവിതകാലം മുഴുവൻ നമുക്ക് ചിന്തിക്കാനുള്ള ഒരു പാഠം. ഹുർറിന്റെ മുമ്പിൽ ഒരു ചോദ്യമുയർന്നു: നരകമോ സ്വർഗ്ഗമോ? ലൗകിക സുഖസൗകര്യങ്ങളോ പാരത്രിക ലോകത്തിലെ ആനന്ദമോ? ഹുർറ് സ്വർഗം

തിരഞ്ഞെടുത്തു. നമ്മുടെ ജീവിതത്തിലും പലപ്പോഴും ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർന്നു വരാറില്ലെ? നന്മയ്ക്കും തിന്മയ്ക്കുമിടയിൽ, ഹലാലിന്റെയും ഹറാമിന്റെയുമിടയിൽ, ശരിക്കും തെറ്റിനുമിടയിൽ, നരകത്തിനും സ്വർഗ്ഗത്തിനുമിടയിൽ ഒരു തിരഞ്ഞെടുപ്പിനുള്ള അവസരങ്ങൾ ഉയർന്നു വരുമ്പോൾ ഹുർറിനെപ്പോലെ ആവുക. നന്മ തിരഞ്ഞെടുക. ഹലാലിന്റെ പക്ഷത്തു നിൽക്കുക. സത്യത്തോട് ചേർന്നു നിന്ന് സ്വർഗ്ഗസ്ഥനാവാൻ നോക്കുക. ഐഹിക ആഹ്ളാദം എത്രത്തോളമായാലും അത് താൽക്കാലികമാണെന്നറിയുക. പാരത്രിക സൗഖ്യം ശാശ്വതമെന്നും.

മുഹർറം ഒമ്പതിന് ഹുസൈന്റെ താവളത്തിൽ നിന്ന് വെള്ളത്തിനായി ദാഹിച്ചു കൊണ്ടുള്ള കുഞ്ഞുങ്ങളുടെ നിലവിളി ഹുർറിനെ അസ്വസ്ഥനാക്കി. അന്നേരം ഹുസൈനെ കർബലയിലേയ്ക്കു തിരിച്ചു വിട്ടു കൊണ്ടുള്ള തന്റെ അപരാധത്തെക്കുറിച്ച് ഹുർറ് ഓർത്തു. ഫാത്തിമബീവിയുടെ മക്കളെ ഈയവസ്ഥയിലേയ്ക്കെത്തിച്ച അപരാധം എന്തിന് താൻ ചെയ്തു? ഇത് ഹുസൈൻ പൊറുക്കുമോ? ഫാത്തിമാബീവി പൊറുക്കുമോ? അല്ലാഹു തആല പൊറുക്കുമോ? തനിക്കെങ്ങനെയിത് പൊറുത്തു കിട്ടും? ഹുർറ് ഉറങ്ങാനാവാതെ രാത്രി മുഴുവൻ പശ്ചാത്താപവിവശനായി നേരം തള്ളിനീക്കി.

മുഹർറം പത്തായപ്പോൾ ചൂട് കൂടിക്കൂടി വന്ന് അതിരാവിലെ പോലും യസീദിന്റെ പട്ടാള ക്യാമ്പിലെ കുതിരകൾ കുളമ്പു ചുട്ടു പൊള്ളിയിട്ട് മേല്പോട്ടും കീഴ്പ്പോട്ടും ചാടിത്തുടങ്ങി. പട്ടാളക്കാർ ബക്കറ്റിൽ വെള്ളമെടുത്ത് അവയുടെ കുളമ്പുകളിൽ ഒഴിച്ചു കൊടുത്ത് തണുപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. ഹുർറിന്റെ മനസ്സ് ചഞ്ചലപ്പെടുകയാണ്. ഗ്യാലൻ കണക്കിന് വെള്ളമാണ് മൃഗങ്ങളുടെ കുളമ്പിലൊഴിക്കുന്നത്. ഫാത്തിമാബീവിയുടെ മക്കൾ ഒരിറ്റു വെള്ളം തൊണ്ടയിൽ നനക്കാൻ കിട്ടാതെ എരിപൊരിക്കൊണ്ട് കരയുകയും. മൃഗങ്ങൾക്ക് എമ്പാടും വെള്ളം. പ്രവാചകപുംഗവരുടെ പുന്നാരമക്കൾക്ക് തൊണ്ട നനയ്ക്കാൻ വെള്ളമില്ലതാനും. ഹുർറിന്റെ കാതിൽ ഹുസൈന്റെ ക്യാമ്പിൽ നിന്ന് ദാഹജലത്തിനു വേണ്ടിയുള്ള മുറവിളി നിലക്കാതെ മുഴങ്ങിക്കൊണ്ടിരുന്നു.

ഹുർറ് സമയം പാഴാക്കാതെ തന്റെ മകനെ വിളിച്ചു പറഞ്ഞു. “മോനേ ഞാൻ വല്ലാത്തൊരു തെറ്റാണ് ചെയ്തത്. ഇത്രമാത്രം സത്യവാനും ഭക്തനുമായ ആ മനുഷ്യനെ കൊല്ലപ്പെടാൻ വേണ്ടി ഇങ്ങോട്ടെഴുന്നള്ളിച്ചല്ലോ ഞാൻ. നീ എന്നെ വേഗം ഹുസൈന്റെ അടുത്തെത്തിച്ചു തരിക. ഇനിയും നേരം പാഴാക്കിക്കൂട. എനിക്കദ്ദേഹത്തോട് മാപ്പ് ചോദിക്കണം. എങ്ങനെ അദ്ദേഹത്തെ ഞാൻ കാണും? അദ്ദേഹം എന്നോട് ക്ഷമിക്കുമോ ആവോ? നീ ഒരു കാര്യം ചെയ്യ്. മാപ്പ് ചോദിച്ചിട്ട് അദ്ദേഹം മാപ്പ് ചെയ്തു തരുന്നതു വരെ എന്റെ മുഖം അദ്ദേഹം

കാണാതിരിക്കേണ്ടതിന് എന്റെ കൈ രണ്ടും കൂട്ടിക്കെട്ടിയും മുഖം മൂടിയുമായിരിക്കണം എന്നെ നീ അദ്ദേഹത്തിന്റെ മുമ്പിലെത്തിക്കുന്നത്.”

ഹുർറ് പറഞ്ഞതുപോലെ ചെയ്ത് മകൻ അദ്ദേഹത്തെ കുതിരപ്പുറത്തു കയറ്റി ഹുസൈന്റെ ക്യാമ്പിനടുത്തെത്തി. ടെന്റുകൾക്ക് കാവൽ നിൽക്കുകയായിരുന്ന അബ്ബാസ്, പെട്ടെന്നുള്ള അവരുടെ രണ്ട് പേരുടെയും വരവ് കണ്ട് യസീദിന്റെ ക്യാമ്പിൽ നിന്ന് തങ്ങളെ ആക്രമിക്കാൻ വരുന്ന പട്ടാളക്കാരായിരിക്കുമെന്നു കരുതി വാളൂരി അനങ്ങിപ്പോകരുതെന്നൊരു ഗർജ്ജനം. പക്ഷെ, ഹുർറിനെയും മകനെയും തിരിച്ചറിഞ്ഞ ഹുസൈൻ അബ്ബാസിനോട് വാൾ ഉറയിലിടാനും താൻ കാത്തിരുന്ന അതിഥിയായ ഹുർറിനെയും മകനെയും സ്വീകരിക്കാനും ആവശ്യപ്പെട്ടു. അങ്ങനെ ഇരുവരും ചേർന്ന് ഹുർറിനെ സ്വീകരിച്ചതോടെ ഹുർറ് ഹുസൈന്റെ കാൽക്കൽ വീണു തന്റെ തെറ്റ് ഏറ്റുപറഞ്ഞ് ക്ഷമ യാചിച്ചു. ഇമാം ഹുസൈൻ ഹുർറിനെ പിടിച്ചെഴുന്നേല്പിച്ചു പറഞ്ഞു: “ഹുർറ് വരൂ. ഞാൻ എല്ലാം ക്ഷമിച്ചിരിക്കുന്നു. എന്റുപ്പാപ്പയും ഉപ്പയും ഉമ്മയുമെല്ലാം താങ്കളോട് ക്ഷമിച്ചിരിക്കുമെന്നെനിക്കുറപ്പുണ്ട്.” അങ്ങനെ ഹുസൈനും അബ്ബാസും കൂടി ഹുർറിനെയുമായി ടെന്റിലേയ്ക്കു കയറി.

പ്രഭാതമായപ്പോൾ അലി അക്ബർ ബാങ്ക് വിളിച്ചു. തുടർന്നു എല്ലാവരും ചേർന്നു സുബ്ഹ് നിസ്കരിച്ചു. അന്നേരം യസീദിന്റെ പട്ടാളക്കാർ യുദ്ധകാഹളം മുഴക്കി. ഹുർറ് അവരോട് ചെന്ന് ഏറ്റുമുട്ടാൻ ഇമാമിന്റെ സമ്മതം ചോദിച്ചു. അന്നേരം ഇമാമിന്റെ പ്രതികരണമിതായിരുന്നു: “ഹുർറ്, താങ്കൾ എന്റെ അതിഥിയല്ലെ. ഇപ്പോൾ എത്തിയതല്ലേയുള്ളു. ഭക്ഷണം പോയിട്ട് ഒരിറക്ക് വെള്ളം തരാൻ പോലും എന്റെ പക്കലില്ല. കുറച്ചു നേരം ഇരിക്കുകയെങ്കിലും ചെയ്യുക. എന്റെ അതിഥിയായ താങ്കളെ ഞാനെങ്ങനെ മരിക്കാൻ വിടും ഹുർറ്.” പക്ഷെ ഹുർറിന് വേണ്ടിയിരുന്നത് പടക്കളത്തിൽ ഒന്നാമനായി ചെന്ന് യുദ്ധം വെട്ടി രക്തസാക്ഷിത്വത്തിന്റെ ചഷകം മോന്തിക്കുടിക്കുന്നതിലെ സുഖമായിരുന്നു. തന്റെ കൂടെയിരുന്ന് വിശപ്പും ദാഹവും അനുഭവിക്കുന്നിടത്തോളം ഹുർറിന് ക്ലേശിക്കാനല്ലേ അവസരമുള്ളൂ എന്ന ചിന്ത ഇമാമിനെയും അലട്ടി. അദ്ദേഹം ഹുർറിനെ പടക്കളത്തിലേക്കു വിട്ടു. ഹുസൈൻ തന്നെ അദ്ദേഹത്തെ കുതിരപ്പുറത്തു കയറ്റിയിരുത്തി യാത്രയയച്ചു.

ഹുർറ് പടക്കളത്തിലെത്തി അസാധാരണമായ ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടി യസീദിന്റെ സൈന്യവുമായി പടവെട്ടി. അനേകം പേരെ നരകത്തിലേക്കയച്ചിട്ടാണ് തനിക്കേറ്റ മുറിവിന്റെ കാഠിന്യത്താൽ കുതിരപ്പുറത്തുനിന്ന് താഴെ വീണത്. അപ്പോഴും ഹുസൈനെ അവസാനത്തെ കാഴ്ച കാണുകയായിരുന്നു അദ്ദേഹ

ത്തിന്റെ അഭിലാഷം. പടക്കളത്തിൽ വീണു കിടക്കുന്ന ഹുർറിന്റെ രോദനം കേട്ട് ഇമാം ഓടിച്ചെന്നു. അദ്ദേഹത്തിന്റെ ശിരസ്സെടുത്ത് തന്റെ മടിയിൽ വെച്ചതോടെ ഹുർറ് അന്ത്യശ്വാസം വലിച്ചു. അന്നേരം ഇമാം ഇങ്ങനെ പറയുന്നുണ്ടായിരുന്നു. “ഹുർറ് വിട. എന്റെ പിതാവും പിതാമഹനും മാതാവും താങ്കളെ കാത്തിരിക്കുകയാണ്. നമുക്കുടനെ സ്വർഗ്ഗത്തിൽ വെച്ചു കാണാം. അല്ലാഹുവേ ഹുർറിനോട് പൊറുക്കണേ! അദ്ദേഹത്തിന് സ്വർഗത്തിൽ ഇടം കൊടുക്കണേ!” അനന്തരം ഹുർറിന്റെ ജഡം ഇമാമും അബ്ബാസും കൂടി ടെന്റിലേയ്ക്കെടുത്തു.

മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 5

# ഹബീബ് ഇബ്നു മസാഹിർ

ഫാത്തിഹയ്ക്കു ശേഷം...

കർബല അതിന്റെ ബീഭത്സമായ മുഖം പ്രത്യക്ഷമാക്കാൻ അടുത്തുകൊണ്ടിരിക്കുകയും യസീദിന്റെ പട്ടാളക്കാർ ഹുസൈന്റെ രക്തത്തിനായി കൊതിപൂണ്ട് നാലുപാടും ചുറ്റി സഞ്ചരിക്കുകയും ചെയ്യുന്നതിന്റെ ഓർമ്മയോട് ചേരുകയാണ് നാം. അതിനനുസൃതമായി നമ്മുടെ വിലാപം ഉച്ഛാവസ്ഥയിലേയ്ക്കുയരുകയും കണ്ണീർമഴ കോരിച്ചൊരിഞ്ഞ് പെയ്യുകയുമാണ്. പ്രവാചകപുംഗവരുടെ പൗത്രനെ കൊല്ലാൻ മോഹിച്ചു വരുന്ന പട്ടാളക്കാരുടെ എണ്ണം പെരുകുകയാണ്. അതുകണ്ട് സൈനബിന്റെ ചോദ്യം: "എഴുപത്തിരണ്ടു പേർ വരുന്ന നമ്മുടെ ആൾക്കാരോട് യുദ്ധം ചെയ്യാൻ ആയിരങ്ങളാണെത്തിയിരിക്കുന്നത്. നമുക്ക് സഹായത്തിനായി ആരും വരാനില്ലല്ലോ."

ഹുസൈന്റെ പ്രതികരണം: "കർബലയിലേക്ക് പോരുമ്പോൾ മദീനക്കാരായ പലരും കൂടെ വരാൻ ഒരുങ്ങിയതാണ്. അവരുടെ ഉദ്ദേശ്യം ശരിയല്ലാത്തതിനാൽ വിലക്കിയതാണ് ഞാൻ. പോന്ന ചിലരൊക്കെ മരണ ഭയത്താൽ പിന്തിരിയുകയും ചെയ്തു. സൈനബ് ... അസത്യത്തിന് എമ്പാടും ആളെ കിട്ടും. സത്യത്തിന് കുറച്ചു പേരേ കൂടെയുണ്ടാകൂ. കൂലിപ്പടയാണ് മറുവശത്ത് കാണുന്നവർ. പാരത്രിക ആനന്ദത്തെക്കാൾ ഐഹികസുഖത്തെയാണവർ തിരഞ്ഞെടുത്തിരിക്കുന്നത്. എന്റെ കൂടെ നിൽക്കുന്ന എഴുപത്തിരണ്ടു പേരും പാരത്രിക സുഖം കൊതിക്കുന്നതിനാൽ നിൽക്കുകയാണ്."

അന്നു രാത്രി ഇമാം തന്റെ ചെറുപ്പകാല സുഹൃത്തായിരുന്ന ഹബീബ്ഇബ്നു മസാഹിറിന് ഒരു കത്തയച്ചു, കൂഫയിലേയ്ക്ക്. കൂഫ ആർക്കും പുറത്തു വരാൻ പറ്റാത്തവിധം ഒരു തടവറ പോലെയായിരുന്നു അന്ന്. പക്ഷെ ഹബീബിന് അതറിഞ്ഞിരുന്നില്ല. ഭാര്യയും കുട്ടിയുമൊത്ത് വീട്ടിൽ പ്രഭാതഭക്ഷണത്തിനിരിക്കുമ്പോൾ തന്റെ

കൈയിൽ കിട്ടിയ കത്തിൽകൂടിയാണ് അദ്ദേഹം സ്ഥിതിഗതികളെല്ലാമറിയുന്നത്. ഹബീബ് കത്ത് വായിച്ച് അതിന്മേൽ ഒരു മുത്തമിട്ടു. തുടർന്നു കരഞ്ഞു നിൽക്കുന്ന ഹബീബിനോട് ഭാര്യ സംഗതി തിരക്കിയപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണമിതായിരുന്നു. "കർബലയിലെത്താനാവശ്യപ്പെട്ടുകൊണ്ട് എനിക്ക് ഇമാം ഹുസൈന്റെ കത്ത് കിട്ടിയിരിക്കുന്നു. യസീദിന്റെ പട്ടാളക്കാർ അവിടെ ഇമാമിനെ തടഞ്ഞു വെച്ചിരിക്കയാണത്രെ."

"എങ്കിൽ ചെല്ലൂ ഉടനെത്തന്നെ. എന്തിന് താമസിക്കുന്നു. ഇമാമിന് നിങ്ങളുടെ സഹായം ആവശ്യമായി വന്നിരിക്കയല്ലേ? വേഗമാവട്ടെ." ഭാര്യയുടെ പ്രോത്സാഹനം ഹബീബിനെ വികാര ഭരിതനാക്കിയെങ്കിലും കൂഫ വിട്ടു പോകാനുള്ള തടസ്സം അദ്ദേഹത്തെ അസ്വസ്ഥനാക്കി. അദ്ദേഹം തന്റെ ഭൃത്യനോട് കുതിരയെ പട്ടണത്തിനു പുറത്ത് ഒരു വയലിൽ കൊണ്ടുപോയി നിർത്തി തന്നെ അവിടെ കാത്തു നിൽക്കാനാവശ്യപ്പെടുകയും അങ്ങനെ ആളുകളെല്ലാം അസ്വർ നമസ്കാരത്തിന് പള്ളിയിൽ പോയ തക്കം നോക്കി അങ്ങോട്ടെത്തുകയുമാണ് ഒടുവിൽ ചെയ്തത്. അങ്ങനെ അവിടെ നിന്ന് കുതിരപ്പുറത്ത് യാത്ര പുറപ്പെടുമ്പോൾ അദ്ദേഹം ഭൃത്യനെ സ്വതന്ത്രനാക്കി വിട്ടു. പക്ഷെ ഹബീബിനെ വിസ്മയപ്പെടുത്തും വിധത്തിലുള്ള ഒരപേക്ഷയാണ് അദ്ദേഹത്തിന് ഭൃത്യനിൽ നിന്ന് കേൾക്കാനായത്. ഹുസൈനെയും ഫാത്തിമാബീവിയുടെ മക്കളെയും സേവിച്ചു കൊണ്ട് കർബലയിൽ പോരാടി രക്തസാക്ഷിത്വം വഹിച്ച് സ്വർഗ്ഗം പൂകാൻ അനുവദിക്കാൻ താൽപര്യപ്പെടുകയായിരുന്നു ഭൃത്യൻ. അങ്ങനെ ഹബീബിനോടൊപ്പം കുതിരപ്പുറത്തേറി ഭൃത്യനും കർബലയിലേയ്ക്കു യാത്രയായി. വൈകിയെത്തിയ ഹബീബിനെയും ഭൃത്യനെയും ഇമാം ഹുസൈൻ സ്വീകരിച്ചു. സൈനബ് തോഴി ഫിസ്സ മുഖേന ഹബീബിന് അഭിവാദനമെത്തിച്ചപ്പോൾ ഹബീബിന്റെ മനസ്സ് സന്തോഷം കൊണ്ടും ദുഃഖം കൊണ്ടും വിങ്ങിപ്പൊട്ടി. അദ്ദേഹം തലപ്പാവ് നിലത്തു വിരിച്ച് അതിൽ മുഖം അമർത്തിവെച്ച് ഫാത്തിമാബീവിയുടെ മക്കളുടെ സ്ഥിതി ഓർത്തും യസീദിനെതിരെ അമർഷമുതിർത്തും കരഞ്ഞുകൊണ്ടിരുന്നു.

ആശൂറാ നാളിൽ അലി അക്ബറിന്റെ ബാങ്കിനു ശേഷം യസീദിന്റെ ക്യാമ്പിൽ നിന്നും യുദ്ധകാഹളം മുഴങ്ങി. ഹുസൈന്റെ സംഘത്തിൽ നിന്ന് ഓരോരുത്തരായി പടക്കളത്തിൽ ചെന്ന് പോരാടി വീരമൃത്യു വരിക്കുകയും തുടർന്ന് ഹുസൈനും അബ്ബാസും അവരുടെ ജഡങ്ങൾ ക്യാമ്പിലേയ്ക്ക് വഹിച്ചു കൊണ്ടുവരികയും ചെയ്യുകയാണ്. ഹബീബ് യുദ്ധക്കളത്തിലിറങ്ങി ഇസ്‌ലാമിനു വേണ്ടി തന്നെ ബലി നൽകാൻ ഹുസൈനോട് സമ്മതം ചോദിച്ചു. അങ്ങനെ ഹുസൈന്റെ സമ്മതത്തോടെ ഹബീബ് പടക്കളത്തിൽ ധീരമായി പൊരുതി മൃത്യു

വരിച്ചു. ഹബീബിന്റെ ശിരസ്സ് വെട്ടിയെടുത്ത് കുതിരയുടെ കാലിൽ കെട്ടിവലിക്കുകയായിരുന്നു യസീദിന്റെ പട്ടാളക്കാർ. പിന്നീട് ശാമിലെത്തിയപ്പോൾ ഹബീബിന്റെ ശിരസ്സ് കുതിരയുടെ പിരടിയിൽ തൂങ്ങിക്കിടക്കുന്നതു കണ്ട ഖാസിം എന്ന ഒരു ബാലൻ കുതിരയുടെ പിന്നാലെച്ചെന്ന് കുതിരക്കാരനോട് അത് തന്റെ പിതാവ് ഹബീബ് ഇബ്ൻ മസാഹിറിന്റെ ശിരസ്സാണെന്നും അത് മറവു ചെയ്യാൻ തന്നെ ഏൽപിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. അന്നേരം ആ ശിരസ്സ് ബാലനോട് ഇങ്ങനെ പറയുന്നതായി തോന്നി: “ഖാസിം, നീ എന്റെ ശിരസ്സ് വാങ്ങി മറവു ചെയ്യാൻ നോക്കുന്നു. നോക്കൂ. ഇമാം ഹുസൈന്റെ ശിരസ്സതാ കുന്തത്തിൽ നാട്ടി കൊണ്ടു നടക്കുന്നു.”

ഇന്നാലില്ലാഹി...
മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 6

# ഔനും മുഹമ്മദും

ഫാത്തിഹയ്ക്കു ശേഷം...

ഇനിയും നമ്മുടെ കണ്ണീർ പ്രവാഹം കർബലാ രക്തസാക്ഷികൾക്കു വേണ്ടി അണമുറിയാതെ തുടരേണ്ടതുണ്ട്. ഹുസൈൻ - കർബല- മാത്തം- മജ്‌ലിസ് നമ്മുടെ നാക്കിൽ നിന്ന് ഈ വാക്കുകൾ ഉയർന്നു വരുമ്പോൾ അതാ ഫാത്തിമാബീവി കറുത്ത ഹിജാബ് അണിഞ്ഞ് ഇറങ്ങി വരുന്നു. നമ്മുടെ കൂടെയിരുന്നു കരയാൻ, നാമൊഴുക്കുന്ന കണ്ണീരിന്റെ ഒരു കണം പോലും പാഴാകാതെ ശേഖരിച്ചു കൊണ്ടു പോകാൻ. കരയുക. ഹുസൈനു വേണ്ടി കരയുക. നമ്മുടെ കണ്ണീർ വെറുതെയാവില്ല. ഖബറുകളിലേയ്ക്കും അന്ത്യവിധി ദിനത്തിലേയ്ക്കുമുള്ള നമ്മുടെ വിഭവങ്ങളാണീ കണ്ണീർതുള്ളികൾ.

ഹുസൈൻ അതാ കർബലയിൽ. അദ്ദേഹത്തിന്റെ കൂടെ എഴുപത്തിരണ്ട് പേരാണുള്ളത്. അവരത്രയും മുതിർന്നവരല്ല. കുട്ടികളുമുണ്ട് കൂട്ടത്തിൽ. സൈനബിന്റെ മക്കളായ ഔനും മുഹമ്മദുമുണ്ട്. ഔനിന് പതിമൂന്നു വയസ് മാത്രം പ്രായം. മുഹമ്മദിന് പതിനൊന്നും. നമ്മുടെ ഇന്നത്തെ വിലാപം അവർക്കുവേണ്ടിയുള്ളതാണ്. ഔനിനും മുഹമ്മദിനും വേണ്ടിയുള്ളത്. ഇസ്‌ലാമിനു വേണ്ടി സ്വന്തം ജീവൻ സസന്തോഷം ബലി നൽകിയ ആ ധീരസന്തതികളുടെ മാതാക്കൾക്ക് ആദ്യമായി നമുക്ക് നമ്മുടെ അഭിവാദനങ്ങളയക്കാം. ഇസ്‌ലാമിനു വേണ്ടി സാഭിമാനം മക്കളെ നൽകിയ ഭാഗ്യവതികൾക്ക്. ഔനിന്റെയും മുഹമ്മദിന്റെ മാതാവ് സൈനബിന്, ഖാസിമിന്റെ മാതാവ് ഉമ്മു ഫർവയ്ക്ക്, അലി അക്ബറിന്റെ മാതാവ് ഉമ്മുലൈലയ്ക്ക്, അലി അസ്ഗറിന്റെ മാതാവ് ഉമ്മുറുബാബിന്. മാതൃഹൃദയമുള്ള ഏതൊരു സ്ത്രീകളെയും പോലെ അവരും സ്നേഹിച്ചിരുന്നിട്ടുണ്ടാകുമല്ലോ താന്താങ്ങളുടെ മക്കളെ. എന്നിട്ടും എന്തുകൊണ്ടവർ തങ്ങളുടെ

മക്കളെ അഭിമാനത്തോടെ കർബലയിൽ മരിക്കാൻ വിട്ടു? അവർക്കു ഉറപ്പുണ്ടായിരുന്നു, ഹുസൈന്റെ വഴി ശരിയായിരുവെന്ന്. അതിനാൽ ഇസ്ലാമിനെയും അതുവഴി തങ്ങളെയും നരകാഗ്നിയിൽ നിന്നു രക്ഷിക്കാൻ അതാവശ്യമാണെന്ന ബോധ്യമാണ് അവരെ അതിനു പ്രേരിപ്പിച്ചത്.

തങ്ങളുടെ മാതൃസ്നേഹത്തെ അമർത്തിവെച്ച് മക്കളെ ഇസ്ലാമിനും ഹുസൈനും വേണ്ടി ബലി നൽകിയ ആ മാതാക്കളെ ഹുസൈനികളായ നമുക്ക് ഓർമ്മിക്കാതിരിക്കാനാകുമോ? ഔനിനും മുഹമ്മദിനും ഖാസിമിനും അലി അക്ബറിനും അലി അസ്ഗറിനും വേണ്ടിയും അവരുടെ ഉമ്മമാർക്കു വേണ്ടി നമുക്ക് കരയാതിരിക്കാനാകുമോ? അതിനാൽ ഈ കർബലാസദസ്സുകളും കർബലാരോദനങ്ങളും ഒരിക്കലും നിലയ്ക്കുകയോ നിൽക്കുകയോ ഇല്ല. ഇന്നലെകളിലെ യസീദുമാർ അവ നിറുത്തിക്കാൻ നോക്കിയതാണ്. ഇന്നത്തെ യസീദുമാർ അവ നിറുത്തിക്കാൻ നോക്കുന്നുണ്ടായിരിക്കാം. നാളത്തെ യസീദുമാർ അതിനെ നിറുത്തിക്കാൻ നോക്കുമായിരിക്കാം. പക്ഷെ, ഹുസൈനിസദസ്സുകളും കർബലാ മാത്തമുകളും അന്ത്യനാൾ വരെ തുടരും. ഹുസൈന്റെ നാമം ലോകാന്ത്യം വരെ സജീവമായി ലോകത്ത് മുഴങ്ങണമെന്നത് അല്ലാഹുവിന്റെ നിശ്ചയമാണ്.

നാം നമ്മുടെ മനസ്സുകളെ കർബലാ മണലാരണ്യത്തിലേയ്ക്കു തന്നെ തിരിച്ചു നിറുത്തുക. അതാ കർബലാരക്തസാക്ഷികളുടെ ഒടുവിലത്തെ രാവായ ഒമ്പതാം രാത്രി വന്നണഞ്ഞു. ദുരിതപൂർണമായ രാവ്. ഹുസൈന്റെ ക്യാമ്പിൽ ആരും ഉറങ്ങുന്നില്ല. ആണുങ്ങളെല്ലാം പ്രാർത്ഥനയിലും ഖുർആൻ പാരായണത്തിലുമാണ്. ഉമ്മമാർ മക്കളെ ഒരുക്കുന്നതിൽ വ്യാപൃതരാണ്. അടുത്ത ദിവസമാണല്ലോ ആശൂറ. കർബലായുദ്ധത്തിന്റെ ദിവസം. ഉമ്മമാർ കുട്ടികളെ ഉണർത്തുന്നതെന്താണ്? ജീവൻ കാത്തുകൊള്ളണമെന്നാണോ? സ്വരക്ഷക്കായി ഒളിച്ചു പാർത്തു കൊള്ളണമെന്നാണോ? ഒരിക്കലുമല്ല. ജീവൻ ബലി നൽകിക്കൊള്ളണമെന്ന്. മരിക്കാനാണവർ മക്കളെ ഉപദേശിക്കുന്നത്. അവർക്ക് മക്കളോട് സ്നേഹമില്ലാഞ്ഞിട്ടായിരുന്നോ അത്? അവർക്കുമില്ലായിരുന്നോ ഓരോ മാതൃഹൃദയം? മക്കളുടെ കാര്യത്തിൽ അവർക്കുമുണ്ടായിരുന്നിരിക്കില്ലെ ഉത്ക്കണ്ഠ? പിന്നെയെന്തിനാണവർ മക്കളെ മരിക്കാൻ വിട്ടത്? അവർക്കറിയാമായിരുന്നു ഹുസൈന്റെ മാർഗ്ഗം ശരിയായിരുന്നുവെന്ന്; അവർക്കറിയാമായിരുന്നു തങ്ങളുടെ മക്കളുടെ ജീവാഹുതി കൊണ്ടേ ഇസ്ലാം രക്ഷപ്പെടുകയുള്ളുവെന്ന്; അവർക്കറിയാമായിരുന്നു അല്ലാഹുവിന്റെ തൃപ്തി അതുവഴിയാണ് കരസ്ഥമാക്കാൻ കഴിയുമായിരുന്നുള്ളുവെന്ന്.

ഉമ്മുലൈല അലി അക്ബറിനോട് പറയുകയാണ്: "മകനേ, അലി അക്ബർ, നാളെ യുദ്ധമാണ്. നിന്റുപ്പയുടെ ജീവനെക്കാൾ ഒട്ടും

വിലപ്പെട്ടതല്ല നിന്റെ ജീവൻ. നിന്റുപ്പയ്ക്ക് നാളെ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് നിനക്കൂഹിക്കാമല്ലോ. മോനെ, ഉപ്പയുടെ ജീവൻ രക്ഷിക്കാൻ നീ നിന്റെ ജീവൻ ബലി നൽകുക." ഉമ്മുറുബാബ് അലി അസ്ഗറിനോട് പറയുന്നതോ: "കുഞ്ഞുമോനേ, അലി അസ്ഗർ, നീ വലുതായിരുന്നെങ്കിൽ എന്നാശിക്കയാണ് ഞാൻ. നിന്റുപ്പാന്റെ ജീവൻ രക്ഷിക്കാൻ എങ്കിൽ എനിക്കു നിന്നെ ബലി നൽകാമായിരുന്നു." ഉമ്മുഫർവ ഖാസിമിനെ നോക്കിപ്പറയുകയാണ്: "ഖാസിം, ഉപ്പ ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ നാളത്തെ ഒന്നാമത്തെ രക്തസാക്ഷി അദ്ദേഹം തന്നെയാകുമായിരുന്നു. അന്ത്യവിധി നാളിൽ മോൻ ഉപ്പയുടെ മുമ്പിൽ ഈ ഉമ്മയെ വഷളാക്കരുതേ. അതിനാൽ എളാപ്പാന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി സ്വന്തം ജീവൻ ത്യജിക്കാൻ മടിക്കരുത് കെട്ടോ."

ഒഴിഞ്ഞിരുന്ന് കരയുകയായിരുന്ന ഉമ്മുകുൽഥൂമിന്റെ അരികിലെത്തിയ അബ്ബാസ് അവരോട്: ''കരയുകയോ? എന്തിന്?'' ഉമ്മുകുൽഥൂമിന്റെ മറുപടി: "നാളെയാണല്ലോ ബലിദിനം. എനിക്കു ബലി നൽകാൻ മക്കളില്ലാതെ പോയല്ലോ" അബ്ബാസ് അവരെ ആശ്വസിപ്പിച്ചതിങ്ങനെ: "അതിന് കരയണ്ട. ഞാനിതാ അബ്ബാസ്. എന്നെ ഞാൻ ബലി നൽകുന്നത് എന്റെ ഉമ്മുകുൽഥൂമിന്റെ പേരിലായിരിക്കും.''

തൊട്ടപ്പുറത്തതാ സൈനബിരിക്കുന്നു. മക്കൾ രണ്ടുപേരുമുണ്ട് അരികിൽ. സൈനബ് തന്റെ മക്കളോട്: "മക്കളേ, ഔൻ, മുഹമ്മദ്, നാളെ യുദ്ധമാണെന്നറിയില്ലേ? നിങ്ങളുടെ അമ്മാവൻ ഹുസൈനാരുടെ ജീവൻ അപായപ്പെടുത്താനാണ് ശത്രുക്കൾ നിൽക്കുന്നത്. നിങ്ങൾ രണ്ടും ജീവിച്ചിരിക്കെ ഹുസൈനാർക്ക് വല്ലതും സംഭവിച്ചാൽ നാണക്കേടായിരിക്കും ഉമ്മാക്കത്. വല്യുമ്മാനെ അന്ത്യവിധി നാളിൽ ഉമ്മാക്ക് കാണാൻ പറ്റില്ല കെട്ടോ അങ്ങനെ സംഭവിച്ചാൽ. മക്കളേ ഉമ്മാനെ അപമാനപ്പെടുത്തരുതേ. നിങ്ങൾ രണ്ടുപേരുമായിരിക്കണം ആത്മബലിയിൽ പ്രഥമന്മാർ."

ആശൂറാനാളായി. അലി അക്ബർ സുബ്ഹ്ബാങ്ക് വിളിച്ചു. ഇമാം ഹുസൈന്റെ നേതൃത്വത്തിൽ നമസ്കാരം നടന്നു. കൊടും ചൂടുള്ള ദിവസം. യസീദിന്റെ ഇരുപതിനായിരം പേരടങ്ങുന്ന പട്ടാളസംഘത്തോട് ഹുസൈന്റെ വിശന്നും ദാഹിച്ചും ക്ഷീണിച്ച എഴുപത്തിരണ്ട് പേർ മുഖാമുഖം നിൽക്കുന്നു. ആദ്യം ഹുർറ് പടക്കളത്തിലിറങ്ങി രക്തസാക്ഷിത്വം വരിച്ചു. തുടർന്ന് ഹുസൈന്റെ ക്യാമ്പിൽ നിന്ന് ഓരോരുത്തരായി ഇറങ്ങി വീരമൃത്യു വരിച്ചു കൊണ്ടിരുന്നു. ഓരോരുത്തരുടെയും മൃതദേഹം ടെന്റിലേയ്ക്കു എത്തിക്കൊണ്ടിരിക്കയാണ്. അത് കണ്ടുകൊണ്ടിരുന്ന സൈനബ് മക്കളോട്: "ഔൻ, മുഹമ്മദ്, എന്താണ് നോക്കി നിൽക്കുന്നത്? നിങ്ങളെ യുദ്ധക്കളത്തി

ലല്ലെ കാണേണ്ടത്? ചെല്ലൂ, ഇസ്‌ലാമിന്റെ ശത്രുക്കളോട് പോരാടൂ."

"ഉമ്മാ, ഇക്കാക്ക ഞങ്ങളെ വിടുന്നില്ല. ഞങ്ങൾ നേരം വെളുത്തതു മുതൽ സമ്മതം ചോദിക്കാൻ തുടങ്ങിയതാണ് യുദ്ധത്തിനിറങ്ങാൻ. ഇനി നിങ്ങൾ പറയുക. ഹുസൈനിക്കാക്കയോട് ഞങ്ങൾക്ക് യുദ്ധത്തിനിറങ്ങാൻ സമ്മതം തരാൻ." സൈനബ് ഹുസൈനെ കൂടാരത്തിലേക്കു വിളിപ്പിച്ചിട്ട്: "ഹുസൈൻ, ഞാൻ ഹുസൈന് ഉമ്മയെപ്പോലെയല്ലേ. കുട്ടികളെ രണ്ടിനെയും യുദ്ധത്തിനു വിടാൻ ഉമ്മ ഫാത്തിമാബീവി ആവശ്യപ്പെടുന്നുണ്ട്."

"സൈനബ്, എന്താണിപ്പറയുന്നത്, അവർ കുട്ടികളല്ലേ. ഞാൻ ജീവിച്ചിരുന്നുകൊണ്ട് യുദ്ധം നിർബന്ധമില്ലാത്ത കുട്ടികളെ പടക്കളത്തിലേക്ക് കൊല്ലപ്പെടാൻ വിടുകയോ?" സൈനബ് വീണ്ടും ഹുസൈനോട്: "ഹുസൈൻ, ഔനിനും മുഹമ്മദിനും മുമ്പായി അലി അക്ബർ രക്തസാക്ഷിയായെന്നിരിക്കട്ടെ, എന്തായിരിക്കും അന്ത്യവിധി നാളിൽ നമ്മുടെ ഉമ്മ ഫാത്തിമാബീവിയോട് ഞാൻ സമാധാനം പറയുക? അവരെ പറഞ്ഞയക്കൂ ഹുസൈൻ പടക്കളത്തിലേക്ക്."

സൈനബിന്റെ കരച്ചിൽ കണ്ടു സഹിക്കാനാവാതെ ഹുസൈൻ ഔനിനെയും മുഹമ്മദിനെയും കെട്ടിപ്പിടിച്ചുമ്മവെച്ച് കുതിരപ്പുറത്തേറ്റി പടക്കളത്തിലേയ്ക്കയച്ചു. "പോയിട്ട് ആ കാട്ടുജന്തുക്കൾക്ക് കാണിച്ചുകൊടുക്കൂ, നിങ്ങളുടെ സിരകളിൽ അലിയുടെയും ജഅ്ഫറിന്റെയും രക്തമുണ്ടെന്ന്," ഹുസൈൻ കുട്ടികളോട് പറഞ്ഞു. അങ്ങനെ ഉമ്മയോട് യാത്ര ചോദിച്ച് രണ്ടുപേരും പടക്കളത്തിലേക്കു പാഞ്ഞു. പടക്കളത്തിലെത്തിയ ഔനും മുഹമ്മദും തങ്ങളുടെ സിരകളിൽ അലിയുടെയും ജഅ്ഫറിന്റെയും രക്തമുണ്ടെന്ന് തെളിയിക്കും വിധം ധീരധീരം പടവെട്ടി നീങ്ങിയതോടെ യസീദിന്റെ സൈന്യത്തിൽ ഒട്ടേറെ പേർ കൊല്ലപ്പെടുകയും സൈന്യം പിന്നോട്ട് പിന്നോട്ട് നീങ്ങുകയും ചെയ്തുകൊണ്ടിരുന്നു. മൂന്നു ദിവസം തുടർച്ചയായി ഭക്ഷണവും വെള്ളവും കിട്ടാതിരുന്നിട്ടും അവർ കാണിച്ച ധൈര്യവും യുദ്ധപാടവവും ഹുസൈനെയും അവർക്ക് ആയോധനമുറ പഠിപ്പിച്ച അബ്ബാസിനെയും ഹർഷപുളകിതരാക്കി.

ആ രംഗം വീക്ഷിച്ച യസീദിന്റെ പടത്തലവൻ ഉമർ സഅദ് പരിഭ്രാന്തനായി. കുട്ടികളെ രണ്ടു പേരെയും രണ്ടു ഭാഗത്താക്കി നാലു ഭാഗത്തു നിന്നും അവർക്കു നേരേ ആക്രമണം അഴിച്ചുവിടാനായി ഉമറിന്റെ കല്പന. അങ്ങനെ രണ്ടു പേരും രണ്ടു വ്യത്യസ്ത ഭാഗങ്ങളിലായി. അങ്ങനെ അമ്പും വാളും കുന്തവും കഠാരയുമെല്ലാം ഉപയോഗിച്ചു കൊണ്ട് നാനാഭാഗത്തു നിന്നുമായുള്ള അശ്വസേനയുടെ ആക്രമണം കുട്ടികളെ തളർത്തി. "അമ്മാവാ, വരൂ ഞങ്ങളെ സഹായിക്കൂ. ഞങ്ങളിതാ ഇവിടെ വീണു കിടക്കുന്നു" എന്ന വിളിയാണ് ഒടുവിൽ ഹുസൈന് കേൾക്കാനായത്. ഹുസൈനും അബ്ബാസും യുദ്ധ

ക്കളത്തിലേക്കോടിയെത്തി. ഗുരുതരമായ മുറിവേറ്റ കുട്ടികൾ അവസാന ശ്വാസം വലിച്ചു കൊണ്ടിരുന്നു. "അമ്മാവാ, ഉമ്മാക്ക് ഞങ്ങളുടെ സലാം പറയുക. ഉമ്മ പറഞ്ഞതുപോലെ തന്നെ ഞങ്ങൾ പുഴയിലേയ്ക്ക് പോയിട്ടില്ലെന്നും പറയുക." അതായിരുന്നു അവരുടെ അവസാന വാക്ക്.

ഹുസൈനും അബ്ബാസും ചേർന്ന് ഔനിന്റെയും മുഹമ്മദിന്റെയും മൃതദേഹങ്ങൾ വഹിച്ചു വരുന്നതു കണ്ട അലി അക്ബർ ഒരട്ടഹാസം: "എന്റെ ഔനും മുഹമ്മദും കൊല്ലപ്പെട്ടല്ലോ." സൈനബ് ഇത് കേട്ട് കരഞ്ഞില്ല. അവർ മുസ്വല്ല വിരിച്ച് സുജൂദ് ചെയ്യുകയായിരുന്നു. "അല്ലാഹുവേ, നന്ദി! എന്റെ ബലി നീ സ്വീകരിക്കണേ! അല്ലാഹുവേ, ഇസ്‌ലാമിനുവേണ്ടി രണ്ടു മക്കളെ ബലി നൽകാനായതിൽ ഞാൻ അഭിമാനം കൊള്ളുന്നു." അവർ പറഞ്ഞു കൊണ്ടിരുന്നു.

ഔനിന്റെയും മുഹമ്മദിന്റെയും ജഡങ്ങൾ താഴെ വെച്ചപ്പോൾ കൂടാരത്തിലെ സ്ത്രീകൾ ചുറ്റുമിരുന്നു വിലപിച്ചു കൊണ്ട് മാത്തം നടത്തി. സൈനബ് കരഞ്ഞില്ല. അവർ മാത്തം നടത്തിയതുമില്ല.

മാത്തം അൽഹുസൈൻ...

## മജ്ലിസ് 7

# ഖാസിം

ഫാത്തിഹക്കു ശേഷം...

നാം മാത്തം തുടങ്ങിയിട്ട് ഏഴാം ദിവസമാകുമ്പോൾ നമുക്ക് മടുപ്പോ ക്ഷീണമോ അല്ല അനുഭവപ്പെടുന്നത്. കർബലയിലേയ്ക്ക് സഞ്ചരിച്ച് സാവേശം അടുക്കുന്നതിന്റെ പ്രതീതി സൃഷ്ടിക്കപ്പെടുകയും രക്തസാക്ഷികളുടെ സാമീപ്യം അനുഭവിക്കുന്നതിന്റെ സായൂജ്യം നുകരുകയുമാണ് ഓരോ നാളിലും നാം. കർബലാ വിലാപകരെ സേവിക്കാൻ വോളണ്ടിയർമാരും അവരെ സാമ്പത്തികമായി സഹായിക്കാൻ മറ്റുള്ളവരും സ്വയം തയ്യാറാകുന്നത് കണ്ടില്ലെ. ഈ കണ്ണീരും മാത്തവും സംഭാവനകളും വോളണ്ടിയേഴ്സിന്റെ സേവനുമെല്ലാം ഫാത്തിമാബീവി വീക്ഷിച്ചു നിൽക്കുകയാണ്. ഇതിന്റെയെല്ലാം ഫലം അന്ത്യവിധി നാളിൽ നാം കാണുക തന്നെ ചെയ്യും. ഇതിനൊക്കെയുള്ള പകരങ്ങൾ ഹുസൈന്റടുത്തു നിന്ന് അവിടെ വെച്ച് നമുക്ക് ലഭിക്കും. അവിടെ നമ്മെ സംരക്ഷിക്കാൻ ഫാത്തിമാബീവിയുണ്ടാകും. വല്ലാത്തൊരു പിരിമുറുക്കത്തിന്റെയും കെടുതികളുടെയും നാൾ തന്നെയായിരുന്നു കർബലയിലെ ഏഴാം നാൾ. കൊടുംചൂട്. ഒരിറ്റു വെള്ളം ഹുസൈന്റെ ക്യാമ്പിലെത്തുന്നുമില്ല. കുട്ടികൾ ദാഹിച്ചു വലയുന്നു. വെള്ളത്തിനുള്ള നിലവിളിയാണ് തുടരെത്തുടരെ കേൾക്കുന്നത്.

ഇതാ ഖാസിമിന്റെ രാവാണിത്. ഇമാം ഹസന്റെയും ഉമ്മു ഫർവയുടെയും പതിമൂന്ന് വയസ്സ് മാത്രമുള്ള മകൻ ഖാസിം. ആശൂറാ പ്രഭാതത്തിൽ അലി അക്ബറിന്റെ ബാങ്കിനെത്തുടർന്ന് സുബഹ് നിസ്കരിച്ച് ഓരോരുത്തരായി കർബലയുടെ ഗോദയിൽ ഇസ്ലാമിനു വേണ്ടി ജീവൻ നൽകിക്കൊണ്ടിരുന്നു. ളുഹ്റായപ്പോൾ ഇമാം ഹുസൈനും ഔൻ, മുഹമ്മദ്, ഖാസിം, അലി അക്ബർ അബ്ബാസ് എന്നിവരുമാണ് ആണുങ്ങളായി ക്യാമ്പിലുള്ളത്. തങ്ങൾ ജീവിച്ചി

രിക്കെ ഇമാമും ഉറ്റവരും പടക്കളത്തിലേയ്ക്ക് പൊയ്ക്കൂടാ എന്ന് നിർബന്ധമുള്ളവരാരും ഇപ്പോഴില്ല.

തുടർന്ന് ഔനും മുഹമ്മദും യുദ്ധക്കളത്തിലേയ്ക്ക് പോയി. അവർ തിരിച്ചു വരാത്തതു കണ്ട ഖാസിം ഉമ്മയോട് സമ്മതം ചോദിച്ചു. ഉമ്മ സമ്മതം കൊടുക്കാൻ ഹുസൈനോടാവശ്യപ്പെട്ടപ്പോൾ ഹുസൈന് വല്ലാത്തൊരു വൈമനസ്യം! “ഖാസിം, നീ ചെറുപ്പമാണ്. ഉമ്മയുടെ ഏകമകൻ. ജ്യേഷ്ഠൻ ഹസന്റെ വേർപാടിനു ശേഷം നിന്റെ സംരക്ഷണോത്തരവാദിത്തം എന്റെ ചുമലിലാണ്. നിന്റെ മുഖം പോലും എന്റെ ജ്യേഷ്ഠനെ ഓർമ്മിപ്പിക്കുന്നു. എനിക്ക് കഴിയുന്നില്ല ഖാസിം നിനക്ക് സമ്മതം തരാൻ.” ഖാസിം വീണ്ടും ഉമ്മയുടെ സഹായം തേടി. ഉമ്മ ഖാസിമിന് തന്റെ ഉപ്പ കയ്യിൽ കെട്ടിക്കൊടുത്ത ഏലസ്സിനെക്കുറിച്ച് ഓർമ്മിപ്പിച്ചു. ഖാസിം ഏലസ്സ് തുറന്നപ്പോൾ അതിനുള്ളിൽ ഹുസൈനുള്ള ഒരു കത്ത് കണ്ടു. ഖാസിം അത് ഹുസൈന് നൽകി. അതിൽ ഇങ്ങനെ എഴുതിയിരുന്നു. “ഹുസൈൻ, സ്വയം ബലി കൊടുത്ത് ഇസ്‌ലാമിനെ സംരക്ഷിക്കേണ്ട ഒരു ദിവസം വരാനുണ്ട്. അന്ന് ഞാനുണ്ടാവില്ല. പകരം ഖാസിം എന്നെ പ്രതിനിധാനം ചെയ്യണമെന്നാണ് ഞാനാഗ്രഹിക്കുന്നത്.”

കത്ത് വായിച്ചു കഴിഞ്ഞ ഉടൻ ഹുസൈൻ ഖാസിമിനെയും കൂട്ടി സൈനബിന്റടുത്ത് ചെന്നിട്ട് ഇമാം ഹസന്റെ വസ്ത്രവും തലപ്പാവും വാങ്ങി ഖാസിമിനെ ഉടുപ്പിച്ച് പറഞ്ഞു: “നോക്കൂ സൈനബ് എന്തൊരു ചന്തം! എന്റെ ഇക്കാക്ക ഹസന്റെ തനി രൂപമല്ലെ.” ഹസനെ അനുസ്മരിച്ചപ്പോൾ എല്ലാവരും കരഞ്ഞുപോയി. തുടർന്ന് പടച്ചട്ടയും ആയുധവും നൽകി ഹുസൈൻ ഖാസിമിനെ യാത്രയയ്ക്കുമ്പോൾ ചെറുപ്പം കാരണം വാൾ നിലത്തൂടെ വലിച്ചാണ് ഖാസിം നടന്നു പോയത്. സ്വയം കുതിരപ്പുറത്ത് കയറാൻ എത്താത്തത് കാരണം അബ്ബാസാണ് കയറ്റിക്കൊടുത്തത്. കൊച്ചു കുതിരപ്പടയാളി ഖാസിം. കാൽ ജീനിയിൽ ചവിട്ടാൻ എത്തുന്നുപോലുമില്ല. എന്നിട്ടും ഖാസിമിന് ഇസ്‌ലാമിനെ രക്ഷിക്കണം. ഹസന്റെ പുത്രനല്ലെ? അലിയുടെ പൗത്രനല്ലെ. അബ്ബാസിന്റെ പരിശീലനം കിട്ടിയ ഖാസിം വീരശൂരം പൊരുതി. ചരിത്രത്തിന് മറക്കാനാവാത്ത പോരാട്ടം. ശത്രുവിന് മറികടക്കാനാവുന്നില്ല ഖാസിമിനെ. പിന്നിൽ കൂടി ചെന്നിട്ടാണ് ഒടുവിൽ യസീദിന്റെ ചില പട്ടാളക്കാർ ഖാസിമിന്റെ തലയ്ക്കു വെട്ടിയത്. മൂന്നു നാളായി ഒരിറക്ക് വെള്ളം പോലും കുടിക്കാൻ കിട്ടാതിരുന്ന ഖാസിം അങ്ങനെ തളർന്നു. രക്തത്തിൽ കുളിച്ച് കുതിരപ്പുറത്തു നിന്ന് താഴെ വീണ ഖാസിം വിളിച്ചു പറഞ്ഞു: “എളാപ്പാ വരിൻ, എന്നെ സഹായിക്കാൻ.”

ഹുസൈനും അബ്ബാസും ചേർന്ന് പാഞ്ഞു ചെല്ലുന്നതു കണ്ട യസീദിന്റെ പട്ടാളക്കാർ ഇരുവരും തങ്ങളെ ആക്രമിക്കാൻ വരികയാ

ണെന്ന് ധരിച്ച് കുതിരകളെ അങ്ങോട്ടുമിങ്ങോട്ടും പായിച്ചപ്പോൾ നിലത്തു വീണുകിടക്കുകയായിരുന്ന ഖാസിമിന്റെ മേൽകൂടി അവ ചവിട്ടിക്കടന്നു. അതേസമയം ഹുസൈനും അബ്ബാസും ഖാസിമിനെ തിരയുകയായിരുന്നു. അവർ ഖാസിമിനെ വിളിച്ചു നോക്കിയെങ്കിലും മറുപടിയുണ്ടായില്ല. യസീദിന്റെ പട പിൻവാങ്ങിക്കഴിഞ്ഞപ്പോൾ കുതിരച്ചവിട്ടേറ്റ് ചതഞ്ഞ് പല കഷ്ണങ്ങളായ ഖാസിമിന്റെ ജഡമാണ് കാണാനായത്. കയ്യും കാലും വേർപ്പെട്ട് കർബലാ മണലിൽ ചിതറിക്കിടക്കുന്ന ഖാസിമിനെക്കണ്ട ഹുസൈൻ വസ്ത്രമഴിച്ച് ചിതറിക്കിടക്കുന്ന ജഡഭാഗങ്ങൾ അതിൽ കെട്ടിപ്പൊതിഞ്ഞ് അബ്ബാസിന്റെ സഹായത്തോടെ ടെന്റിലെത്തിച്ചു. സൈനബും ഫിസ്സയും കൂടി ആ കെട്ട് ഏറ്റുവാങ്ങി. സ്ത്രീകൾ കൂടിയിരുന്ന് വിലാപം തുടങ്ങി. അവർ മാത്തം നടത്തി. യാഖാസിമാ... യാഖാസിമാ...

മാത്തം അൽഹുസൈൻ...

## മജ്ലിസ് 8

# അബ്ബാസ്

ഫാത്തിഹയ്ക്കുശേഷം...

ഇന്ന് അബ്ബാസിന്റെ രാവാണ്. നാം ഏറെയേറെ പൊട്ടിപ്പൊട്ടി ക്കരയേണ്ട രാവ്. ആരാണ് അബ്ബാസ്? പടയാളിയായ അബ്ബാസ്! വീര ശൂരനായ അബ്ബാസ്! ശക്തിശാലിയായ അബ്ബാസ്! ധ്വജവാഹിയായ അബ്ബാസ്! സൈന്യാധിപനായ അബ്ബാസ്! ഉമ്മു കുൽഥൂമിന്റെയും സൈനബ് ബീവിയുടെയും കാര്യക്കാരനായ അബ്ബാസ്! സക്കീനയുടെ പ്രിയപ്പെട്ട എളാപ്പ! ഉമ്മുൽ ബനീന്റെ പ്രിയ സുതൻ. അലിയുടെ കേസരിക്കുട്ടി.

പിതാവിന്റെ ഗുണമഹിമകൾ ഒന്നൊഴിയാതെ പകർന്നു കിട്ടിയ വ്യക്തിത്വമായിരുന്നു അബ്ബാസിന്റേത്. അലിയുടെ ധൈര്യം, ശക്തി, ബുദ്ധികൂർമത, സ്നേഹാർദ്രത, അനുസരണ ബോധം, സത്യസന്ധത തുടങ്ങിയ എല്ലാ ഗുണമഹിമകളും അനന്തരമെടുത്തിരിക്കയായിരുന്നു അബ്ബാസ്. മരണനേരത്ത് അലി അബ്ബാസിന്റെയും ഹുസൈന്റെയും കൈകൾ ചേർത്തുപിടിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞത് അബ്ബാസ് എന്നും ഓർക്കുമായിരുന്നു: "അബ്ബാസ്, ഹുസൈൻ ഫാത്തിമയുടെ മകനാണ്. നീ എന്റെയും. ഹുസൈൻ നിന്റെ നേതാവും നീ ഹുസൈന്റെ സേവകനുമായിരിക്കണം. ഹുസൈനെ നീ തുണക്ക ണം." അന്നു മുതൽ ഹുസൈന്റെ ഏതാവശ്യവും നിവർത്തിച്ചു കൊടു ക്കാൻ ശ്രമിക്കുമായിരുന്നു അബ്ബാസ്. തന്റെ നേതാവായിക്കൊണ്ടു തന്നെയാണ് അബ്ബാസ് ഹുസൈനെ കണക്കാക്കിയിരുന്നത്. കുൽഥൂം ബീവിയോടും സൈനബ് ബീവിയോടും വല്ലാത്ത ബഹുമാനമായി രുന്നു അബ്ബാസിന്. കർബലയിൽ തന്നെ നിഴൽ പോലെ പിന്തുടർന്നി രുന്ന അബ്ബാസിനോട് ഹുസൈന് പലപ്പോഴും പറയേണ്ടി വന്നിട്ടുള്ള ഒരു വാചകമിതായിരുന്നു. "അബ്ബാസ്, വാൾ ഉറയിലിടുക. നാം വന്നി ട്ടുള്ളത് ഇസ്ലാമിനെ രക്ഷിക്കാനാണ്. നമുക്ക് വേണ്ടത് ക്ഷമയാണ്.

യഥാർത്ഥ ഇസ്‌ലാമിനെ വാൾ കൊണ്ടല്ല, സ്വഭാവത്തിലൂടെ പ്രബോധനം ചെയ്യുകയാണ് നമ്മുടെ ലക്ഷ്യം."

ഹുസൈൻ പുഴക്കരയിൽ കെട്ടിയിരുന്ന കൂടാരങ്ങൾ യസീദിന്റെ പട്ടാളക്കാർ പൊളിച്ചു മാറ്റിയപ്പോൾ കുപിതനായി വാൾ ഊരിയ അബ്ബാസിനോട് ഇതേ വാക്ക് തന്നെയാണ് ഹുസൈന് പറയാനുണ്ടായിരുന്നത്. അത്രമാത്രം നീചമായ പെരുമാറ്റമുണ്ടായിട്ടും അതിനെതിരിൽ ഊരിയ വാൾ ഉറയിൽ തന്നെയിടാൻ അബ്ബാസിന് കഴിഞ്ഞുവെങ്കിൽ അത്രമാത്രം ക്ഷമാശക്തിയുമുണ്ട് അബ്ബാസിനെന്നതിന് തെളിവാണത്.

ആശൂറാദിനത്തിൽ അലി അക്ബറിന്റെ ബാങ്കിനെത്തുടർന്ന് ഇമാമിന്റെ നേതൃത്വത്തിൽ എല്ലാവരും സുബ്ഹ് നിസ്കരിച്ച് ഓരോരുത്തരായി യുദ്ധക്കളത്തിലിറങ്ങി പടവെട്ടി രക്തസാക്ഷിത്വം വരിച്ചുകൊണ്ടിരുന്നു. ഓരോ ജഡം തമ്പിലെത്തിച്ചു കഴിയുമ്പോഴും അബ്ബാസ് തനിക്ക് പോയി യുദ്ധം വെട്ടാൻ സമ്മതം ചോദിക്കുമായിരുന്നു ഹുസൈനോട്. അപ്പോഴൊക്കെ ഹുസൈൻ അബ്ബാസില്ലാതിരിക്കുന്നതിലുള്ള തന്റെ ഒറ്റപ്പെടലും സൈന്യാധിപൻ എന്ന നിലക്കുള്ള തന്റെ ചുമതലയും മറ്റും ചൂണ്ടിക്കാട്ടി അബ്ബാസിനെ അടക്കി നിർത്തുകയായിരുന്നു. അങ്ങനെ ഔനും മുഹമ്മദും രക്തസാക്ഷിത്വം വരിച്ചതും ഖാസിമിന്റെ ദേഹം കുതിരച്ചവിട്ടേറ്റ് ഛിന്നഭിന്നമാക്കപ്പെട്ടതുമെല്ലാം കണ്ട അബ്ബാസ് വളരെ അസ്വസ്ഥനായി. ഉമ്മു കുൽഥൂമിന്റെയും സൈനബിന്റെയും സമ്മതത്തോടെ തനിക്കു പടക്കളത്തിൽ പോകാൻ കഴിയില്ലെന്ന് ഗ്രഹിച്ച അബ്ബാസ് ഹുസൈന്റെ ടെന്റിലേയ്ക്ക് പലവട്ടം പോയിമടങ്ങി. എന്തു പറഞ്ഞാലാണ് തനിക്ക് സമ്മതം കിട്ടുകയെന്ന ചിന്തയാണ് അബ്ബാസിനെ അസ്വസ്ഥനാക്കിയത്.

അങ്ങനെയിരിക്കെ സക്കീനമോൾ വെള്ളപ്പാത്രവുമായി അബ്ബാസിനെ സമീപിച്ചിട്ടു പറഞ്ഞു. "എളാപ്പാ, കണ്ടില്ലേ എന്റെ വെള്ളപ്പാത്രം ഉണങ്ങിയിരിക്കുന്നത്, എന്തൊരു ദാഹം. ഈ സക്കീനാക്ക് സഹിക്കാനാവുന്നില്ല." അബ്ബാസിന് ഇതൊരവസരമാക്കാമെന്നു തോന്നി. സക്കീനാ മോളെയുമെടുത്ത് അബ്ബാസ് ഹുസൈനരികിൽ ചെന്നു. സക്കീനയെ മടിയിലിരുത്തി ഒന്നും പറയാതെ അവിടെ ഇരുന്നു. കാര്യം മനസ്സിലായ ഹുസൈൻ അബ്ബാസിന്റെയും സക്കീനയുടെയും വെള്ളപാത്രത്തിന്റെയും നേരെ മാറി മാറി നോക്കി. എന്നിട്ടു പറഞ്ഞു: "ശരി, അബ്ബാസ് പോയി സക്കീനാമോളുടെ പാത്രത്തിൽ വെള്ളമെടുത്തു വരിക. പക്ഷെ, വാളിവിടെ വെച്ചിട്ടു പോകണം. യുദ്ധത്തിനല്ല നീ പോകുന്നത്. സക്കീനാ മോൾക്ക് കുടിവെള്ളം കൊണ്ടു വരാൻ മാത്രമാണ്."

അബ്ബാസ് വാൾ ഹുസൈന്റെ കയ്യിൽ കൊടുത്ത് കുഞ്ഞു സക്കീനക്കൊരുമ്മയും നൽകി അവളെ താഴെവെച്ച് 'പ്രാർത്ഥിക്കൂ

കെട്ടോ, എളാപ്പ വെള്ളമെടുത്ത് വരാൻ നോക്കട്ടെ' എന്നു പറഞ്ഞ് സൈനബിന്റടുത്ത് ചെന്നിട്ട് യുദ്ധത്തിന് പോകാൻ അനുമതി തേടി. സൈനബ് അബ്ബാസിനോട്: "എന്റെ ഹിജാബ് കവർന്നെടുക്കപ്പെടുമെന്ന് പറഞ്ഞു കേൾക്കുമ്പോഴൊക്കെ എനിക്ക് പതിനെട്ട് ആങ്ങളമാരുണ്ടായിരിക്കെ എന്റെ ഹിജാബ് കവർന്നെടുക്കാൻ ആർ ധൈര്യപ്പെടുമെന്നാണ് ഞാൻ ചോദിക്കുക. ഇപ്പോൾ നീ പോകയാണോ? എങ്കിൽ തീർച്ചയായും അത് സംഭവിക്കുമെന്നു തന്നെ എനിക്ക് വിശ്വസിക്കേണ്ടി വരും."

ഒരു കയ്യിൽ ഹുസൈന്റെ സൈനികപതാകയും മറ്റേ കയ്യിൽ സക്കീനയുടെ വെള്ളപ്പാത്രവും ഒരു ശൂലവുമേന്തിയുമാണ് അബ്ബാസ് പടക്കളത്തിലെത്തിയത്. അങ്ങനെ അബ്ബാസ് യൂഫ്രട്ടീസിന്റടുത്തേക്ക് നീങ്ങി. അബ്ബാസിന്റെ യുദ്ധസാമർത്ഥ്യവും അലിയോടുള്ള സാമ്യതയും അറിയാമായിരുന്ന യസീദിന്റെ പട്ടാളക്കാരാരും അദ്ദേഹത്തോടേറ്റുമുട്ടാതെ മാറി നിന്നതേയുള്ളു. മുട്ടാൻ ചെന്ന ഏതാനും ചിലർ അബ്ബാസിന്റെ ശൂലത്തിനിരയാവുകയും ചെയ്തു. അങ്ങനെ നദിയിലിറങ്ങി സക്കീനയുടെ പാത്രത്തിൽ വെള്ളം നിറച്ചു. എന്നിട്ട് കുതിരയെ വെള്ളം കുടിപ്പിക്കാൻ ശ്രമിച്ചെങ്കിലും കുതിര ഹുസൈന്റെ ക്യാമ്പിനു നേരെ ദൃഷ്ടിയുയർത്തി നിന്നതേയുള്ളൂ. ആ നോട്ടം ഇങ്ങനെ പറയുന്നതുപോലെയായിരുന്നു: "ഈ നിറച്ച വെള്ളം സക്കീനാ മോളുടെ അടുക്കലെത്തുമെന്നുറപ്പുണ്ടോ? സക്കീനാ മോളും അലി അസ്ഗറും ദാഹിച്ചു വലയുമ്പോൾ ഞാനെങ്ങനെ വെള്ളം കുടിക്കും? വെള്ളം അവിടെയെത്തി അവരാദ്യം കുടിക്കട്ടെ. എന്നിട്ടുമതി എനിക്ക്."

അബ്ബാസ് ഒരു കയ്യിൽ പതാകയേന്തി മറ്റേകയ്യിൽ സക്കീനയുടെ വെള്ളപാത്രവും പിന്നെ ഒരു ശൂലവുമായി അങ്ങനെ മടങ്ങുകയാണ്. ഉമർ സഅ്ദ് ആ വെള്ളം കാമ്പിലെത്തുന്നത് തടയാൻ തന്റെ ഭടന്മാർക്ക് നിർദേശം കൊടുത്തു. ഭടന്മാർ അബ്ബാസിനു ചുറ്റും അണിനിരന്നു. പിന്നെ നാലുപാടു നിന്നും ശരവർഷമായി. അമ്പുകളേറ്റ് അബ്ബാസിന്റെ ശരീരത്തിൽ രക്തമൊഴുകിക്കൊണ്ടിരുന്നു. പെട്ടെന്ന് ഒരു ഭടൻ പിന്നിൽ കൂടി ചെന്ന് അബ്ബാസിന്റെ ചുമലിൽ വെട്ടി. കയ്യും കുന്തവും നിലത്തു വീഴുകയാൽ അബ്ബാസ് വെള്ളപ്പാത്രം കടിച്ചു പിടിച്ചു. മറ്റൊരു ഭടൻ അതിനിടയിൽ അബ്ബാസിന്റെ മറ്റേ ചുമലിലും വെട്ടി. പതാകയും അതേന്തിയിരുന്ന കൈയും നിലംപതിച്ചു. ഇപ്പോൾ അബ്ബാസ് വെള്ളപ്പാത്രം കടിച്ചു പിടിച്ച് കുതിരപ്പുറത്താണ്. വെള്ളം എങ്ങനെയെങ്കിലും സക്കീനക്കെത്തിച്ചു കൊടുക്കണമെന്ന ഉദ്ദേശ്യമായിരുന്നു അബ്ബാസിന്. അതിനുള്ള ശക്തി ഇപ്പോഴും അബ്ബാസിനുണ്ട്. പാത്രത്തിലാണെങ്കിൽ വെള്ളവുമുണ്ട്. പെട്ടെന്നൊരു അമ്പ് വന്ന് കുഞ്ഞു സക്കീനയുടെ വെള്ളപ്പാത്രത്തിനു കൊണ്ടു. വെള്ളം നില

ത്തൊഴുകി. അബ്ബാസിന് ഇനി ഒന്നും ചെയ്യാനില്ല. അദ്ദേഹം ഒരലർച്ച യോടെ കുതിരപ്പുറത്തു നിന്ന് താഴെ പതിച്ചു. "ഇമാം, ഒന്നു വരിക അവസാനമായി ഞാൻ അങ്ങയെ ഒന്നു കാണട്ടെ."

ഹുസൈൻ ഓടിപ്പുറപ്പെട്ടു. വഴിക്കുവെച്ച് അലി അക്ബറിനോട് ഹുസൈൻ ഇങ്ങനെ പറയുന്നുണ്ടായിരുന്നു. "എന്റെ മുതുകൊടിഞ്ഞു. എന്റെ ബലം പോയി. എന്റെ പതാകവാഹിയെ എനിക്ക് നഷ്ടപ്പെട്ടു." തന്റെ സഹോദരൻ കൈ രണ്ടും ഛേദിക്കപ്പെട്ടു ചോരയിൽ കുളിച്ചു കിടക്കുന്ന ഹൃദയഭേദകമായ കാഴ്ച ഹുസൈനെ തളർത്തി. അദ്ദേഹം അബ്ബാസിന്റെ ശിരസ്സ് തന്റെ മടിയിൽ എടുത്തുവെച്ചു കൊണ്ടിങ്ങനെ വിതുമ്പി. "അബ്ബാസ്, നീയും എന്നെ വിട്ടു പോകുന്നുവല്ലെ? നീയില്ലാതെ ഞാനെന്തു ചെയ്യാനാണ്?" അനന്തരം തന്നെ വ്യക്തമായി കാണേണ്ടതിനായി ഹുസൈൻ അബ്ബാസിന്റെ കണ്ണിൽ മൂടി നിന്ന രക്തം തുടച്ച് മാറ്റിക്കൊടുത്തു. ഒടുവിൽ അബ്ബാസിന്റെ അഭ്യർത്ഥന തന്റെ ജഡം ടെന്റിലേക്കു കൊണ്ടു പോകരുതെന്നായിരുന്നു. സക്കീനയും സൈനബും കുൽഥൂമും അക്കോലത്തിൽ തന്റെ ജഡം കണ്ടാലത്തെ സ്ഥിതി ഓർത്തുകൊണ്ടാണ് അബ്ബാസ് അതു പറഞ്ഞത്. അങ്ങനെ ഹുസൈന്റെ മടിയിൽ കിടന്ന് അബ്ബാസ് അന്ത്യ ശ്വാസം വലിച്ചു. ഹുസൈൻ സക്കീനയുടെ വെള്ളപ്പാത്രവും അബ്ബാസ് ഏന്തിയിരുന്ന പതാകയുമായി ടെന്റിലേക്കു വരികയാണ്. അത് കണ്ട് സന്തോഷത്തോടെ കുഞ്ഞു സക്കീന വിളിച്ചു പറഞ്ഞു: "കുട്ടികളെ വരിൻ. എളാപ്പ വെള്ളവും കൊണ്ടതാ വരുന്നു. ഞാൻ നിങ്ങൾക്കെല്ലാം വെള്ളം കുടിക്കാൻ തരും!!'" ടെന്റിൽ മടങ്ങിയെത്തിയ ഹുസൈൻ വിളിച്ചു പറഞ്ഞു: "പതാക വന്നിരിക്കുന്നു. പതാക വാഹകൻ വന്നിട്ടില്ല."

ഇന്നാലില്ലാഹ്...
മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 9

# അലി അക്ബർ

ഫാത്തിഹയ്ക്കു ശേഷം...

ഹുസൈന്റെ ക്യാമ്പിലേയ്ക്ക് വെള്ളം എത്താതായിട്ട് ഇത് രണ്ടാം രാവ്. കർബലയിലാവട്ടെ, അത്യുഷ്ണമാണ്. വിശപ്പും ദാഹവും കാരണം കുട്ടികൾ ഉറങ്ങുന്നുപോലുമില്ല. വെള്ളം വെള്ളം എന്നു പറഞ്ഞു കൊണ്ടുള്ള അവരുടെ നിലവിളി ഹുസൈന്റെ കാതുകളി ലൂടെ ഹൃദയത്തിൽ ചെന്നലയ്ക്കുകയാണ്. ഹുസൈൻ ഏറെ സഹി ച്ചു. ഇനിയും സഹിക്കുക തന്നെ. ഇനിയിപ്പോൾ ആശൂറാ നാളാവുക യാണ്. വിശ്വസ്തസുഹൃത്തുക്കളെയെല്ലാം ബലി നൽകി ഒറ്റപ്പെടാൻ പോവുകയാണ് ഹുസൈൻ. ഔനും മുഹമ്മദും കൊല്ലപ്പെടുന്നു. ഖാസിമിന്റെ ദേഹം പിച്ചിച്ചീന്തപ്പെടുന്നു. അബ്ബാസിന്റെ കൈകൾ വെട്ടി വേർപെടുത്തപ്പെടുന്നു. ഇനിയിതാ വരുന്നു ഹുസൈന്റെ പതിനെട്ടു വയസ്സുള്ള പുത്രൻ അലി അക്ബറിന്റെ ഊഴം. നാം കരയുക. വീണ്ടും വീണ്ടും കരയുക. പൊട്ടിപ്പൊട്ടിക്കരയുക. ഫാത്തിമാബീവിയിതാ നമ്മോടൊപ്പം കരയാനെത്തിയിരിക്കുന്നു. മൗലാ അലിയിതാ- ഹുസൈനിതാ, സൈനബ് ബീവിയിതാ... നമുക്കു കൂടിക്കരയാം.

അലി അക്ബർ! ഹുസൈന്റെ ജീവിത ഫലമായ അലി അക്ബർ, സൈനബിന്റെയും ഉമ്മുലൈലയുടെയും പ്രിയപ്പെട്ട അലി അക്ബർ, പ്രവാചക പുംഗവരുടെ തൽസ്വരൂപമായ അലി അക്ബർ. ഇത് അലി അക്ബറിന്റെ രാവ്. കർബലയിൽ ആശൂറയുടെ പകൽ ഉദയത്തോടടുക്കുകയാണ്. ഫജ്റിന്റെ സമയം. ഹുസൈൻ അലി അക്ബറിനെ വിളിച്ചു പറയുകയാണ്: “മോനേ, അലി അക്ബർ ബാങ്ക് വിളിക്കുക. എന്റെ വല്യുപ്പയുടെതുപോലുള്ള നിന്റെ ആ സ്വരം ഞാൻ കേൾക്കട്ടെ.”

“അല്ലാഹു അക്ബർ, അല്ലാഹു അക്ബർ...” അലിയുടെ ബാങ്കൊലി കർബലയിലാകെ പ്രതിധ്വനി സൃഷ്ടിക്കുന്നു. അന്നത്തെ

ബാങ്കിന് ഒരസാധാരണത്വമുണ്ട്. അലി അക്ബറിന്റെ അവസാനത്തെ ബാങ്കാണത്. അതിനാൽ വികാര വിജൃംഭിതമാണ് ആ ബാങ്ക്. ഹുസൈൻ അത് കേട്ടു കരയുകയാണ്. പ്രവാചകരുടെ ഓർമ ഹുസൈന്റെ മനസ്സിൽ അതിന്റെ പ്രതിധ്വനിയാവുകയാണ്. ഹുസൈന്റെ ക്യാമ്പിലെ സ്ത്രീകളാകെ പൊട്ടിക്കരയുകയാണ്. ഉരുക്കുവനിതയായ സൈനബ് ബീവിയും കരയുകയാണ്. അങ്ങനെ പ്രഭാത നമസ്കാരം തീരുന്നതോടു കൂടി യുദ്ധം ആരംഭിക്കുകയാണ്. ഹുസൈന്റെ സംഘാംഗങ്ങൾ ഒന്നൊന്നായി യുദ്ധക്കളത്തിൽ ചെന്ന് വീരമൃത്യു വരിക്കുകയാണ്. ഔൻ, മുഹമ്മദ്, ഖാസിം– അങ്ങനെ ഓരോരുത്തരായി. അലി അക്ബറും അബ്ബാസും മൃതദേഹങ്ങൾ ക്യാമ്പിലെത്തിക്കാൻ ഹുസൈനെ സഹായിക്കുകയാണ്. ഒടുവിൽ സക്കീനാ മോൾക്ക് ദാഹം മാറ്റാൻ വെള്ളത്തിനു പോയ അബ്ബാസ് മടങ്ങി വരാതാവുകയാണ്. ഇപ്പോൾ ഹുസൈനും അലി അക്ബറും കൂടാരത്തിൽ തനിച്ച്...

"ഇനി ഞാനല്ലേ യുദ്ധത്തിനിറങ്ങേണ്ടത്? എനിക്ക് സമ്മതം തരിക" അലി അക്ബർ ഹുസൈനോട് സമ്മതം ചോദിക്കുന്നു. ഒരു പതിനെട്ടുകാരൻ പ്രായമായ ഉപ്പയോട് മരിക്കാൻ പോകാനാണീ സമ്മതം ചോദിക്കുന്നത്. വല്ലാത്തൊരു രംഗം.

"ശരി, ഉമ്മയോടും അമ്മായി സൈനബിനോടും കൂടി സമ്മതം വാങ്ങിയിട്ട് പൊയ്കൊള്ളുക." ഹുസൈന്റെ പ്രതികരണം കേട്ട ക്ഷണത്തിൽ അലി അക്ബർ ഉമ്മയുടെയടുക്കൽ ചെന്ന് ആദ്യം സമ്മതം വാങ്ങി. പിന്നീട് സൈനബിന്റടുക്കലെത്തിയിട്ട്: "അമ്മായീ, ആരുടെ ജീവനാണ് കൂടുതൽ വിലപ്പെട്ടത്, നിങ്ങളുടെ അലി അക്ബറിന്റേതോ, ഫാത്തിമാബീവിയുടെ മോൻ ഹുസൈന്റേതോ?"

"കുട്ടീ, അലി അക്ബർ, എന്താണിത്ര സംശയിക്കാൻ. ആയിരം ജീവൻ ബലി നൽകിയിട്ടായാലും ഹുസൈന്റെ ജീവൻ രക്ഷിക്കുന്നത് തന്നെ പ്രധാനം."

"എങ്കിൽ അമ്മായീ, ഇനി എന്നെ വിലക്കരുത്. ഇനി ഹുസൈന്റെ ജീവൻ രക്ഷിക്കാൻ ഞാൻ മാത്രമേയുള്ളൂ. എനിക്ക് സമ്മതം തരിക."

"ബിസിമില്ലാ– പൊയ്ക്കൊള്ളുക. അലി അക്ബർ. എനിയ്ക്കു സമ്മതമാണ്."

അലി അക്ബർ ഓരോരുത്തരോടായി യാത്ര പറഞ്ഞു. കുതിരപ്പുറത്തു കയറുമ്പോൾ എല്ലാവരും നോക്കി നിന്നു കരയുകയാണ്. കുതിര ഏതാനും അടി മുന്നോട്ടു നീങ്ങിയപ്പോൾ കുളമ്പടികൾക്കിടയിൽ ഒരു കാൽ പെരുമാറ്റം കേട്ട് അലി അക്ബർ തിരിഞ്ഞു നോക്കിയപ്പോൾ അതാ ഹുസൈൻ പിന്നാലെ...

"ഉപ്പാ, നിങ്ങളെങ്ങോട്ടാണ് പോരുന്നത്? ടെന്റിലേയ്ക്കു മടങ്ങി

പ്പോവുക.” “അലി അക്ബർ പൊയ്ക്കൊള്ളുക. പക്ഷെ, കണ്ണിൽ നിന്ന് മറിയുവോളം ഇടയ്ക്കിടെ തിരിഞ്ഞു നോക്കണം. ഞാൻ ഇവിടെത്തന്നെ നിൽക്കും. എനിക്കത്രയും നിന്നെ കാണാമല്ലോ, അതിനാണ്.”

അലി അക്ബർ ഹുസൈൻ ആവശ്യപ്പെട്ടതുപോലെ ഇടയ്ക്കിടെ പിന്തിരിഞ്ഞു നോക്കി നോക്കി പടക്കളത്തിലെത്തി.

ശത്രുപാളയത്തിൽ അലി അക്ബറിന്റെ സാന്നിധ്യം ഭയം ജനിപ്പിച്ചു. ഒട്ടേറെ പേരെ കൊലപ്പെടുത്തിയതിനുശേഷം താൻ പടക്കളത്തിൽ കാഴ്ച വെച്ച പ്രകടനത്തെപ്പറ്റി അഭിപ്രായമാരായാൻ അലി അക്ബർ ഉപ്പയുടെയടുക്കൽ വന്നു.

“ഉപ്പാ, നിങ്ങൾ കണ്ടിരുന്നോ ഞാൻ പടവെട്ടുന്നത്? എന്റെ എളാപ്പ അത് കാണാനുണ്ടായിരുന്നെങ്കിൽ എന്നു ഞാനാശിച്ചുപോയി. ഉപ്പാ... ഒരിറ്റ് വെള്ളം കിട്ടിയിരുന്നെങ്കിൽ... ദാഹം സഹിക്കാനാവുന്നില്ല. ഇത്തിരി വെള്ളം കുടിച്ച് ദാഹം തീർത്തിട്ടായിരുന്നെങ്കിൽ യസീദിന്റെ പട്ടാളക്കാരെ ഇനിയും കുറേ നരകത്തിലേക്കയക്കാമായിരുന്നു.”

“മോനേ, വന്ന് എന്റെ നാക്കൊന്നു തൊട്ടുനോക്ക്.” അലി അക്ബർ ഹുസൈന്റെ നാക്കിൽ തൊട്ടുനോക്കിയിട്ട്: “ഉപ്പാ എന്റേതിനേക്കാൾ വരണ്ടിരിക്കുന്നല്ലോ നിങ്ങളുടെ നാക്ക്!”

അലി അക്ബർ വീണ്ടും യുദ്ധ ഭൂമിയിലേക്കോടി. ഉമർ സഅ്ദിന്റെ കല്പന പ്രകാരം ഏതാനും പട്ടാളക്കാർ അലി അക്ബറിനെ ഒന്നിച്ചാക്രമിച്ചു. ഉള്ളിൽകൂടി ഇഴഞ്ഞെത്തിയ ഒരു ഭടൻ ആഞ്ഞു കുത്തിയ ശൂലം അലി അക്ബറിന്റെ മാറിൽ തുളച്ചു കയറുകയും ‘ഉപ്പാ, എന്റെ അവസാനത്തെ സലാം സ്വീകരിക്കുക’ എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അലി അക്ബർ കുതിരപ്പുറത്തുനിന്ന് താഴെ വീഴുകയും ചെയ്തു. അലി ഉപ്പയെ യുദ്ധക്കളത്തിലേയ്ക്ക് വിളിച്ചില്ലെങ്കിലും ഹുസൈൻ സ്ഥലത്തെത്തുകയും ‘മോനേ, നീയെവിടെ’യെന്നാർത്തു വിളിച്ച് ഓടിക്കൊണ്ടിരിക്കുകയും ചെയ്തു. ഒടുവിൽ കൈ രണ്ടും മാറിൽ വെച്ച് കർബലാ മണൽപ്പരപ്പിൽ വീണു കിടക്കുന്ന അലി അക്ബറിനെ അന്ത്യശ്വാസം വലിക്കുന്ന ഘട്ടത്തിലാണ് ഹുസൈൻ കണ്ടെത്തിയത്. അദ്ദേഹം അലി അക്ബറിന്റെ ശിരസ്സ് മടിയിൽ എടുത്തുവെച്ചു.

മാറിലേറ്റ ശൂലത്തിന്റെ വായ്ത്തല ഹൃദയത്തോളം ആഴ്ന്ന് പതിച്ചു കിടക്കുന്നത് ഉപ്പ കാണേണ്ടെന്നു കരുതി ഇരുകൈ കൊണ്ടും പൊത്തിപ്പിടിച്ചിരിക്കുകയായിരുന്നു അലി അക്ബർ. ഹുസൈൻ പതുക്കെ കൈ മാറ്റി നോക്കിയപ്പോൾ കണ്ട അക്കാഴ്ച ഹുസൈനെ വല്ലാതെ വിഷമിപ്പിച്ചു. അദ്ദേഹം ഇരു കയ്യും കൂട്ടി ആ വായ്ത്തല മേൽ പിടിച്ചു നജഫിന്റെ ഭാഗത്തേക്ക് നോക്കി ഒരു രോദനം: “വിഷ

മിക്കുന്നവന്റെ വിഷമമകറ്റുന്ന എന്റുപ്പാ, ഖൈബറിന്റെ ഇരുമ്പു വാതിൽ കൈ കൊണ്ട് പറിച്ചെടുത്ത അങ്ങേയ്ക്ക് എന്റെ മോന്റെ മാറിൽ തറച്ച ഈ കുന്തമുന പറിച്ചെടുക്കാനുണ്ടോ വല്ല പ്രയാസ വും. ഉപ്പാ, എന്നെ സഹായിക്കൂ.'' തുടർന്ന് 'യാ അലി' എന്നും പറഞ്ഞ് ഹുസൈൻ അതൊരൊറ്റ വലി. കുന്തമുന പുറത്തു പോന്ന് രക്തം പ്രവഹിക്കാൻ തുടങ്ങി. അങ്ങനെ അലി അക്ബർ അന്ത്യ ശ്വാസം വലിച്ചു. ഹുസൈൻ അലി അക്ബറിന്റെ ദേഹം തന്റെ ശരീരം കൊണ്ട് മൂടി.

ഹുസൈൻ ഇനി എന്തു ചെയ്യും? മൃതദേഹം കൂടാരത്തിലേ യ്ക്കെടുക്കാൻ ഇപ്പോൾ ഹുസൈൻ മാത്രം. ഔനില്ല, മുഹമ്മദില്ല, ഖാസിമില്ല, അബ്ബാസില്ല. ഹുസൈൻ തന്റെ മുതുകിൽ മൃതദേഹം വഹിച്ച് ടെന്റിലേയ്ക്കെത്തി. "ഉമ്മു, ലൈലാ, സൈനബ്, ഇതാ അലി അക്ബർ" എന്നു വിലപിച്ചു കൊണ്ട് മൃതദേഹം ഇറക്കി വെച്ചു.

ഇന്നാലില്ലാഹി വഇന്നാ ...<br>
മാത്തം അൽഹുസൈൻ...

## മജ്‌ലിസ് 10

# അലി അസ്ഗർ

ഫാത്തിഹയ്ക്ക് ശേഷം...

ഇന്ന് മുഹർറം പത്താം രാവ്. കർബലാരക്തസാക്ഷികളുടെ ഭൂമിയിലെ അവസാനത്തെ രാവ്. സഹോദരന്മാർക്ക് സഹോദരിമാരോടും സഹോദരിമാർക്ക് സഹോദരന്മാരോടും മക്കൾക്ക് മാതാപിതാക്കളോടും മാതാപിതാക്കൾക്ക് മക്കളോടും ഒത്തുള്ള അവസാന രാവ്. സക്കീനാ മോൾക്ക് ഉപ്പയോടും എളാപ്പയോടും കൂടെയുള്ള ഒടുവിലത്തെ രാവ്. തോരാത്ത കണ്ണീരിന്റെയും തീരാത്ത സങ്കടത്തിന്റെയും രാവ്.

ഉമ്മമാർ കുട്ടികളുടെ കൂടെ ഇരിക്കുകയാണ്. ഉമ്മുലൈല അലി അക്ബറിന്റെ കൂടെ. ഉമ്മുഫർവ ഖാസിമിന്റെ കൂടെ. സൈനബ് ഔനിന്റെയും മുഹമ്മദിന്റെയും കൂടെ. അവർ കുട്ടികളെ പടക്കളത്തിലേയ്ക്ക് പുറപ്പെടീക്കുകയാണ്. മരിക്കാൻ തയ്യാറാക്കുകയാണ്. ബലി നൽകാൻ സന്നദ്ധരാക്കുകയാണ്. അവർക്കറിയാം, ഹുസൈന്റെ വഴി ശരിയാണെന്ന്. ഇസ്‌ലാമിനെ രക്ഷിക്കാനുള്ള വഴി അത് മാത്രമാണെന്ന്.

അബ്ബാസ് ക്യാമ്പിന് കാവൽ നിൽക്കുകയാണ് ഹുസൈനോ? അദ്ദേഹം കൂടാരത്തിൽ കൂടിയ കൂട്ടുകാരോടും അനുയായികളോടും പറയുന്നതെന്താണ്? കൂട്ടുകാരെ, നാളെയാണ് ആശൂറ. എന്നു പറഞ്ഞാൽ ഇന്നത്തെ രാവ് ഭൂമിയിലെ നമ്മുടെ അവസാനത്തെ രാവാണ്. യസീദിന്റെ പട്ടാളക്കാർ നമ്മിൽ ഒരാളെപ്പോലും ബാക്കിയാക്കില്ലെന്നുറപ്പിച്ചോളൂ. അതിനാൽ എന്റെ സുഹൃത്തുക്കളെ, ഈ രാത്രിയുടെ മറ പിടിച്ച് നിങ്ങൾക്കു വേണമെങ്കിൽ രക്ഷപ്പെടാം. എനിക്കൊരെതിർപ്പുമില്ല. ഇത്രയും നിങ്ങൾ സഹിച്ചു കഴിഞ്ഞല്ലോ." ഇതും പറഞ്ഞ് വേണ്ടവർ ആരും കാണാതെ രക്ഷപ്പെട്ടു കൊള്ളട്ടെയെന്നു കരുതി ഇമാം ഹുസൈൻ അവിടെ കത്തിക്കൊണ്ടിരുന്ന വിളക്കണച്ചു. അല്പം കഴിഞ്ഞു വിളക്കു തെളിയിച്ച് നോക്കിയപ്പോൾ എല്ലാവരും അവിടെത്തന്നെയുണ്ട്.

എന്തുകൊണ്ട് അത്രത്തോളം പറഞ്ഞിട്ടും ആരും പോയില്ല? അവർ സത്യം മനസ്സിലാക്കിയവരായതു കൊണ്ടു തന്നെ. ഹുസൈന്റെ വഴിയാണ് സത്യത്തിന്റേതെന്ന് അവർക്കറിയാവുന്നതു കൊണ്ട്. ഇസ്‌ലാമിനെ രക്ഷിക്കണമെങ്കിൽ തങ്ങൾ ആത്മബലി നടത്തിയേ തീരൂ എന്ന ബോധ്യം അവർക്കുള്ളതുകൊണ്ട്. ഇത്തരക്കാരെ സുഹൃത്തുക്കളായി കിട്ടിയതു തന്നെ ഹുസൈന്റെ ഭാഗ്യം. നാം അഭിവാദ്യമറിയിക്കുക, കർബലയിലെ എഴുപത്തിരണ്ട് രക്തസാക്ഷികൾക്കും. കർബലാ ഭൂമിയിൽ തന്റെ സഹോദരന്മാരെയും മച്ചുനന്മാരെയും കുട്ടികളെയും ബലി നൽകിയിട്ടും അവരുടെ ജഡങ്ങൾ ചോരപുരണ്ടു കിടക്കുന്നത് കണ്ടിട്ടും എന്തുമാത്രം ക്ഷമയാണ് ഹുസൈൻ പ്രദർശിപ്പിച്ചത്! അലി അക്ബറിനെ ബലി നൽകിയതിനു ശേഷം ആകാശത്തേക്ക് കണ്ണുയർത്തി ഹുസൈൻ പറയുകയാണ്: “അല്ലാഹുവേ, എനിക്ക് കൂടുതൽ ക്ഷമാശക്തി പ്രദാനം ചെയ്യുക. നിനക്കുവേണ്ടി സമർപ്പിക്കാൻ ഇനി എന്റെ പക്കൽ എന്തുള്ളു?”

ഹുസൈൻ പ്രാർത്ഥിക്കുന്നത് കൂടുതൽ ക്ഷമാശക്തിക്കുവേണ്ടിയാണ്. സ്വന്തം കുടുംബത്തെ ഒന്നടങ്കം ബലി നൽകാൻ ക്ഷമ കുറച്ചൊന്നും പോരല്ലോ. നോക്കൂ കുടുംബത്തിന്റെ ജീവരക്ഷയ്ക്കു വേണ്ടി ഹുസൈൻ പ്രാർത്ഥിക്കുന്നില്ല. എന്തൊരു വലിയ ഹൃദയമായിരുന്നു കർബലയിൽ ഹുസൈന്റേത്. ഔനും മുഹമ്മദും കൊല്ലപ്പെട്ടിരിക്കയാണ്. ഖാസിം ചവിട്ടിയരക്കപ്പെട്ടിരിക്കയാണ്. അബ്ബാസ് യൂഫ്രട്ടീസ് കരയിൽ മരിച്ചു കിടക്കുകയാണ്. അലി അക്ബറിന്റെ നെഞ്ച് ശൂലം കൊണ്ട് കുത്തിപ്പിളർത്തിയിരിക്കയാണ്. ഇതിൽപ്പരം ഇനി എന്ത് ബലി നൽകാനാണ്.

ഇന്ന് അലി അസ്ഗറിന്റെ രാവാണ്. കൊച്ചു പടയാളി അലി അസ്ഗർ. ഏറ്റവും പ്രായം കുറഞ്ഞ ശഹീദ്. ആശൂറാ ദിനം വന്നിരിക്കയാണ്. ഒരോരുത്തരായി ഹുസൈന്റെ ക്യാമ്പിൽ നിന്ന് പടക്കളത്തിലിറങ്ങി പടവെട്ടി രക്തസാക്ഷിത്വം വരിച്ചു കഴിഞ്ഞിരിക്കയാണ്. ഔനും മുഹമ്മദും ഖാസിമും അബ്ബാസും അലി അക്ബറുമെല്ലാം. സമയം അസ്വറായപ്പോൾ ഹുസൈൻ ഏകനാണ്. ഇനി ഹുസൈന്റെതാണ് ഊഴം. ഹുസൈൻ കൂടാരത്തിലുള്ളവരോട് യാത്ര പറഞ്ഞ് അരയിൽ വാൾ ധരിച്ച് ദുൽജനാ എന്ന തന്റെ കുതിരയുടെ പുറത്തു കയറി ഒരു കുന്നിൻ മുകളിൽ ചെന്നു നിന്ന് ഉച്ചത്തിൽ വിളിച്ചു ചോദിക്കുകയാണ്: “ആരുണ്ട് എന്നെ സഹായിക്കാൻ? പ്രവാചകപുംഗവരുടെ പേരമകനെ സഹായിക്കാൻ ആരെങ്കിലുമുണ്ടോ?”

ഹുസൈൻ യസീദിന്റെ പടയാളികൾക്ക് അവസാനത്തെ അവസരം നൽകുകയായിരുന്നു. സ്വയം മുസ്‌ലിംകളാണെന്നും പ്രവാചകനെ പിന്തുടരുന്നവരാണെന്നും അവകാശപ്പെടുന്നവരായിരുന്നല്ലോ അവരും. എന്നാൽ ഹുസൈൻ ചോദിച്ച ചോദ്യത്തിന് ഒരു മറുപടിയു

മുണ്ടായില്ല. അതിനിടയിൽ തന്റെ ക്യാമ്പിൽ നിന്നൊരു കരച്ചിൽ കേട്ട ഹുസൈൻ അങ്ങോട്ടു ചെന്നു. "പെങ്ങളേ സൈനബ്, ഞാനിതാ ഇവിടെ. നീ എന്തിന് കരയുന്നു?"

"ഹുസൈൻ ആരുണ്ട് എന്നെ സഹായിക്കാൻ എന്ന നിന്റെ ചോദ്യം കേട്ട അലി അസ്ഗർ ഇതാ തൊട്ടിലിൽ നിന്നു വീണിരിക്കുന്നു."

അലി അസ്ഗറിന് പറയാനുള്ളത് എന്തെന്ന് ഹുസൈനറിയാമായിരുന്നു. ഹുസൈൻ ഉമ്മുറുബാബിന്റെ മടിയിലിരുന്ന് കരയുകയായിരുന്ന അലി അസ്ഗറിനെ വാങ്ങി കുട്ടിയുടെ ചെവിയിൽ എന്തോ മന്ത്രിക്കേണ്ട താമസം, കുട്ടി കരച്ചിൽ മാറ്റി ഹുസൈനെ നോക്കി പുഞ്ചിരി തൂകി.

"ഉമ്മുറുബാബ്, ഞാൻ യുദ്ധത്തിന് അലി അസ്ഗറിനെയും കൂടെ കൂട്ടിയാണ് പോകുന്നത്. അവനിത്തിരി വെള്ളം കൊടുക്കാൻ കിട്ടിയെങ്കിലോ." ഹുസൈൻ ഇതും പറഞ്ഞ് കുട്ടിയെ ഉടുപ്പണിയിക്കാൻ ഉമ്മുറുബാബിനെ ഏല്പിച്ചു.

ഹുസൈൻ ചെവിയിൽ എന്തു മന്ത്രിച്ചിട്ടാണ് കരഞ്ഞുകൊണ്ടിരുന്ന അലി അസ്ഗർ എന്ന ബാലൻ പുഞ്ചിരിച്ചത്? "ഉപ്പയുടെ കൂടെ യുദ്ധക്കളത്തിലേക്കു വന്ന് നിന്റെ ശക്തിയും ശൗര്യവും ശത്രുക്കളെ കാണിക്കണമെന്നുണ്ടെങ്കിൽ വാ" എന്നാണ് അലി അസ്ഗറിന്റെ ചെവിയിൽ ഹുസൈൻ മന്ത്രിച്ചത്. അത് കേട്ടിട്ടാണ് അലി അസ്ഗർ പുഞ്ചിരിച്ചത്.

ഉമ്മുറുബാബ് അലി അസ്ഗറിനെ അണിയിച്ചൊരുക്കി. ഹുസൈൻ കുട്ടിയെയുമെടുത്ത് പടക്കളത്തിലേയ്ക്കു യാത്രയായി. അലി അസ്ഗറിന് വെയിലേറ്റ് പൊള്ളാതിരിക്കാൻ പുതപ്പിൽ പൊതിഞ്ഞിട്ടാണ് ഹുസൈൻ കൊണ്ടുപോയത്. ഹുസൈൻ എന്തോ കയ്യിൽ പിടിച്ചു കൊണ്ടാണ് യുദ്ധക്കളത്തെ സമീപിക്കുന്നതെന്നു കണ്ട യസീദിന്റെ ഭടന്മാർ പരസ്പരം പറഞ്ഞു തുടങ്ങി: "ഖുർആനും കയ്യിൽ പിടിച്ചാണ് ഹുസൈൻ വരുന്നതെന്നു തോന്നുന്നു. കൂട്ടിനാരുമില്ലാത്തതിനാൽ ഖുർആനെ കൂട്ടുപിടിച്ച് ജയിക്കാമെന്നായിരിക്കാം ഉള്ളിലിരിപ്പ്."

ഹുസൈൻ യസീദിന്റെ പട്ടാളക്കാരുടെ സമീപത്തെത്തി കുട്ടിയെ പുതപ്പിൽ നിന്ന് പുറത്തെടുത്ത് പൊക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞു: "അല്ലയോ യസീദിന്റെ പടയാളികളേ, ഞാൻ നിങ്ങൾക്കു തെറ്റുകാരനായിരിക്കാം. എന്നാൽ ഈ കൊച്ചുകുട്ടി നിങ്ങളോടെന്ത് പിഴച്ചു? ഇതിന്റെ ഉമ്മയുടെ മുലപ്പാൽ വറ്റിയിരിക്കയാണ്. മൂന്നു ദിവസമായി ഇതിനൊരിറ്റ് വെള്ളം കിട്ടിയിട്ട്. ഇത് ദാഹിച്ച് മരിക്കാറായിരിക്കുന്നു. ഒരിത്തിരി വെള്ളം ഈ കുഞ്ഞിന് കൊടുക്കാമോ?"

യസീദിന്റെ ക്യാമ്പിൽ നിന്ന് ഒരാൾ പോലും ആ കുഞ്ഞിന്

ഒരിറക്ക് വെള്ളം കൊടുക്കാൻ തയ്യാറാവാത്തത് കണ്ട് ഹുസൈൻ വീണ്ടും പറഞ്ഞു: "നിങ്ങൾ വെള്ളം എന്റെ കയ്യിൽ തരണ്ട. ഞാൻ വെള്ളം കുടിക്കാതിരിക്കുകയല്ലേ നിങ്ങൾക്കു വേണ്ടൂ. കുട്ടിയെ നിലത്തുവെക്കാം. നിങ്ങൾ തന്നെ കൊടുത്തു കൊള്ളുക ഒരിത്തിരി വെള്ളം എന്റെ കുഞ്ഞിന്. ഇതും പറഞ്ഞ് ഹുസൈൻ കുഞ്ഞിനെ പൊള്ളുന്ന മണലിൽ വെച്ചു. കുട്ടി മണലിൽ കിടന്ന് യസീദിന്റെ ഭടന്മാരെ തുറിച്ച് നോക്കി കൊണ്ടിരുന്നുവെങ്കിലും ഒരാളും അതിന്റെ ചുണ്ടിൽ ഒരിറ്റ് വെള്ളം നനച്ചു കൊടുക്കാൻ കനിഞ്ഞില്ല. ഹുസൈൻ കുഞ്ഞിനെ പൊക്കിയെടുത്തിട്ട് അതിനോട്: അലി അസ്ഗർ, എന്റെ കൊച്ചു പടയാളീ, വാളും കുന്തവും പിടിച്ച് പോരാടാൻ നീ ആയിട്ടില്ല. എങ്കിലും നീ അലിയുടെ പേരമകനാണ്. നീ നാക്ക് കൊണ്ട് നിന്റെ ജിഹാദ് നിർവഹിക്കുക."

അലി അസ്ഗർ തന്റെ വരണ്ട നാക്ക് ചുണ്ടുകൾക്കിടയിലൂടെ പുറത്തേക്കിട്ട് ഉമവിപ്പടയുടെ നേർക്ക് വിചിത്രമായ ഒരു അസ്ത്രം തൊടുത്തുവിട്ടു. അതവരുടെ ഹൃദയത്തിനേറ്റു. അവർക്കുമുണ്ടല്ലോ കുഞ്ഞുങ്ങൾ. അവർ അസ്വസ്ഥരായി. ചിലർ കരഞ്ഞുപോയി. ചിലർ തമ്മിൽ തമ്മിൽ പറഞ്ഞു: "ഹുസൈൻ പറയുന്നത് സത്യമല്ലെ. കുട്ടിയെന്തുപിഴച്ചു? അതിനെ ഇങ്ങനെ ശിക്ഷിക്കുന്നത് ശരിയാണോ? അതിനൊത്തിരി വെള്ളം കൊടുത്താലെന്താ?"

സൈന്യത്തിനിടയിലെ ഈ മുറുമുറുപ്പ് ഉമർ സഅ്ദിനെ അസ്വസ്ഥനാക്കി. 'ഹുർമുലാ..., എന്താണിനിയും കാത്തു നിൽക്കുന്നത്? ആ കുട്ടിയെ നിശബ്ദനാക്കൂ. അറിയില്ലെ, അലിയുടെ പേരമകനാണ് അതെന്ന്? ഉം, വേഗമാവട്ടെ. അമ്പെടുത്ത് തൊടുത്തു വിടുക." ഹുർമുല ആ കൊച്ചിനു നേരെ എയ്തുവിട്ട അമ്പ് ചെറുതായിരുന്നില്ല. മൂന്ന് അഗ്രങ്ങളുള്ള വലിയ ഒരമ്പ്. പിന്നെയുണ്ടായത് കേട്ടാൽ ഹുസൈനികളേ, നിങ്ങൾക്ക് കരച്ചിൽ നിയന്ത്രിക്കാനാവില്ല. കർബലാ മണലാരണ്യത്തിലൂടെ മൂന്നഗ്രങ്ങളുള്ള ആ ശരം അലി അസ്ഗറിന്റെ നേരെ പറന്നു വരുന്നത് കണ്ട ഹുസൈൻ തന്റെ കൈകൾ കൊണ്ട് കുഞ്ഞിനെ പൊത്തിപ്പിടിച്ചു. അങ്ങനെ ഹുസൈന്റെ കൈ തുളച്ച് അമ്പ് അലി അസ്ഗറിന്റെ പിരടിയിൽ ചെന്നു തറച്ചു. അലി അസ്ഗർ ഉടനെ മരിച്ചു. താൻ വെള്ളം കുടിപ്പിക്കാൻ കൊണ്ടുപോയ അലി അസ്ഗർ അമ്പേറ്റ് മരിച്ചതാണ് ഹുസൈൻ കാണുന്നത്. പതുക്കെ ഹുസൈൻ ആ അമ്പ് വലിച്ചെടുത്തു. അന്നേരം അലി അസ്ഗറിന്റെ പിരടിയിൽ നിന്ന് രക്തം പ്രവഹിച്ചു കൊണ്ടിരുന്നു. അന്നേരം ഒരശരീരി: "അലി അസ്ഗറിന്റെ രക്തം ഭൂമിയിൽ വീഴാനനുവദിക്കല്ലേ. ഭൂമി പിന്നെ ഒരു കാലത്തും വിളവ് തരാതിരുന്നേയ്ക്കും." ഹുസൈൻ മേലോട്ട് നോക്കി. അപ്പോൾ വീണ്ടും അശരീരി: "അലി അസ്ഗറിന്റെ രക്തം മേല്പോട്ട് തെറിക്കാൻ സമ്മതിക്കല്ലെ. ആകാശം പിന്നെ ഒരു

കാലത്തും ഒരു മഴത്തുള്ളി പോലും തരാതിരുന്നേക്കും."

ഹുസൈൻ എന്ത് ചെയ്യും? അലി അസ്ഗറിന്റെ രക്തം തന്റെ ദേഹത്താക്കിയിട്ട് ഹുസൈൻ കൂടാരത്തിലേയ്ക്ക് നടന്നു. പക്ഷെ, വെള്ളം കുടിച്ച് തിരിച്ചു ചെല്ലും തന്റെ കുഞ്ഞെന്ന് കരുതി കാത്തിരിക്കുകയായിരുന്ന ഉമ്മുറു ബാബിനോട് എന്ത് പറയും? വെള്ളം കിട്ടാതെ രക്തസാക്ഷിത്വം വഹിച്ചിരിക്കുന്നു അലി അസ്ഗർ എന്നല്ലേ പറയാനുള്ളത്? ഏഴു തവണ ഇന്നാലില്ലാഹിയും ചൊല്ലി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു ഹുസൈൻ. ഒടുവിൽ രണ്ടും കൽപിച്ച് കൂടാരത്തിലെത്തി ഉമ്മുറുബാബിനെ വിളിച്ച് അലി അസ്ഗറിന്റെ മൃതദേഹം വെച്ചു കൊടുത്തിട്ടു പറഞ്ഞു: "ഇതാ റുബാബ്, അലി അസ്ഗറിനെ എടുത്തു കൊള്ളുക. ഇതാ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവത്യാഗം ചെയ്ത ഈ കൊച്ചു പടയാളിയെ."

ഉമ്മുറുബാബ് അലി അസ്ഗറിന്റെ ജഡം വാങ്ങി ഉമ്മ വെച്ച് പൊട്ടിക്കരഞ്ഞപ്പോൾ ഹുസൈൻ: "വരൂ റുബാബ്, വരൂ, ഇനി മതി. നമുക്ക് നമ്മുടെ കുഞ്ഞിന്റെ ദേഹം മറവു ചെയ്യാം." അങ്ങനെ രണ്ടു പേരും ചേർന്ന് കൂടാരത്തിന്റെ പിൻഭാഗത്ത് സുൽഫുഖാർ വാൾ കൊണ്ട് ഒരു കുഴി കുഴിച്ച് അതിൽ അലി അക്ബറിനെ മറവു ചെയ്തു. ഖബറിനു മുകളിൽ തളിക്കാൻ വെള്ളമെവിടെ? ഒടുവിൽ ഹുസൈന്റെ കണ്ണുനീർ കൊണ്ടു വേണ്ടി വന്നു ഖബർ നനയ്ക്കാൻ. നമുക്കും കരയാം. നമ്മുടെ കണ്ണുനീർ അലി അക്ബറിന്റെ ഖബറിന്മേൽ ഒഴുകിയെത്തട്ടെ.

ഇന്നാലില്ലാഹിവഇന്നാ...
ഇല്ലെഹി റാജിഊൻ...
മാത്തം അൽഹുസൈൻ

## മജ്‌ലിസ് 11

# ഹുസൈൻ

ഫാത്തിഹയ്ക്കു ശേഷം...

ഇന്ന് മുഹർറം പത്ത് അഥവാ ആശൂറാ. അലി പക്ഷക്കാർക്ക് തീവ്രവിഷാദത്തിന്റെയും ബാഷ്പാഞ്ജലിയുടെയും ദിനം. ഇമാം ഹുസൈനും എഴുപത്തിരണ്ട് ധീരയോദ്ധാക്കളും കർബലയിൽ രക്ത സാക്ഷിത്വം വരിച്ച മഹാ ബലി ദിനം. അങ്ങനെ അവരിലൂടെ ഇസ്‌ലാം നാശത്തിൽ നിന്നും രക്ഷപ്രാപിച്ച ദിനം.

ആശൂറ. നബിയും അലിയും ഫാത്തിമയും സ്വർഗ്ഗം വിട്ട് എഴു പത്തി രണ്ട് രക്തസാക്ഷികൾക്കു വേണ്ടി നമ്മോടൊപ്പം ഇരുന്നു വില പിക്കാനെത്തുന്ന ദിനം.

ആശൂറ. ദുഃഖത്തിന്റെ ദിനം. ദുരന്തത്തിന്റെ ദിനം. ഇന്ന് നാം ആർക്കുവേണ്ടി കരയും? എന്ത് ചൊല്ലും? എന്ത് ഓർമിക്കും? ഇന്നത്തെ മാത്തം ആർക്കുവേണ്ടി? ഇന്നത്തെ വിലാപം ആരെ ചൊല്ലി?

ഇന്നല്ലെങ്കിൽ പിന്നെ എന്നാണ് നമ്മൾ കരയുക? ഇമാം ഹുസൈന്റെ രക്തസാക്ഷിത്വ മുഹൂർത്തമാണ് പരമ്പരാഗതമായി ഇന്നത്തെ ദിവസം നാം പാരായണം ചെയ്തുവരുന്നത്. പക്ഷെ, അസാ മാന്യമായ ധൈര്യവും മനക്കരുത്തും തന്നെ വേണം ഇമാം രക്ത സാക്ഷിത്വം വരിച്ച ആ രംഗം വിശദമായി വിവരിക്കാൻ.

ഫാത്തിമാബീവിയിതാ ഇവിടെ നമ്മുടെ കൂടെ. സക്കീനയിൽ നിന്നും സൈനബിൽ നിന്നും കുൽഥൂമിൽ നിന്നും അവർക്ക് ഹുസൈ ന്റെ അന്ത്യവിടയെക്കുറിച്ച് കേൾക്കണമെത്രെ.

ആശൂറാദിനോദയത്തിൽ അലി അക്ബർ സുബ്ഹ് ബാങ്ക് വിളി ച്ചു. എല്ലാവരും സുബ്ഹ് നിസ്കരിച്ചു. യസീദിന്റെ പട്ടാളക്കാർ യുദ്ധ കാഹളമൂതി. അങ്ങനെ യുദ്ധം ആരംഭിച്ചു. ഹുസൈന്റെ അനു യായിവൃന്ദത്തിൽ നിന്ന് ഓരോരുത്തരായി പടക്കളത്തിലിറങ്ങി പട

വെട്ടി രക്തസാക്ഷിത്വം വരിച്ചു കൊണ്ടിരുന്നു. ളുഹർ ആയപ്പോഴത്തേക്കും എല്ലാവരും രക്തസാക്ഷിത്വം വരിച്ചു കഴിഞ്ഞു. സൈനബ്ബീവിയുടെ മക്കൾ ഔനും മുഹമ്മദും പടവെട്ടി മരിച്ചു. ഉമ്മുഫർവയുടെ ഏകമകൻ ഖാസിം കൊല്ലപ്പെട്ടു, കുതിരയുടെ ചവിട്ടേറ്റ് ചതഞ്ഞു. ദാഹജലത്തിനായുള്ള സക്കീനയുടെ നിലവിളി സഹിക്കാതെ വെള്ളത്തിനു പോയ അബ്ബാസ് രണ്ടു കൈയ്യും ഛേദിക്കപ്പെട്ട് മരിച്ചു കിടക്കുന്നു. മാറിൽ ആഴത്തിൽ മുറിവേറ്റ് അന്ത്യശ്വാസം വലിച്ചു കിടക്കയാണ് പതിനെട്ടുകാരൻ അലി അക്ബർ. ഹുസൈൻ രാവിലെ തുടങ്ങിയതാണ് എഴുപത്തിരണ്ട് മൃതദേഹങ്ങൾ ഓരോന്നായി കൂടാരങ്ങളിലെത്തിക്കൽ. ദാഹിച്ചും ക്ഷീണിച്ചും മനം തകർന്നും ആ ദൗത്യം ഹുസൈൻ തുടർന്നു. ക്ഷമയ്ക്കു വേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. ഇസ്‌ലാമിനെ രക്ഷിക്കാൻ ബലി നൽകുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

അസ്വറായപ്പോൾ ഹുസൈനും മകൻ അലി അസ്ഗറും മാത്രം അവശേഷിച്ചിരുന്നു. സൈനുൽ ആബിദീനുമുണ്ട്. പക്ഷെ രോഗഗ്രസ്തനാണ്. ദാഹാർത്തനായ കൊച്ചു അലി അസ്ഗറിനെ വെള്ളം കൊടുക്കാൻ കിട്ടുമെന്നു കരുതി യുദ്ധക്കളത്തിലേക്കെടുത്തിട്ട് വെള്ളത്തിനു പകരം അമ്പേൽപ്പിക്കപ്പെട്ടു മരിച്ചു മറവു ചെയ്യേണ്ടി വന്നിരിക്കയാണ്. ഒരൊറ്റ ദിവസത്തിനുള്ളിലാണ് ഇമാമിന് ഈ സംഭവങ്ങളെയെല്ലാം നേരിടേണ്ടി വന്നിരിക്കുന്നത്.

ഇപ്പോൾ ഹുസൈൻ ക്യാമ്പിനു മധ്യത്തിൽ നിൽക്കുന്നു. കൂടാരങ്ങളിലെ സ്ത്രീകൾ മുഴുവൻ ഹുസൈന് ചുറ്റും കൂടി നിൽക്കുന്നു. സൈനബ്, ഉമ്മുകുൽഥൂം, റുഖിയ്യ, കുബറ, സക്കീന, റുബാബ്, ലൈല, ഉമ്മുഫർവ, ഫിസ്സ ഇവരെല്ലാവരും. ഹുസൈൻ ഓരോരുത്തരെയും പേരെടുത്തു വിളിച്ച് യാത്രയും സലാമും പറയുന്നു. അവർ ഹുസൈന് കണ്ണീരിൽ കുതിർന്ന യാത്രയയപ്പ് നൽകുന്നു. അനന്തരം സൈനബിനെയും കൂട്ടി ഹുസൈൻ സൈനുൽ ആബിദീന്റെ രോഗശയ്യക്കടുത്തേക്കു ചെല്ലുന്നു. ബോധമില്ലാതെ കിടക്കുകയായിരുന്ന സൈനുൽ ആബിദീനെ സൈനബ് തട്ടിയുണർത്തിയിട്ട് പറഞ്ഞു: “സജ്ജാദ്, നിന്റെ ഉപ്പയിതാ. സൈനുൽ ആബിദീൻ കണ്ണു തുറന്നു നോക്കിയപ്പോൾ നിറയെ ചോരപ്പാടുകളുള്ള വെള്ളയുടുപ്പിട്ട നിലയിലാണ് ഹുസൈനെ കണ്ടത്. മകനേ സജ്ജാദ് ഉപ്പ യുദ്ധക്കളത്തിലേക്കുള്ള പുറപ്പാടിൽ നിന്നോട് യാത്ര പറയാൻ വന്നതാണ്.”

“അതെന്തിനാണ് നിങ്ങൾ പോകുന്നത്? ഹബീബ് ബിൻ മസാഹിറില്ലെ, അദ്ദേഹമെവിടെ?”

“മോനേ, സജ്ജാദ്, ഹബീബ് കൊല്ലപ്പെട്ടു.”

“എളാപ്പ അബ്ബാസെവിടെ?”

“അബ്ബാസും കൊല്ലപ്പെട്ടു.”

"അലി അക്ബർ?"

"കൊല്ലപ്പെട്ടു."

ഇരുവരും കണ്ണീര് കൊണ്ടായി പിന്നെ സംഭാഷണം.

ഹുസൈൻ പറഞ്ഞു: "മോനേ സജ്ജാദ്, ഇനി ആരെക്കുറിച്ചും ചോദിക്കണ്ട. ഇനി ഞാനും നീയും മാത്രമുണ്ട്."

"അമ്മായീ, എന്റെ വാളിങ്ങെടുക്കൂ" എന്നു പറഞ്ഞുകൊണ്ട് സൈനുൽ ആബിദീൻ എഴുന്നേൽക്കാൻ ഭാവിക്കുകയാണ്.

"എനിക്കെന്റെ ഉപ്പയുടെ ജീവൻ ബാക്കിയായിക്കിട്ടണം."

സൈനുൽ ആബിദീൻ വളരെ പ്രയാസപ്പെട്ട് എഴുന്നേൽക്കാൻ ശ്രമിക്കയാണ്.

"മോനേ സജ്ജാദ്, അരുത്. നീ രോഗിയാണ്. നിന്നെക്കൊണ്ട തിനു പറ്റില്ല. നിന്റെ ജിഹാദ് വരാനിരിക്കുന്നേയുള്ളു. എനിക്കു ശേഷം നിനക്കിവിടെ പലതും ചെയ്യാനുണ്ട്. ക്ലേശങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ കാര്യങ്ങൾ. സത്യത്തിന്റെ പാതയിൽ ഉറച്ചു നിൽക്കുക. സത്യത്തിനും നീതിക്കും വേണ്ടി പോരാടാൻ ആരെയും ഭയപ്പെടരുത്. ഒരിക്കലും ക്ഷമ കൈവിടരുത്. ക്ഷമാശീലരുടെ കൂടെയാണ് അല്ലാഹു ഉള്ളത് എന്നറിയാമല്ലോ. മദീനയിലെത്തിയാൽ എന്റെ സുഹൃത്തുക്കൾക്കും പക്ഷക്കാർക്കും സലാം പറയണം. സത്യത്തിനും നീതിക്കും വേണ്ടിയാണ് നിന്റുപ്പ മരിച്ചതെന്ന് അവരോട് നീ പറയുക. ദാഹിച്ചു വെള്ളം കുടിക്കുമ്പോഴൊക്കെ എന്നെ ഓർക്കാൻ നമ്മുടെ ആൾക്കാരോട് പറയുക. ഫീ അമാനില്ലാഹ്." ഹുസൈനും സൈനബും സൈനുൽ ആബിദീന്റെ താവളം വിട്ടുപോരുമ്പോൾ ഹുസൈൻ സൈനബിനോട് പറഞ്ഞു:

"സൈനബ്, അവസാനമായി എനിക്കൊരു കാര്യം പറയാനുള്ളത്, ഈ സംഘത്തിന്റെ ചുമതല നീ ഏൽക്കണമെന്നാണ്. സജ്ജാദിനെ നന്നായി നോക്കണം. ഇമാമത്ത് നിന്റെ സംരക്ഷണയിലായിക്കൊണ്ടാണ് ഞാൻ അവനെ ഏൽപ്പിക്കുന്നത്. സക്കീന മോളെ പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ മരിച്ചാൽ അവൾ വല്ലാതെ കരയാനിടയുണ്ട്. സൈനബ്, എപ്പോഴും ക്ഷമ നിന്റെ കൈമുതലായിരിക്കണം. ഫീ അമാനില്ലാഹ്."

അങ്ങനെ തന്നെ ആരും സഹായിക്കാനില്ലാതെ ഏകനായി ഹുസൈൻ കുതിരപ്പുറത്തു കയറുമ്പോൾ സൈനബ് സഹായത്തിനു ചെന്നു. അങ്ങനെ ദുൽജനാ ഏതാനും ചുവട് വെച്ചതിനുശേഷം നിന്നുപോയി. ഹുസൈൻ കുതിരയുടെ പുറത്ത് തലോടിക്കൊണ്ട് അതിനോട് പറഞ്ഞു:

"ദുൽജനാ, നിനക്ക് ദാഹവും ക്ഷീണവുമുണ്ടെന്നത് ഞാൻ മനസ്സിലാക്കുന്നുണ്ട്. പുലർച്ച മുതൽ യുദ്ധക്കളത്തിൽ നിന്ന് കൊല്ലപ്പെട്ടവരുടെയെല്ലാം ദേഹങ്ങൾ ക്യാമ്പിലെത്തിക്കാൻ നീ എന്നെ

സഹായിക്കുകയായിരുന്നു. ഇനി എന്നെ യുദ്ധക്കളത്തിലെത്തിക്കുന്ന പണി കൂടി നീ ചെയ്തു തന്നാൽ മതി.'' ഹുസൈൻ ഇങ്ങനെ ഓരോന്നു പറഞ്ഞു കൊണ്ടിരിക്കുന്നതിനിടയിൽ കുതിര കണ്ണീരൊലിപ്പിച്ചു കൊണ്ട് കാൽ ചുവട്ടിലേക്ക് നോക്കുന്നത് ഹുസൈൻ ശ്രദ്ധിച്ചു. അന്നേരം സക്കീന കുതിരയോടു പറയുകയാണ്: "ദുൽജനാ, എന്റുപ്പയെ കൊണ്ടുപോകല്ലെ. കൊണ്ടു പോയാൽ തിരികെ കൊണ്ടു വരില്ലെന്നെനിക്കുറപ്പാണ്. ഇന്ന് കാലത്ത് മുതൽ പോയവരൊന്നും മടങ്ങി വന്നിട്ടില്ലല്ലോ. എല്ലാവരും കൊല്ലപ്പെടുകയല്ലേ ഉണ്ടായത്. ഉപ്പയില്ലാതെ ഞാനെങ്ങനെ ജീവിക്കും?"

ഹുസൈൻ കുതിരപ്പുറത്തു നിന്നിറങ്ങി സക്കീനയെ ആശ്വസിപ്പിക്കുകയും നിന്റെ വല്ല്യമ്മ ഫാത്തിമാബീവി കാത്തിരിക്കുന്നതിനാൽ പോയേ പറ്റൂ എന്നു പറഞ്ഞ് അവളെ സമാധാനിപ്പിക്കുകയും ചെയ്തപ്പോൾ സക്കീനക്ക് ഒരേ ഒരു മോഹമാണുണ്ടായിരുന്നത്. ഉപ്പയുടെ മാറിടത്തിൽ ഒന്നു കയറിക്കിടക്കണം. ഹുസൈൻ മണലിൽ കിടന്ന് സക്കീനയെ മാറിൽ കയറ്റിക്കിടത്തി. ഏതാനും നിമിഷം മാത്രമേ സക്കീന കിടന്നുള്ളു. അനന്തരം അവൾ എഴുന്നേറ്റ് പിതാവിനോട്: "ഉപ്പാ ഇനി നിങ്ങൾ പൊയ്ക്കൊള്ളുക. ഫീ അമാനില്ലാഹ്."

ഹുസൈൻ കുതിരപ്പുറത്തു കയറിയുദ്ധക്കളത്തിലേക്ക് നീങ്ങി. ദാഹിച്ച് അവശനായി, മുറിപ്പെട്ട്, ഹൃദയം തകർന്ന്.

ഹുസൈൻ പൊരുതി. അലിയുടെ മകനായിക്കൊണ്ടു തന്നെ. യസീദിന്റെ അനേകം ഭടന്മാരെ ഹുസൈൻ വകവരുത്തി. അതോടെ ശത്രുക്കൾ പിന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ യൂഫ്രട്ടീസിന്റെ തീരത്തെത്തിയ ഹുസൈൻ അബ്ബാസ് അവിടെ കിടക്കുന്നത് കണ്ടെത്തി. 'അബ്ബാസ് എന്റെ പോരാട്ടം നീ കണ്ടോ? എന്റെ ജിഹാദ് ശ്രദ്ധിച്ചോ? നീ കൂടി ഒപ്പമുണ്ടായിരുന്നെങ്കിൽ നമുക്കൊരുമിച്ച് പോരാടാമായിരുന്നു' ഹുസൈൻ പറഞ്ഞു.

ജിബ്‌രീൽ ആകാശവിതാനത്തിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ വിളിച്ചു പറയുന്നതായി ഹുസൈൻ കേൾക്കുകയാണ്: "ഹുസൈൻ, താങ്കളുടെ ധീരതയിൽ അല്ലാഹു തൃപ്തനാണ്. മതി ഹുസൈൻ, മതി. ഇനി വാൾ താഴെ വെച്ചോളൂ. ഇനി ഇങ്ങോട്ടു പോരിക. ഞങ്ങളിതാ കാത്തിരിക്കുന്നു." ഹുസൈൻ വാൾ താഴെ വെച്ചതു കണ്ട് ശത്രുക്കൾ നാലു ഭാഗത്തുനിന്നും അദ്ദേഹത്തിനെതിരിൽ ആക്രമണം അഴിച്ചുവിട്ടു. അസ്ത്രങ്ങൾ തുരുതുരാ ഹുസൈന്റെ നേരെ പ്രവഹിച്ചു. ഖഡ്ഗങ്ങൾ ഒന്നിനൊന്നു പുറകിലായി വന്നു പതിച്ചു. കല്ലേറുകൾ വന്ന് അദ്ദേഹത്തിന്റെ ദേഹത്ത് കൊണ്ടു ആയിരക്കണക്കിന് മുറിവുകളോടെ രക്തമൊഴുകി ഹുസൈൻ കുതിരപ്പുറത്തു നിന്ന് താഴെ വീണു. അന്നേരം നിലത്തല്ല, ശരശയ്യയിലാണദ്ദേഹം കിടന്നിരുന്നത്.

ഒരു കറുത്ത അടിമ യസീദിന്റെ സൈന്യത്തിൽ നിന്ന് ഇറങ്ങി വന്ന് കഠാരി കൊണ്ട് ഹുസൈന്റെ ശിരസ്സ് ഉടലിൽ നിന്ന് മുറിച്ചു മാറ്റാൻ ശ്രമിക്കയാണ്. ഹുസൈൻ അടിമയോട്: "നീ ബിലാലിനെപ്പോലെയുണ്ട്. വിശുദ്ധ പ്രവാചകരുടെ കൂട്ടുകാരനായിരുന്ന സാക്ഷാൽ ബിലാൽ ഹബശിയെപ്പോലെ. നീ നമസ്കരിച്ചിരിക്കുന്നോ?"

അടിമ കഠാരി വലിച്ചെറിഞ്ഞ് നിലവിളിച്ച് ഓടിപ്പോവുകയാണ്. "ആ മനുഷ്യന്റെ തലയാണോ ഞാൻ മുറിക്കാൻ ഒരുങ്ങിയത്? മരിക്കുമ്പോഴും തന്നെ നമസ്കാരത്തെ കുറിച്ച് ഓർമിപ്പിക്കാൻ മാത്രം ഭക്തനായ ആ നല്ല മനുഷ്യന്റെ. എന്താണ് ഞാനീ ചെയ്യാനൊരുങ്ങിയത്?"

അടുത്തതായി ഹുസൈനെ സമീപിച്ചത് ശിംറ് ആയിരുന്നു. യസീദിന്റെ ഉറ്റവരിൽ ഏറ്റവും ദുഷ്ടൻ. ഇമാം ശിംറിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയിട്ടു പറഞ്ഞു. "എനിക്കറിയാം താങ്കളുടെ ഉദ്ദേശ്യം. ഒരല്പം സമയം തരിക. ഞാനൊന്ന് സുജൂദ് ചെയ്യട്ടെ." ഹുസൈൻ നെറ്റിയിലും കൈകാലുകളിലും തറച്ചു നിന്ന അമ്പുകൾ മുസ്വല്ലയാക്കിയാണ് സുജൂദ് ചെയ്തത്. രണ്ടാമത്തെ സുജൂദിൽ നിന്ന് ശിരസ്സുയർത്താൻ ശിംറ് ഹുസൈനെ സമ്മതിച്ചില്ല.

ഭൂമി വിറകൊണ്ടു. ആകാശം കറുത്തു. ജിബ്രീൽ വിളിച്ചു പറഞ്ഞു: "ഹുസൈൻ കർബലയിൽ കൊല്ലപ്പെട്ടിരിക്കുന്നു."

ഹുസൈന്റെ ശിരസ്സ് കുന്തത്തിൽ കുത്തി ഉയർത്തിയത് കണ്ട സൈനബ ഉച്ചത്തിൽ മൊഴിഞ്ഞു: ഇന്നാലില്ലാഹി വാഹുസൈനാഹ്...

മാത്തം അൽഹുസൈൻ

## മജ്‌ലിസ് 12

# ശാം അൽഗരീബ

ഫാത്തിഹയ്ക്കു ശേഷം...

ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

കർബലാ...

കർബല...

കർബലാ...

ഒറ്റ ദിവസത്തിലാണ് എല്ലാവരും കൊല്ലപ്പെട്ടത്. ഹുസൈനും എഴുപത്തി രണ്ടുപേരും. ഔൻ, മുഹമ്മദ്, ഖാസിം, അബ്ബാസ്, അലി അക്ബർ, അലി അസ്ഗർ, ഹുസൈൻ അങ്ങനെ എല്ലാവരും. ഹുസൈന്റെയും എഴുപത്തിരണ്ട് പേരുടെയും മൃതദേഹങ്ങളും കർബലയുടെ സൈകതഭൂമിയിൽ ഇട്ടേച്ചു പോയിരിക്കയാണ്. കുളിപ്പിക്കാതെ, കഫൻ ചെയ്യാതെ, മറ മാടാതെ, കുതിരക്കുളമ്പുകളുടെ ചവിട്ടേറ്റ അടയാളങ്ങളതാ അവരുടെ ദേഹത്ത്.

സൂര്യൻ ചക്രവാളത്തിൽ അസ്തമിച്ചു. യൂഫ്രട്ടീസ് നദി കരകവിഞ്ഞൊഴുകി. കർബലയിൽ മറ്റൊരു രാവ് കൂടി. ശാം അൽഗരീബ. വല്ലാത്തൊരു ഏകാന്തത! വിഷാദമൂകമാണ് ആ രാവ്. തീയില്ല. വെളിച്ചമില്ല. ഇരുണ്ട രാത്രി. കുട്ടികളുടെയും സ്ത്രീകളുടെയും നിലവിളി മാത്രം ആ മൂകതയെ ഭഞ്ജിക്കുന്നു. ഭർത്താക്കന്മാരെയോർത്ത് വിധവകൾ, ആങ്ങളമാരെ ഓർത്ത് പെങ്ങന്മാർ, കുട്ടികളെ ഓർത്ത് ഉമ്മമാർ, ഉപ്പമാരെ ഓർത്ത് കുഞ്ഞുങ്ങൾ. എല്ലാവരും കരയുകയാണ്. സൈനബ് മാത്രം കരയുന്നില്ല. കണ്ണീരില്ലാഞ്ഞിട്ടാണോ? അല്ല. അവർ കൂടി കരഞ്ഞാൽ പിന്നാരാണ് കരയുന്നവരെ ആശ്വസിപ്പിക്കാനുള്ളത്? ഹുസൈനില്ലല്ലോ ആശ്വാസം നൽകാൻ; അബ്ബാസോ അലി അക്ബറോ ഇല്ലല്ലോ ടെന്റുകൾക്ക് കാവൽ നിൽക്കാൻ. ഇപ്പോൾ എല്ലാറ്റിനും സൈനബാണുള്ളത്.

എന്നാൽ, യസീദിന്റെ ദുഷ്ടന്മാരായ പട്ടാളക്കാർ സ്ത്രീക

ളെയും കുഞ്ഞുങ്ങളെയും കരയാൻ വിട്ട് പോയ്ക്കളയുകയെങ്കിലും ചെയ്യുന്നുണ്ടോ? അതില്ല. അവർ കൂടാരങ്ങളിലേയ്ക്കു വരികയാണ്. സ്ത്രീകളുടെ പക്കലുള്ള സകലതും അവർ കവർച്ച ചെയ്യുകയാണ്. അവരുടെ ഹിജാബുകൾ പോലും വലിച്ചു ചീന്തുകയാണ്.

ബീവിഫാത്തിമയുടെ മക്കളുടെ ശിരസ്സ് നഗ്നമാക്കുകയാണ്. ഉപ്പയുടെ പേര് പറഞ്ഞു കരയുന്ന സക്കീനയുടെ അടുക്കലെത്തിയ ശിംറ് അവളുടെ മുഖത്തടിക്കുകയും അവളുടെ കാതിലെ കമ്മൽ വലിച്ചൂരുകയുമാണ്. സക്കീനാമോളുടെ കാതുകളിൽ നിന്ന് ചോര യൊലിക്കുന്നത് നോക്കി രസിക്കുകയാണ്. ഒടുവിൽ അവർ വസിച്ചി രുന്ന ടെന്റുകൾക്ക് തീ വെക്കുകയാണ്. നിസ്സഹായരായ സ്ത്രീകളും കുട്ടികളും ഒരു ടെന്റ് കത്തുമ്പോൾ മറ്റെ ടെന്റിലേയ്ക്ക് പായുകയാ ണ്. അപ്പോഴത്തേക്ക് അതും പട്ടാളം ചാമ്പലാക്കുകയാണ്. കത്തുന്ന വസ്ത്രവും ചോരയൊലിക്കുന്ന കാതുമായി സക്കീന ഉപ്പാ എന്നു വിളിച്ച് ഓടുകയാണ്. അങ്ങനെ ഏഴാമത്തെ ടെന്റിനും അവർ തീയി ട്ടു. സൈനുൽ ആബിദീൻ ബോധം കെട്ട് കിടക്കുകയാണപ്പോൾ. സൈനബിന് വല്ലാത്തൊരു ബേജാറ്. അവർ കുട്ടിയെ അവിടെ നിന്ന് രക്ഷിച്ചു കൊണ്ടു പോന്നു. അങ്ങനെ എല്ലാ കൂടാരങ്ങളും കത്തിയെ രിഞ്ഞു. സ്ത്രീകൾക്ക് താമസിക്കാൻ സ്ഥലമില്ലാതായി.

അതിനാൽ ഈ രാത്രി 'ശാം അൽഗരീബ' അഥവാ ഭവനരാ ഹിത്യത്തിന്റെ രാവ്. കുട്ടികളെ തിരഞ്ഞ സൈനബിനും ഉമ്മുകുൽഥൂ മിനും കാണാൻ കഴിഞ്ഞത് ചിലർ മരിച്ചു കിടക്കുന്നതാണ്. ചിലർക്ക് കുതിരച്ചവിട്ടേറ്റിട്ടുണ്ട്. ചിലർ കത്തിക്കരിഞ്ഞിട്ടുണ്ട്.

സൈനുൽ ആബിദീൻ കിടക്കുന്നിടത്തേക്ക് എല്ലാവരും ചെന്നുകൂടി. അപ്പോൾ സക്കീനയെ കാണുന്നില്ല. സൈനബ് യുദ്ധ ക്കളത്തിലേയ്ക്ക് കരഞ്ഞു കൊണ്ടോടിയപ്പോൾ കാവൽ ജോലി ഉമ്മു കുൽഥൂം ഏറ്റെടുത്തു. ഒടുവിൽ ഹുസൈൻ മരിച്ചു കിടക്കുന്നിട ത്താണ് സൈനബ് സക്കീനയെ കണ്ടെത്തിയത്. ഹുസൈന്റെ മാറിൽ തല വെച്ചു കിടക്കുകയാണവർ. സൈനബ് സക്കീനയെ പതുക്കെ പിടിച്ചെഴുന്നേല്പിച്ച് വീട്ടിൽ ഉമ്മയുടെ അടുത്തെത്തിച്ചു.

സൈനബ് കുട്ടികളെയും സ്ത്രീകളെയുമെല്ലാം ഒരിടത്ത് ചേർത്ത് പൊട്ടിയ ഒരു ശൂലവും കൈയിലേന്തി കാവൽ നിന്നു. റുബാ ബിന് ഉറങ്ങാൻ കഴിയുന്നില്ല. സൈനബ് റുബാബിനോടു പറഞ്ഞു: "റുബാബ്, അലിയുടെ മകൾ ഇവിടെ കാവൽ നില്ക്കുന്നുണ്ടെന്ന ധൈര്യത്തിൽ നിങ്ങൾ കിടന്നുറങ്ങിക്കൊള്ളുക." റുബാബിന്റെ മറു പടി: "ഞാൻ ഭയപ്പെടുകയല്ല കുഞ്ഞിന്റെ ശബ്ദം കാതിൽ മുഴങ്ങു കയാണ്. അലി അസ്ഗറിന്റെ കരച്ചിൽ കേൾക്കുകയാണ്."

അലി അസ്ഗറിനെ പിരിഞ്ഞ് ആദ്യമായാണ് റുബാബ് നിൽക്കു ന്നത്. അലിഅസ്ഗർ കർബലാ മണലാരണ്യത്തിൽ കിടക്കുമ്പോൾ റുബാബിനെങ്ങനെ ഉറക്കം വരും? അവർ എങ്ങനെ കരച്ചിൽ

നിറുത്തും?

അന്നു രാത്രി വൈകിയതിനു ശേഷം സൈനബിന് ഒരു ദർശനമുണ്ടായി. കുതിരപ്പുറത്ത് ഒരാൾ തന്റെ നേരേ വരുന്നു. സൈനബ് അയാളെ നോക്കിയിട്ടു പറഞ്ഞത്: "അടുത്ത് വരരുത്. കുട്ടികളെ ഇപ്പഴിങ്ങോട്ട് ഉറക്കിയതേയുള്ളൂ. ഇവിടെ ഒന്നുമില്ല. ദയവ് ചെയ്ത് പോവുക." പക്ഷെ അയാൾ അകത്തേക്കുള്ള വരവ് തുടരുക തന്നെയാണ്. സൈനബിന് ദ്വേഷ്യം വന്നു. പൊട്ടിയ ശൂലം ഉയർത്തിപ്പിടിച്ച് അവർ താക്കീത് കൊടുത്തു: "നിറുത്തുന്നതാണ് നല്ലത്. ഇനിയിങ്ങോട്ടടുത്താലുണ്ടല്ലോ, ഞാൻ അലിയുടെ മകളാണെന്നോർത്തിട്ടുമതി!"

കുതിരപ്പുറത്തു കണ്ടയാൾ ഇപ്പോൾ സൈനബിനോട് സംസാരിക്കാൻ തുടങ്ങി: "മകളെ സൈനബ് സ്വന്തം ഉപ്പയെ തിരിച്ചറിയുന്നില്ലേ? ഞാൻ അലിയാണ്." സൈനബ് അലിയുടെ അടുത്തേക്കു പാഞ്ഞു ചെന്നു. ഉപ്പയുടെ കാൽക്കൽ തലവെച്ചിട്ട് ഇങ്ങനെ ചോദിച്ചു: "ഉപ്പാ, നിങ്ങളെവിടെയായിരുന്നു. നിങ്ങൾ വന്നതിൽ ഏറെ സന്തോഷമുണ്ട്. പക്ഷെ കുറച്ചു വൈകി. അലി അക്ബർ കൊല്ലപ്പെട്ടപ്പോൾ നിങ്ങളെവിടെയായിരുന്നു? അബ്ബാസ് കൊല്ലപ്പെട്ടപ്പോൾ, ഹുസൈൻ കൊല്ലപ്പെട്ടപ്പോൾ, നമ്മുടെ ടെന്റുകൾക്ക് തീയിട്ടപ്പോൾ, നമ്മുടെ സ്ത്രീകളുടെ ഹിജാബ് വലിച്ചു കീറിയപ്പോൾ എവിടെയായിരുന്നു നിങ്ങൾ? നിങ്ങളെവിടെയായിരുന്നു?" "മോളെ സൈനബ് നീ ക്ഷീണിച്ചിരിക്കുന്നു. ഞാൻ കാവൽ നിന്നുകൊള്ളാം ഇനി നിങ്ങൾക്ക്. നാളെ നിനക്ക് പലതും ചെയ്യാനുള്ളതാണ്. കുറേ രാത്രികൾ ഉറങ്ങാതിരുന്നതല്ലെ? ഇനിയും ഉറങ്ങാതിരിക്കേണ്ട രാവുകളാണ് നിനക്ക് വരുന്നത്. നീ വിശ്രമിക്ക്. പോയി ഉറങ്ങ്. ഞാനിതാ ഇവിടെ കാവലായിട്ട്. പോയി ഉറങ്ങൂ സൈനബ്."

മാത്തം അൽഹുസൈൻ